# പറളി ഹയർ സെക്കന്ററി സ്കൂൾ

പറളി, പാലക്കാട് – 678612

# PHSS






## അക്കാദമിക്ക് മാസ്റ്റർ പ്ലാൻ

## 2025-26

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## 2025 – 26

**(യു.പി. & ഹൈസ്കൂൾ)**

പറളി ഹയർ സെക്കൻഡറി സ്കൂൾ

**പറളി ഹയർ സെക്കൻഡറി സ്കൂൾ**

പറളി, പാലക്കാട് – 678 612

ഫോൺ : 99465 73300

e-mail:phsparli@gmail.com

# ആമുഖം

2025 – 26 അധ്യയന വർഷത്തെ പി.എച്ച്.എസ്.എസ്. പറളിയുടെ അക്കാദമിക രംഗം ഈ വർഷത്തേക്കുള്ള പൂർണ്ണമായ തയ്യാറെടുപ്പിന്റെ ഉത്പന്നമായ അക്കാദമിക് മാസ്റ്റർ പ്ലാനിന്റെ പ്രകാശനത്തോടൊപ്പം ഒരു കുതിച്ചുചാട്ടത്തിനു ഒരുങ്ങുകയാണ്. വരുംവർഷത്തേക്കുള്ള ഒരു വഴികാട്ടി മാത്രമല്ല, മികച്ച വിദ്യാഭ്യാസ നിലവാരവും സമഗ്രമായ വിദ്യാർത്ഥി വികസനവും ഉറപ്പാക്കുന്നതിനുള്ള നമ്മുടെ വിദ്യാലയത്തിന്റെ പ്രതിബദ്ധതയുടെ തെളിവും കൂടിയാണ് ഈ അക്കാദമിക് പ്ലാൻ. ഈ വിദ്യാലയത്തിലെ മുഴുവൻ അധ്യാപകരുടെയും കൂട്ടായ പരിശ്രമത്തിലൂടെ വളരെ ചിട്ടയോടെ തയ്യാറാക്കിയതാണ് ഈ അക്കാദമിക് മാസ്റ്റർ പ്ലാൻ

**എന്താണ് അക്കാദമിക് മാസ്റ്റർ പ്ലാൻ?**

വിദ്യാഭ്യാസ ലക്ഷ്യങ്ങൾ നേടുന്നതിന് ആവശ്യമായ ലക്ഷ്യങ്ങളും തന്ത്രങ്ങളും പ്രവർത്തനങ്ങളും രേഖപ്പെടുത്തുന്ന സുപ്രധാന രേഖയാണ് അക്കാദമിക് മാസ്റ്റർ പ്ലാൻ. ഇത് ഒരു അധ്യയന വർഷത്തേക്കുള്ള വിദ്യാലയ പ്രവർത്തനങ്ങളുടെ ഒരു മാർഗ്ഗരേഖയായി പ്രവർത്തിക്കുകയും എല്ലാവരും ഒത്തുചേർന്ന് പൊതുലക്ഷ്യങ്ങൾക്കായി പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പാക്കുകയും ചെയ്യുന്നു. നമ്മുടെ 2025 – 26 അധ്യയന വർഷത്തെ അക്കാദമിക് മാസ്റ്റർ പ്ലാൻ വിദ്യാർത്ഥികളുടെ പാഠ്യ – പാഠ്യേതര അനുഭവങ്ങൾ മെച്ചപ്പെടുത്തുന്നതിനും അധ്യാപകരെ പിന്തുണയ്ക്കുന്നതിനും മുഴുവൻ വിദ്യാർത്ഥികളെയും പഠന പ്രക്രിയയിൽ ഉൾപ്പെടുത്തുന്നതിനുമായാണ് രൂപകല്പന ചെയ്തിരിക്കുന്നത്.

**മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിലെ ഘട്ടങ്ങൾ**

പദ്ധതിയുടെ പ്രസക്തിയും ഫലപ്രാപ്തിയും ഉറപ്പാക്കുന്നതിന് നമ്മുടെ മുഴുവൻ അധ്യാപകരെയും ഉൾപ്പെടുത്തി ഒരു ദിവസത്തെ മാസ്റ്റർ പ്ലാൻ ശില്പശാല സംഘടിപ്പിച്ചു. ഈ ശില്പശാല മാസ്റ്റർ പ്ലാൻ രൂപപ്പെടുത്തുന്നതിൽ നിർണായക പങ്കുവഹിച്ചു.

**അക്കാദമിക് മാസ്റ്റർ പ്ലാനിന്റെ പ്രാധാന്യത്തെക്കുറിച്ചുള്ള ബോധവത്കരണം.**

വ്യക്തവും സമഗ്രവുമായ ഒരു അക്കാദമിക് മാസ്റ്റർ പ്ലാൻ ഉണ്ടായിരിക്കുന്നതിന്റെ പ്രാധാന്യത്തെക്കുറിച്ച് അധ്യാപകരെ ബോധവത്കരിക്കുക ലക്ഷ്യമിട്ട് മെയ് മാസം ഒന്നാംവാരം ശില്പശാല സംഘടിപ്പിച്ചു. വ്യക്തമായ ആസൂത്രണംകൊണ്ട് മാത്രമെ പാഠ്യ – പാഠ്യേതര പ്രവർത്തനങ്ങളുടെ കാര്യക്ഷമത ഉറപ്പു വരുത്താൻ സാധിക്കൂ എന്ന കാര്യം ശില്പശാലയിൽ ഊന്നിപ്പറഞ്ഞു.

**ആശയങ്ങളുടെ 'ബ്രെയിൻ സ്റ്റോമിങ്' (Brain Storming)**

മാസ്റ്റർ പ്ലാനിന്റെ ആവശ്യകത ബോധ്യപ്പെടുത്തിയ ശേഷം, ഈ വർഷം എന്തെല്ലാം പ്രവർത്തനങ്ങൾ ചെയ്യാം എന്നതിനുള്ള ഒരു കൂട്ടായ ചർച്ച സംഘടിപ്പിച്ചു. അധ്യാപകരെ അവർ കൈകാര്യം ചെയ്യുന്ന വിഷയങ്ങളെ അടിസ്ഥാനമാക്കി ഗ്രൂപ്പുകളായി തിരിച്ചാണ് ചർച്ച ചെയ്തത്. കുട്ടികൾ ഏതെങ്കിലും തരത്തിലുള്ള ഗുണപ

രമായ നൈപുണികൾ ആർജ്ജിക്കാനോ മെച്ചപ്പെടുത്താനോ കഴിയുന്ന തരത്തിലുള്ള പുതുമയുള്ളതും ക്രിയാത്മകവുമായ പരിപാടികളും പ്രവർത്തനങ്ങളും ഉൾപ്പെടുത്താൻ പ്രത്യേകം നിർദ്ദേശം നൽകി. ഉൾപ്പെടുത്തുന്ന പ്രവർത്തനങ്ങൾ സമഗ്രവും മാറിക്കൊണ്ടിരിക്കുന്ന ആവശ്യങ്ങളോടും സാഹചര്യങ്ങളോടും പൊരുത്തപ്പെടാൻ പര്യാപ്തവുമാണെന്ന് ഉറപ്പാക്കി. ഒപ്പം ഭിന്നശേഷിക്കാരായ കുട്ടികൾക്ക് കൂടി പങ്കെടുക്കാൻ പര്യാപ്തമായ പ്രവർത്തനങ്ങൾ ഉൾപ്പെടുന്നുണ്ട് എന്ന് ഉറപ്പുവരുത്തി.

**ഘടനയെക്കുറിച്ചുള്ള ചർച്ച**

ഓരോ സബ്ജക്റ്റ് കൗൺസിലിന്റെയും ക്ലബ്ബുകളുടെയും പ്രവർത്തനങ്ങൾ എഴുതി തയ്യാറാക്കുമ്പോൾ ഏകീകൃതരൂപം ഉണ്ടാവുന്നതിനായി പ്ലാൻ തയ്യാറാക്കുന്നതിന്റെ ഘടനയെക്കുറിച്ച് കൃത്യമായ ധാരണ നൽകി. പ്രവർത്തനത്തിന്റെ/പരിപാടിയുടെ പേര്, പരിപാടി എന്താണ് എന്ന ഒരു ചെറുവിവരം, പ്രവർത്തനത്തിലൂടെ കുട്ടി ആർജിക്കുന്ന നേട്ടങ്ങൾ (Expected Outcome), പ്രവർത്തനം എങ്ങനെ നടത്തുന്നു എന്ന് വ്യക്തമായി വിവരിക്കുന്ന പ്രക്രിയ (Process), പ്രവർത്തനത്തിന് പ്രതീക്ഷിക്കുന്ന ചെലവ് (Budjet), പ്രവർത്തന കാലാവധി (Duration), തിയ്യതി (Date), വേദി (Venue), ചുമതല വഹിക്കുന്ന അധ്യാപകർ (Teachers In Charge) എന്നിവയാണ് പൊതുഘടനയിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചത്.

**'പ്രതീക്ഷിക്കുന്ന ഫലങ്ങളുടെ' പ്രാധാന്യം** (Importence of Expected Outcome)

മാസ്റ്റർ പ്ലാൻ വർക്ക്ഷോപ്പിൽ ഏറ്റവും പ്രാധാന്യത്തോടെ ഊന്നിപ്പറഞ്ഞ കാര്യം 'പ്രതീക്ഷിക്കുന്ന ഫലങ്ങളുടെ' (Expected Outcome) പ്രാധാന്യത്തെക്കുറിച്ചായിരുന്നു. കുട്ടികൾക്കായി നടത്തുന്ന ഓരോ പ്രവർത്തനങ്ങൾക്കും പരിപാടികൾക്കും അവസാനം ഇതുകൊണ്ട് കുട്ടികൾക്ക് എന്ത് പഠനനേട്ടം/ശേഷി/നൈപുണ്യം കൈവരിക്കാൻ സാധിക്കുന്നു എന്നത് മുൻകൂട്ടി മനസ്സിലാക്കിയശേഷം മാത്രം ഉചിതമായ പരിപാടികൾ ആസൂത്രണം ചെയ്യാൻ തീരുമാനിച്ചു.

വിദ്യാഭ്യാസപരമായ പഠന നേട്ടങ്ങൾക്ക് പുറമെ വിദ്യാർത്ഥികളുടെ സാമൂഹികവും വൈകാരികവുമായ വളർച്ചയടക്കം അവരുടെ സമഗ്ര വികസനത്തിലും ശ്രദ്ധ കേന്ദ്രീകരിക്കുന്ന Outcomes മുന്നിൽ കണ്ടുകൊണ്ടുള്ള പരിപാടികളാണ് ഓരോ ക്ലബ്ബുകളും സബ്ജക്റ്റ് കൗൺസിലുകളും ആസൂത്രണം ചെയ്തിട്ടുള്ളത്.

**പ്രക്രിയ (Process)**

ആസൂത്രണം ചെയ്ത പരിപാടികളും പ്രവർത്തനങ്ങളും ഫലപ്രദമായി കുറ്റമറ്റ രീതിയിൽ നടപ്പാക്കുന്നതിനായി പ്രസ്തുത പ്രവർത്തനങ്ങളുടെ വിശദമായ പ്രക്രിയ (Process) എഴുതി തയ്യാറാക്കി പ്ലാനിൽ ഉൾപ്പെടുത്തി.

**ബഡ്ജറ്റ് (Budjet)**

ഓരോ പ്രവർത്തനങ്ങൾക്കും വരുന്ന ഏകദേശ സാമ്പത്തിക ചെലവ് പ്ലാനിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

**കാലാവധി (Duration)**

ഓരോ പ്രവർത്തനങ്ങളും പൂർത്തീകരിക്കാൻ എടുക്കുന്ന സമയം മണിക്കൂർ ആയോ, ദിവസം/ദിവസങ്ങൾ ആയോ ആഴ്ചകൾ ആയോ, മാസങ്ങൾ ആയോ രേഖപ്പെടുത്തിയിട്ടുണ്ട്.

പറളി ഹയർ സെക്കൻഡറി സ്കൂൾ

**തിയ്യതി (Date)**

കാലാവധിക്ക് പുറമെ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്ന ദിവസം (തീയതി) പ്ലാനിൽ സൂചിപ്പിച്ചിട്ടുണ്ട്. ഒന്നിൽ കൂടുതൽ ദിവസം നീണ്ടു നിൽക്കുന്ന പരിപാടികളാണെങ്കിൽ പരിപാടിയുടെ ആരംഭദിവസം പ്ലാനിൽ സൂചിപ്പിച്ചിട്ടുണ്ട്.

**പങ്കെടുക്കുന്ന കുട്ടികളുടെ എണ്ണം (Number of students involved)**

ഓരോ പ്രവർത്തനങ്ങളും ആസൂത്രണം ചെയ്യുന്ന സമയത്ത് തന്നെ അതിൽ പങ്കെടുക്കുന്ന കുട്ടികളുടെ എണ്ണം തിട്ടപ്പെടുത്തി രേഖപ്പെടുത്തിയിട്ടുണ്ട്.

**ചുമതല വഹിക്കുന്ന അധ്യാപകർ (Teachers in Charge)**

ആസൂത്രണം ചെയ്ത ഓരോ പരിപാടികൾക്കും നേതൃത്വം നൽകാനുള്ള അധ്യാപകർ ആരെന്ന് പ്ലാനിൽ സൂചിപ്പിച്ചിട്ടുണ്ട്.

വിശദമായ മാസ്റ്റർ പ്ലാനിന് പുറമെ, ഓരോ മാസത്തെയും പ്രവർത്തനങ്ങൾ ഒറ്റനോട്ടത്തിൽ മനസ്സിലാക്കാൻ സാധിക്കുന്ന തരത്തിലുള്ള ഒരു അക്കാദമിക് മാസ്റ്റർ പ്ലാൻ കലണ്ടറും തയ്യാറാക്കിയിട്ടുണ്ട്. വിദ്യാഭ്യാസവകുപ്പിന്റെ അക്കാദമിക് കലണ്ടർ മാതൃകയിലാണ് ഇത് തയ്യാറാക്കിയിട്ടുള്ളത്.

പി.എച്ച്.എസ്.എസ് പറളിയുടെ അക്കാദമിക് മാസ്റ്റർ പ്ലാൻ വെറും ഒരു രേഖ മാത്രമല്ല, ഇവിടുത്തെ വിദ്യാർത്ഥികളുടെയും സ്ഥാപനത്തിന്റെയും ഭാവി ദർശനമാണ്. ഈ പദ്ധതിയുടെ ഓരോ ഘട്ടത്തിലും (ബോധവത്കരണം, ആശയവിനിമയം, ഘടന ചിട്ടപ്പെടുത്തൽ, ആസൂത്രണം ചെയ്യൽ) ഉണ്ടായ ഞങ്ങളുടെ അധ്യാപകരുടെ സഹകരണവും അർപ്പണ മനോഭാവവും കൂട്ടായ പരിശ്രമവുമാണ് ഈ പരിവർത്തന യാത്രയ്ക്ക് ഞങ്ങളെ സജ്ജരാക്കുന്നത്. വ്യക്തമായ ലക്ഷ്യങ്ങളും ചിട്ടയായ നടപ്പാക്കലും മികവിനോടുള്ള പ്രതിബദ്ധതയും കൂടിച്ചേരുമ്പോൾ പി.എച്ച.എച്ച്.എസ് പറളി അക്കാദമിക നേട്ടത്തിലും സമഗ്ര വികസനത്തിലും പുതിയ ഉയരങ്ങൾ കൈവരിക്കാൻ തയ്യാറാവുകയാണ്. മികച്ച അക്കാദമിക നേതൃത്വം നൽകുന്ന പ്രധാനാധ്യാപികയും, ടീം സ്പിരിറ്റോടെ പ്രവർത്തിക്കുന്ന അധ്യാപക - അനധ്യാപകരും, പരിപൂർണ പിന്തുണ നൽകുന്ന പി.ടി.എയും ഭൗതിക സൗകര്യങ്ങളെല്ലാം ഒരുക്കിത്തന്ന് പൂർണ പിന്തുണ നൽകുന്ന സ്കൂൾ മാനേജ്മെന്റ് കമ്മിറ്റിയുമാണ് മുന്നോട്ടുള്ള പ്രയാണത്തിൽ ഈ വിദ്യാലയത്തിന്റെ കരുത്ത്.

മുന്നോട്ട് പോകുമ്പോൾ ഈ മാസ്റ്റർ പ്ലാനിൽ വിവരിച്ചിരിക്കുന്ന ആഗ്രഹങ്ങൾ സാക്ഷാത്കരിക്കുന്നതിന് ഞങ്ങളുടെ അധ്യാപകർ, പി.ടി.എ, വിദ്യാർത്ഥികൾ, അനധ്യാപകർ, മാനേജ്മെന്റ്, പൂർവ്വവിദ്യാർത്ഥികൾ എന്നിവരുടെ കൂട്ടായ പരിശ്രമം നിർണ്ണായകമാണ്. ഒറ്റക്കെട്ടായി നിന്ന് ഞങ്ങൾ വിദ്യാർത്ഥികളുടെയും അവരുടെ കുടുംബങ്ങളുടെയും വിദ്യാഭ്യാസ പ്രതീക്ഷകൾ നിറവേറ്റുക മാത്രമല്ല, അതിനപ്പുറത്തേക്ക് തികച്ചും മാതൃകാപരമായ ഒരു ഉത്തമ സൂഹത്തെ വാർത്തെടുക്കുക കൂടി ചെയ്യാൻ പ്രതിജ്ഞാബദ്ധരാണ്.

**കൺവീനർ,**

അക്കാദമിക് മാസ്റ്റർ പ്ലാൻ കമ്മിറ്റി.

# ഉള്ളടക്കം


| വിഷയം | പേജ് |
|---|---|
| **ചരിത്രത്തിലേക്ക്** | 10 |
| **കായിക നേട്ടങ്ങൾ** | 11 |
| നമ്മുടെ വിദ്യാലയം - അടിസ്ഥാന സൗകര്യങ്ങൾ | 15 |
| ഡിവിഷനുകളുടെ എണ്ണം | 15 |
| വിദ്യാർത്ഥികളുടെ എണ്ണം | 15 |
| ഭൗതിക സൗകര്യങ്ങൾ | 16 |
| എസ്.എസ്.എൽ.സി വിജയം | 17 |
| ഭൗതിക സൗകര്യങ്ങൾ (ഉൾപ്പെടുത്തേണ്ടവ) | 17 |
| **Staff Details** | 18 |
| **മലയാളം** | 20 |
| അക്ഷരങ്ങളിലേയ്ക്ക്... | 21 |
| മികവിൽ നിന്നും മികവിലേക്ക് | 21 |
| എന്നിലെ എഴുത്തുകാരൻ/എഴുത്തുകാരി | 22 |
| വായനാദിനം | 23 |
| ബഷീർ ദിനാചരണം | 24 |
| കർഷക ദിനാഘോഷം | 25 |
| വയലാർ ദിനം | 26 |
| നവംബർ ഒന്ന് - മലയാള ഭാഷാദിനം | 27 |
| തുഞ്ചൻ ദിനം | 28 |
| ആശാൻ ദിനം | 29 |
| **മലയാളം (യു.പി. വിഭാഗം)** | 30 |
| വിദ്യാരംഗം രൂപീകരണം | 31 |
| വായനാദിനം | 32 |
| ബഷീർ ദിനം | 33 |
| കാർഷിക ദിനം | 34 |
| ലോക നാട്ടറിവ്ദിനം | 35 |
| കേരളപ്പിറവി | 36 |
| മാതൃഭാഷാദിനം | 37 |
| ഉണർവ്വ് | 38 |
| കിരണം | 39 |
| **സംസ്കൃതം (യു.പി & ഹൈസ്കൂൾ)** | 40 |
| സംസ്കൃതം ക്ലബ്ബ് രൂപീകരണം | 41 |
| വായനാദിനം | 42 |
| യോഗാദിനം | 43 |
| രാമായണ മാസാചരണം | 44 |


പറളി ഹയർ സെക്കൻഡറി സ്കൂൾ

| വിഷയം | പേജ് |
|---|---|
| സംസ്കൃത ദിനം | 45 |
| കേരളപ്പിറവി | 46 |
| കൈത്താങ്ങ് | 47 |
| സർഗ്ഗ കളരി | 48 |
| നിറവ് | 49 |
| **അറബിക് (യു.പി. & എച്ച്.എസ്)** | 50 |
| അറബിക് | 51 |
| അന്താരാഷ്ട്ര അറബിക് ഡേ | 52 |
| **ഇംഗ്ലീഷ് (ഹൈസ്കൂൾ)** | 53 |
| International Day Against Drug Abuse | 54 |
| World Nature Conservation Day | 54 |
| Book Review Event Celebrating R.K. Narayan's Birthday | 55 |
| Classroom Activities on Arundhati Roy's Birthday - | 55 |
| Imaginary Interview with Anita Nair | 56 |
| Short Film Presentation on Cancer Patients | 57 |
| **ഇംഗ്ലീഷ് (യു.പി. വിഭാഗം)** | 58 |
| **ഹിന്ദി (ഹൈസ്കൂൾ)** | 68 |
| ലോക പരിസ്ഥിതിദിനം | 69 |
| ബാലവേല വിരുദ്ധ ദിനം | 70 |
| വായനാദിനം | 71 |
| പ്രേംചന്ദ് ജയന്തി | 72 |
| സ്വാതന്ത്ര്യദിനം | 73 |
| ഹിന്ദി ദിവസം | 74 |
| ഗാന്ധി ജയന്തി | 76 |
| ശിശുദിനം | 77 |
| റിപ്പബ്ലിക് ദിനം | 78 |
| **ഹിന്ദി (യു.പി. വിഭാഗം)** | 79 |
| ലോക പരിസ്ഥിതിദിനം | 81 |
| വായനാദിനം | 82 |
| ലോക മയക്കുമരുന്ന് നിരോധന ദിവസം | 83 |
| മുൻഷി പ്രേംചന്ദ് ജയന്തി | 84 |
| സ്വാതന്ത്ര്യദിനം | 85 |
| അധ്യാപക ദിനം | 86 |
| ഹിന്ദി ദിനം | 87 |
| ഗാന്ധി ജയന്തി | 88 |
| ശിശുദിനം | 89 |
| ക്രിസ്മസ് | 90 |
| റിപ്പബ്ലിക് ദിനം | 91 |


പറളി ഹയർ സെക്കൻഡറി സ്കൂൾ

| വിഷയം | പേജ് |
|---|---|
| **സയൻസ് (ഹൈസ്കൂൾ)** | 92 |
| ലോക പരിസ്ഥിതി ദിനം | 93 |
| ലഹരി വിരുദ്ധ ദിനം | 95 |
| ചാന്ദ്രദിനം | 96 |
| സ്കൂൾതല ശാസ്ത്രമേള | 97 |
| സ്കൂൾതല ഭക്ഷ്യമേള | 98 |
| ഓസോൺ ദിനം | 99 |
| പഠനയാത്ര | 100 |
| അന്താരാഷ്ട്ര ശാസ്ത്രദിനം | 102 |
| ലോക എയ്ഡ്സ് ദിനം | 103 |
| ഫിസിക്സ്, കെമിസ്ട്രി, ബയോളജി എന്നീ വിഷയങ്ങളിൽ | |
| അക്കാദമിക നിലവാരം കൂട്ടാനുള്ള തനതു പരിപാടികൾ | 104 |
| **ബേസിക് സയൻസ് (യു.പി വിഭാഗം)** | |
| ആമുഖം | 106 |
| ലോക പരിസ്ഥിതി ദിനം | 107 |
| ലഹരി വിരുദ്ധ ദിനം | 108 |
| ചാന്ദ്രദിനം | 109 |
| സ്കൂൾ ശാസ്ത്രമേള | 110 |
| ഭക്ഷ്യമേള | 111 |
| ഓസോൺ ദിനം | 112 |
| അന്താരാഷ്ട്ര ശാസ്ത്ര ദിനം | 113 |
| ലോക എയ്ഡ്സ് ദിനം | 114 |
| പഠന യാത്ര | 114 |
| യൂണിറ്റ് ടെസ്റ്റ് | 115 |
| കോച്ചിങ് ക്ലാസ് | 115 |
| **സോഷ്യൽ സയൻസ് (ഹൈസ്കൂൾ)** | |
| ആമുഖം | 117 |
| അക്കാദമിക പ്രവർത്തനങ്ങൾ | 120 |
| ലോക ജനസംഖ്യാദിനം | 120 |
| ഹിരോഷിമ - നാഗസാക്കിദിനം | 121 |
| ഭരണഘടനാദിനം | 121 |
| ഗാന്ധി ജയന്തി ദിനാഘോഷം | 122 |
| **സോഷ്യൽ സയൻസ് (യു.പി വിഭാഗം)** | |
| ലഹരി വിരുദ്ധ ദിനം (യു.പി) | 124 |
| ലോക ജനസംഖ്യ ദിനം (യു.പി) | 125 |
| ഹിരോഷിമാദിനം, നാഗസാക്കി ദിനം | 126 |
| ഫീൽഡ് ട്രിപ്പ് & സ്റ്റഡി ടൂർ സൈലന്റ്‌വാലി | |
| നാഷണൽ പാർക്കിലേക്കുള്ള പഠനയാത്ര | 127 |

| വിഷയം | പേജ് |
|---|---|
| ഗാന്ധി ജയന്തി | 128 |
| റിപ്പബ്ലിക് ദിനം | 129 |
| **ഗണിത പ്രവർത്തന പദ്ധതി (ഹൈസ്കൂൾ)** | |
| ഗണിത പ്രവർത്തന പദ്ധതി | 131 |
| പ്ലസ് (+) | 132 |
| മൈനസ് (-) | 132 |
| Multiple (x) | 133 |
| Power | 133 |
| പാസ്കൽ ദിനാഘോഷം ഹൈസ്കൂൾ | 134 |
| മാത്സ് മോഡൽസ് സ്റ്റിൽ മോഡൽ നിർമ്മാണം ഹൈസ്കൂൾ | 134 |
| മാത്സ് അസംബ്ലി | 135 |
| ഗണിത അസംബ്ലി ഹൈസ്കൂൾ | 135 |
| മാത്സ് ക്വിസ് | 136 |
| ഗണിതപൂക്കളം | 136 |
| ജോമെട്രിക്കൽ പാറ്റേൺ നിർമ്മാണം ഹൈസ്കൂൾ | 136 |
| ഗണിത ശില്പശാല | |
| ഗണിത ശില്പശാലയും അഥിതി ക്ലാസ്സും | 137 |
| ഗണിതശാസ്ത്രമേള സ്കൂൾതല ഗണിതമേള | 138 |
| ഗണിത പഠനയാത്ര ഹൈസ്കൂൾ | 138 |
| ഗണിത സെമിനാർ ശകുന്തളാ ദേവി ജന്മദിനാഘോഷം | 139 |
| Geogebra Workshop | 139 |
| ദേശീയ ഗണിതശാസ്ത്ര ദിനം രാമാനുജൻ ജന്മദിനം | 140 |
| രംഗോലി വരയ്ക്കൽ | 141 |
| **ഗണിത പ്രവർത്തന പദ്ധതി (യു.പി. വിഭാഗം)** | 142 |
| ഗണിത പുസ്തകം പരിചയപ്പെടുത്തൽ | 143 |
| Geometrical Pattern | 144 |
| ഗണിത പൂക്കളം | 145 |
| Maths Quiz (U.P.) | 146 |
| ഒറിഗാമി ശില്പശാല | 146 |
| രംഗോളി | 147 |
| Tangram | 147 |
| Star Making | 148 |
| Maths Puzzle | 148 |
| **കായികം യു.പി. & ഹൈസ്കൂൾ** | |
| യോഗദിനം | 150 |
| ഒളിമ്പിക്സ് ദിനം | 150 |
| ലഹരി വിരുദ്ധ ദിനം | 150 |
| ജൂൺ മാസം മുതൽ കായിക വിദ്യാഭ്യാസം | 151 |

| വിഷയം | പേജ് |
|---|---|
| **കലോത്സവം** | |
| ആമുഖം | 154 |
| **കലാ പ്രവർത്തനങ്ങൾ** | |
| ഫസ്റ്റ് ടേം | 156 |
| സെക്കന്റ് ടേം | 156 |
| തേർഡ് ടേം | 157 |
| **ലൈബ്രറി** | 159 |
| **വിജയശ്രീ** | |
| അക്കാദമിക പ്രവർത്തനങ്ങൾ | 161 |
| **യു.എസ്.എസ്. പരിശീലനം** | 162 |
| **എൻ.സി.സി.** | |
| പരിസ്ഥിതി ദിനം | 165 |
| എൻ.സി.സി സെലക്ഷൻ | 166 |
| ദേശീയ യോഗ ദിനം എൻ.സി.സി. കേഡറ്റുകൾ ... | 167 |
| ലഹരി ബോധവത്ക്കരണം | 168 |
| കാർഗിൽ ദിനാചരണം | 169 |
| ആർമി ഡേ | 170 |
| സോഷ്യൽ വർക്ക് (സ്വച്ഛ് ഭാരത് അഭിയാൻ) | 171 |
| **ജെ.ആർ.സി** | |
| ലഹരി വിരുദ്ധ ദിനം | 174 |
| സ്വാതന്ത്ര്യദിനം | 174 |
| B ലെവൽ എക്സാം | 174 |
| ഗാന്ധി ജയന്തി | 175 |
| സെമിനാർ | 175 |
| റിപ്പബ്ലിക് ദിനം | 175 |
| A ലെവൽ എക്സാം | 176 |
| **ലിറ്റിൽ കൈറ്റ്സ്** | |
| Academic Calendar | 178 |
| Photography Workshop On World Photography Day | 178 |
| Robotic Fest | 178 |
| Field Survey E-Waste Management | 179 |
| Club Activities | 179 |
| **പ്രവർത്തി പരിചയം** | 180 |
| **Work integrated education** | 181 |
| **സ്കൂൾതല വർക്ക് എക്സ്പീരിയൻസ് മേള** | 182 |
| സ്കൂൾ വിനോദ പഠനയാത്രകൾ | 183 |
| അക്കാദമിക് മാസ്റ്റർ പ്ലാൻ കമ്മിറ്റി | 189 |


***

പറളി ഹയർ സെക്കൻഡറി സ്കൂൾ

## ചരിത്രത്തിലേക്ക്

പറളിയിലെ ഒരു കൂട്ടം സജ്ജനങ്ങളുടെ സഹായ സഹകരണത്തോടെ 1946-ൽ സ്ഥാപിതമായ പറളി ഹൈസ്കൂൾ എട്ട് പതിറ്റാണ്ടുകൾ പൂർത്തിയാക്കുകയാണ്. പിന്നിട്ട കാലയളവിൽ ശ്രദ്ദേയമായ ഒട്ടേറെ നേട്ടങ്ങൾ ഈ കലാലയത്തിനു സ്വന്തമാക്കാൻ കഴിഞ്ഞിട്ടുണ്ട്. പറളിയുടെ സാമൂഹിക സാംസ്കാരിക സാമ്പത്തിക കാർഷിക വ്യാവസായിക രാഷ്ട്രീയ മേഖലകളെ പ്രചോദിപ്പിച്ച നിരവധി പ്രതിഭകളെ ഈ കലാലയം വളർത്തിയെടുത്തിട്ടുണ്ട്.

അധ്യാപകരും കഥാകൃത്തുമായ ശ്രീ മുണ്ടൂർ കൃഷ്ണൻകുട്ടി, ശ്രീ മുണ്ടൂർ സേതുമാധവൻ, ഭാരതീയ വായുസേന വിങ് കമാൻഡർ ശ്രീ സുന്ദരൻ ചെറുവത്തൂർ, പ്രമുഖ ചാർട്ടേഡ് അക്കൗണ്ടന്റ് ശ്രീ വേണുഗോപാല ചന്ദ്ര ഗോവിന്ദൻ, പാലക്കാട് ജില്ലാ കളക്ടർ, ചീഫ് സെക്രട്ടറി, ആദ്യത്തെ വിവരാവകാശ കമ്മീഷണർ എന്നീ നിലകളിൽ പ്രശസ്തനായ ശ്രീ പാലാട്ട് മോഹൻദാസ്, പ്രമുഖ ചലച്ചിത്ര നടനും സംവിധായകനും ഗ്രന്ഥകർത്താവുമായ ശ്രീ മധുപാൽ, സാഹിത്യ നിരൂപകൻ ശ്രീ രഘുനാഥ് പറളി, പ്രശസ്ത കാൽപന്തു പ്രതിഭ ശ്രീ സുബ്രഹ്മണ്യൻ പറളി ഗ്രാമം, പ്രമുഖ വ്യവസായിയും സംരംഭകനുമായ ശ്രീ രാമകൃഷ്ണൻ എടത്തറ, ആനുകാലികങ്ങളിലെ കോളം റൈറ്റർ ശ്രീമതി പ്രഭ പിള്ള, കാർഗിലിൽ വീരമൃത്യു വരിച്ച ജവാൻ ഗോപിനാഥ്, ശ്രീ ഡോ. രാജ്കുമാർ കെ.വി, പറളി സ്കൂളിലെ നിങ്ങളുടെ ആദ്യ ഡോക്ടർ.... പ്രതിഭകളുടെ നിര വളരെ വലുതാണ്.

വർത്തമാനകാലത്ത് ലോക സ്കൂൾ കാലിക ഭൂപടത്തിൽ മുൻ നിരയിൽ നിൽക്കുന്ന സ്കൂളുകളിൽ ഒന്നാണ് നമ്മുടെ സ്കൂൾ. നിരവധി ദേശീയ അന്തർദേശീയ താരങ്ങൾ പറളിയുടെ മണ്ണിൽനിന്ന് പിറവിയെടുത്തിട്ടുണ്ട്. 800 മീറ്റർ മധ്യദൂര ഓട്ടത്തിൽ നിലവിലെ ദേശീയ റെക്കോർഡ് ജേതാവ്, ഏഷ്യയിലെ ഒന്നാം നമ്പർ താരം ഭാവി ഒളിമ്പിക്സ് പ്രതീക്ഷയുമായ മുഹമ്മദ് അഫ്സൽ അതിൽ ഏറ്റവും തിളക്കമുള്ള നക്ഷത്രങ്ങളിൽ ഒന്നുമാത്രം. കഴിഞ്ഞ മൂന്നു പതിറ്റാണ്ടായി പറളിയുടെ കായിക മുന്നേറ്റത്തിന് ചുക്കാൻ പിടിക്കുന്ന ദ്രോണാചാര്യ അവാർഡ് ജേതാവ് ശ്രീ മനോജ് മാസ്റ്റർ, ദേശീയ സംസ്ഥാന അധ്യാപക അവാർഡ് നേടിയിട്ടുള്ള എൻ.സി.സി. ഓഫീസർ കൂടിയായിരുന്ന ശ്രീ സിദ്ധിഖ് മാസ്റ്റർ, അനവധി ശിഷ്യസമ്പത്തുള്ള സമാദരണീയരായ ഗുരു ശ്രേഷ്ഠർ പറളിക്ക് കുറിച്ചിടാൻ ഇനിയും പേരുകൾ അനവധിയാണ്.

•

പറളി ഹയർ സെക്കൻഡറി സ്കൂൾ

## കായിക നേട്ടങ്ങൾ

പറളി ഹയർ സെക്കൻഡറി സ്കൂൾ





# സൗത്ത് സോൺ ജൂനിയർ അത്‌ലറ്റിക് ചാംപ്യൻഷിപ്: പറളിക്കു സ്വർണത്തിളക്കം

# അഫ്സലിന്റെ രണ്ടാമങ്കം തുടങ്ങി



# പറളിയുടെ ചിറകിലേറി പാലക്കാട് കുതിക്കും, കേരളം നേടു

സ്വന്തം ലേഖകൻ





# അമ്പരപ്പിച്ച് പറളി

- സ്വർണനേട്ട
- പറളി മുന്നിൽ
- നിലവിലെ ജേതാക്കൾ ആറാം സ്ഥാന





മെട്രോ വാർത്ത

സ്പോർട്സ്

# മനോജ് മാഷും കുട്ട്യോളും



സംസ്ഥാന സ്കൂൾ കായിക മേളയിൽ പങ്കെടുക്കുന്ന പറളി സ്കൂളിലെ വിദ്യാർഥികൾ പരിശീലനത്തിനു ശേഷം

## ഗ്രാഫുകളെക്കാൾ വലിയ ലക[illegible]



മനോജ്

# രണ്ടാമതല്ല; പറളി എന്നും ഒന്നാംതരം



## താരങ്ങൾക്ക് സെൻട്രൽ എക്സൈസിൽ അവസരം

www.cbec.gov.in, www.centralexcisekochi.gov.in

## മുഹമ്മദ് അഫ്സൽ വ്യോമസേനയിലേക്ക്



# മനോജിന്റെ പരീക്ഷണം വിജയിച്ചു; നിഷയ്ക്ക് അഞ്ചാം വിജയം

കോഴിക്കോട് ● 100 മീറ്റർ ഓട്ട മത്സരത്തിനു പരിശീലിക്കുന്ന ആറാം ക്ലാസ് വിദ്യാർഥിയെ കണ്ട് പറളി സ്കൂളിലെ കായികാധ്യാപകൻ പി.ജി. മനോജ് ഞെട്ടിയത് ആറുവർഷങ്ങൾക്കു മുൻപാണ്. അന്ന് കുട്ടിയുടെ ഭാരം 50 കിലോഗ്രാം. ഭാരം കുറയ്ക്കാൻ നടത്തിയ ശ്രമങ്ങളൊന്നും വിജയിച്ചില്ല. ഒടുവിൽ ശരീരഭാരത്തിന്റെ കരുത്ത് വിജയത്തിനു തുണയാകുന്ന ത്രോ ഇനങ്ങളിൽ മത്സരിപ്പിക്കാൻ തീരുമാനിച്ചു. ആദ്യം ഹാമർത്രോ പിന്നാലെ ഡിസ്കസ്ത്രോ. അഞ്ചു വർഷം മുൻപ് മനോജ് നടത്തിയ ആ ഭാഗ്യപരീക്ഷണം നൂറു ശതമാനം ശരിയായിരുന്നെന്ന് വീണ്ടും വീണ്ടും തെളിയിക്കുകയാണ് ഇ. നിഷ. തടിച്ച മിടുക്കി പെൺകുട്ടിക്ക് ഡിസ്കസ്ത്രോയിൽ സംസ്ഥാന മീറ്റിൽ തുടർച്ചയായ അഞ്ചാം വിജയം. സീനിയർ വിഭാഗത്തിലേക്ക് ചുവടുമാറ്റിയതിനുശേഷമുള്ള ആദ്യമീറ്റിൽ നിഷ എറിഞ്ഞത് 31.90 മീറ്റർ ദൂരം. ആദ്യ രണ്ടു ശ്രമങ്ങളും ഫൗളായതിനുശേഷമാണ് മികവിലേക്ക് തിരിച്ചെത്തിയത്. കഴിഞ്ഞ തവണ ഹാമർത്രോയിൽ രണ്ടാം സ്ഥാനത്തെത്തിയ ഈ പെൺകുട്ടി ദേശീയ സ്കൂൾ മീറ്റിലും ആ നേട്ടം ആവർത്തിച്ചു.

പറളി എടത്തറ സ്വദേശിയാണ്. നിഷയുടെ സഹോദരൻ ഷാജഹാൻ വീരഘട്ട ഇനങ്ങളിൽ മുൻപ് സംസ്ഥാന ജേതാവായിരുന്നു.

# ഓടി ഓടി ഓടിയങ്ങനെ പോയ നമ്മുടെ അഫ്സലിനെ പട്ടാളത്തിലെടുത്തു



ജില്ലാ അത്‌ലറ്റിക് ചാമ്പ്യൻഷിപ്പിൽ രണ്ടാംസ്ഥാനം നേടിയ പറളി എച്ച്.എസ്.എസ്.

## പറളിയുടെ 'ഉസൈൻ ബോൾട്ട്'



ടി.പി. അമൽ

## കുത്തക കാത്ത ടീപ്പിൾ



പി.എൻ. അജിത്

## തലയെടുപ്പോടെ താരങ്ങളെത്തി, ആദരവുമായി നാടും



പറളി സ്കൂളിലെ കായികതാരങ്ങൾക്കും കായികാധ്യാപകൻ മനോജിനും നൽകിയ സ്വീകരണയോഗം പറളി പഞ്ചായത്ത് പ്രസിഡന്റ് ഗിരിജ ഉദ്ഘാടനം ചെയ്യുന്നു



കോഴിക്കോട്ട് നടന്ന സംസ്ഥാന സ്കൂൾ കായികമേളയിൽ ചാമ്പ്യന്മാരായ എറണാകുളം ജില്ലാ ടീം. 11-ാം തവണയാണ് എറണാകുളം ജേതാക്കളാവുന്നത്. ചിത്രം: മനോരമ

## നമ്മുടെ വിദ്യാലയം - അടിസ്ഥാന സൗകര്യങ്ങൾ

| | |
|---|---|
| സ്കൂൾ മാനേജർ | : ബാലസുബ്രഹ്മണ്യൻ. സി |
| പ്രിൻസിപ്പൽ | : രേണുക. പി |
| ഹെഡ്മിസ്ട്രസ് | : ജ്യോതി. ടി.വി |
| അദ്ധ്യാപകർ | : 60 |
| ഹൈസ്കൂൾ വിഭാഗം | : 47 |
| യു.പി. വിഭാഗം | : 13 |
| ക്ലർക്ക് | : 2 |
| ഒ.എ. | : 2 |
| എഫ്.ടി.എം. | : 2 |
| ജില്ല | : പാലക്കാട് |
| വിദ്യാഭ്യാസ ജില്ല | : പാലക്കാട് |
| ഉപജില്ല | : പറളി |
| ബി.ആർ.സി | : പറളി |

## ഡിവിഷനുകളുടെ എണ്ണം

| അപ്പർ പ്രൈമറി | ഹൈസ്കൂൾ | ആകെ |
|---|---|---|
| 11 | 33 | 44 |

## വിദ്യാർത്ഥികളുടെ എണ്ണം

| | ബോയ്സ് | ഗേൾസ് | ആകെ |
|---|---|---|---|
| അപ്പർ പ്രൈമറി | 187 | 126 | 313 |
| ഹൈസ്കൂൾ | 767 | 647 | 1414 |
| **ആകെ** | **954** | **763** | **1727** |

പറളി ഹയർ സെക്കൻഡറി സ്കൂൾ

## ഭൗതിക സൗകര്യങ്ങൾ (നിലവിലുള്ളവ)
## യു.പി & എച്ച്.എസ്

| | |
|---|---|
| സ്റ്റാഫ് റൂം | : 3 |
| ക്ലാസ് മുറികൾ | : 44 |
| കംപ്യൂട്ടർ ലാബ് | : 2 |
| സയൻസ് ലാബ് | : 1 |
| സ്കൂൾ കോ - ഓപ്പറേറ്റീവ് സ്റ്റോർ | : 1 |
| പ്രവൃത്തി പരിചയ റൂം | : 1 |
| മാനേജരുടെ ഓഫീസ് | : 1 |
| എൻ.സി.സി ഓഫീസ് | : 1 |
| ഹെഡ്മാസ്റ്റർ റൂം | : 1 |
| സ്കൂൾ ഓഫീസ് റൂം | : 1 |
| സ്പോർട്സ് റൂം | : 1 |
| ലാംഗ്വേജ് റൂം | : 1 |
| ഊട്ടുപുര | : 1 |
| ഡൈനിങ് ഹാൾ | : 1 |
| സ്കൂൾ ഗ്രൗണ്ട് | : 1 |
| സ്കൂൾ ബസുകൾ | : 3 |
| ടോയ്‌ലറ്റ് | : 34 |
| കൈ കഴുകുവാനുള്ള വാട്ടർ ടാപ്പുകൾ | : 78 |
| ശുദ്ധീകരിച്ച കുടിവെള്ള ടാപ്പ് | : 8 |
| പ്രൊജക്ടർ | : 28 |
| ലാപ്ടോപ്പ് | : 80 |
| സീലിങ് ഫാൻ (ക്ലാസ് റൂം) | : 90 |
| തണൽ മരങ്ങൾ | : 3 |

പറളി ഹയർ സെക്കൻഡറി സ്കൂൾ

## എസ്.എസ്.എൽ.സി വിജയം ഒറ്റനോട്ടത്തിൽ

| വർഷം | ആകെ | വിജയം | ശതമാനം | മുഴുവൻ A+ |
|---|---|---|---|---|
| 2010 | 379 | 298 | 79 | 1 |
| 2011 | 466 | 345 | 74 | 1 |
| 2012 | 462 | 320 | 69 | 1 |
| 2013 | 467 | 411 | 88 | 8 |
| 2014 | 425 | 331 | 94 | 6 |
| 2015 | 402 | 398 | 99 | 5 |
| 2016 | 504 | 446 | 88 | 9 |
| 2017 | 371 | 326 | 88 | 5 |
| 2018 | 412 | 366 | 89 | 7 |
| 2019 | 416 | 390 | 94 | 10 |
| 2020 | 427 | 422 | 99 | 20 |
| 2021 | 395 | 391 | 99 | 14 |
| 2022 | 427 | 421 | 99 | 14 |
| 2023 | 440 | 439 | 99.7 | 34 |
| 2024 | 477 | 473 | 99 | 37 |
| 2025 | 453 | 443 | 98 | 33 |

## ഭൗതിക സൗകര്യങ്ങൾ
## (ഉൾപ്പെടുത്തേണ്ടവ)

ഭൗതിക സൗകര്യങ്ങൾ പരിപൂർണ്ണതയിൽ എത്തിക്കുവാൻ വേണ്ടി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന കാര്യങ്ങൾ.

- വോളിബോൾ കോർട്ട്
- ഷട്ടിൽ കോർട്ട്
- മൾട്ടി മീഡിയ തിയേറ്റർ
- എ.സി. കോൺഫറൻസ് ഹാൾ
- രോഗീ പരിചരണ റൂം
- ഡൈനിങ് ഹാൾ ഫർണ്ണിച്ചർ (ഊട്ടുപുര)
- ഇൻസിലേറ്റർ - 3 എണ്ണം
- തണൽമരങ്ങൾക്ക് ചുറ്റും ഇരിപ്പിടം
- കാർ, ബൈക്ക്, സൈക്കിൾ പാർക്കിങ് ഏരിയ
- ക്യാമ്പസ് സൗന്ദര്യവത്ക്കരണം (ഗാർഡൻ)
- ഇന്റർലോക്ക് ചെയ്ത മുറ്റം
- വിശാലമായ സ്പോർട്സ് റൂം

***

പറളി ഹയർ സെക്കൻഡറി സ്കൂൾ

# Staff Details of H.S. Parli

| Sl. No. | Name | Designation |
|---|---|---|
| 01. | Jyothi. T.V | Head Master |
| 02. | Reshma. A.K | HST Physical Science |
| 03. | Vineetha. V | HST Physical Science |
| 04. | Sheri. J | HST Physical Science |
| 05. | Priya Nair. S | HST Physical Science |
| 06. | Rathi. R | HST Physical Science |
| 07. | Sutha. P | HST Physical Science |
| 08. | Keerthi. K | HST Natural Science |
| 09. | Baghya Lisha. B | HST Natural Science |
| 10. | Ramya. V | HST Natural Science |
| 11. | Rahul. K | HST Natural Science |
| 12. | Sreejaya. M | HST Mathematics |
| 13. | Ayswarya. S | HST Mathematics |
| 14. | Veena. K | HST Mathematics |
| 15. | Divya. V.M | HST Mathematics |
| 16. | Beena. P | HST Mathematics |
| 17. | Binil Wilson K | HST Mathematics |
| 18. | Praseetha. M.P | HST Mathematics |
| 19. | Priya. V | HST Mathematics |
| 20. | Sujatha. K | HST Social Science |
| 21. | Ramya. P | HST Social Science |
| 22. | Preetha. K | HST Social Science |
| 23. | Sumena. S | HST Social Science |
| 24. | Rema. A | HST Social Science |
| 25. | Beena. V.V | HST Social Science |
| 26. | Sachidanandan. P.A | HST Social Science |
| 27. | Anu Krishna | HST English |
| 28. | Sowmya Murali | HST English |
| 29. | Meenu Mohandas | HST English |
| 30. | Sunitha. V | HST English |
| 31. | Anu. N.U | HST English |
| 32. | Binitha. K.P | HST English |
| 33. | Simla. T.R | HST English |
| 34. | Manjusha. P.V | HST Malayalam |

| | | |
|---|---|---|
| 35. | Jyothi S Panicker | HST Malayalam |
| 36. | Prabhitha. R.G | HST Malayalam |
| 37. | Sreevalasan. K | HST Malayalam |
| 38. | Subhadradevi. K | HST Malayalam |
| 39. | Kavitha. M.K | HST Malayalam |
| 40. | Sandhya. T | HST Hindi |
| 41. | Aiswarya. P.S | HST Hindi |
| 42. | Ramya. S.M | HST Hindi |
| 43. | Rajalakshmy. P.P | HST Hindi |
| 44. | Rasheed. T.M | HST Arabic |
| 45. | Aruna. A.R | HST Sanskrit |
| 46. | Krishnadas. M.B | HST Sanskrit |
| 47. | Manoj. P.G | Phycial Education Teacher (HS) |
| 48. | Mukesh. P.S | Drawing Teacher (HS) |
| 49. | Sinimol. E.M | Needle Work (HS - Full Time) |
| 50. | Reshmi. P.V | U.P.S.T |
| 51. | Shinty. A | U.P.S.T |
| 52. | Veenavas. P.V | U.P.S.T |
| 53. | Kamarul Laila. M | U.P.S.T Arabic |
| 54. | Soumya. N | U.P.S.T Hindi |
| 55. | Anitha. P.A | U.P.S.T |
| 56. | Reshma. C.R | U.P.S.T |
| 57. | Deepa. P | U.P.S.T |
| 58. | Jasitha. T.K | U.P.S.T |
| 59. | Athira. P.A | U.P.S.T |
| 60. | Deepika. R | U.P.S.T |
| 61. | Krishna. A | U.P.S.T Hindi |
| 62. | Aswathy. T | U.P.S.T |
| 63. | Sasikumar. P.V | Clerk |
| 64. | Swaminathan. V | Clerk |
| 65. | Rajani. K | Office Attendant |
| 66. | Gopakumar. P | Office Attendant |
| 67. | Bhavaldas | Full Time Menial |
| 68. | Ramesh. P.R | Full Time Menial |

***

പറളി ഹയർ സെക്കൻഡറി സ്കൂൾ

# പറളി ഹയർ സെക്കൻഡറി സ്കൂൾ
# മലയാളം (എച്ച്. എസ്. വിഭാഗം)
# ആക്ഷൻ പ്ലാൻ 2025 – 2026

പറളി ഹയർ സെക്കൻഡറി സ്കൂൾ



## അക്ഷരങ്ങളിലേയ്ക്ക്...

**ലക്ഷ്യം**

ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിയ്ക്കൽ, പ്രതീക്ഷിത ഫലം അക്ഷരങ്ങൾ തിരിച്ചറിയാനും വാക്കുകൾ വായിക്കാനുമുള്ള കഴിവിലേയ്ക്ക് കുട്ടി എത്തുന്നു. ചിഹ്നങ്ങൾ തെറ്റാതെ വാക്യങ്ങൾ എഴുതാൻ പഠിയ്ക്കുന്നു. പ്രക്രിയ പ്രീ ടെസ്റ്റ്, അക്ഷരം ഉറപ്പിക്കൽ ചിഹ്നങ്ങൾ ഉറപ്പിക്കൽ, വാക്കുകൾ എഴുതിയ കാർഡ് നൽകൽ, അക്ഷരക്കാർഡ് നൽകൽ, വാക്കുകൾ നിർമ്മിക്കുക, ചിത്രം അടിക്കുറിപ്പ്.

| | |
|---|---|
| കാലയളവ് | - ജൂൺ, ജൂലായ്, ഓഗസ്റ്റ് |
| വേദി | - ഹൈസ്കൂൾ ക്ലാസുകൾ |
| കുട്ടികളുടെ പങ്കാളിത്തം | - ഭാഷാപരമായി പിന്നാക്കം നിൽക്കുന്ന കുട്ടികൾ |

### മികവിൽ നിന്നും മികവിലേക്ക്

**ലക്ഷ്യം**

കുട്ടികൾക്ക് വായനാശീലം വളർത്തുക. വിവിധതരം രചനാശൈലികൾ പരിചയപ്പെടുത്തുക.

**പ്രതീക്ഷിത ഫലം**

കുട്ടികളിൽ വായനാശീലം വളരുന്നു. വിവിധതരം രചനാശൈലികൾ പരിചയപ്പെടുന്നു.

**പ്രക്രിയ**

ലൈബ്രറിയുടെ സഹായത്തോടെ വായനക്കുള്ള അവസരം ഒരുക്കുന്നു.

| | |
|---|---|
| കാലയളവ് | - രണ്ട് മാസം |
| വേദി | - ക്ലാസ്സ് റൂം |
| കുട്ടികളുടെ പങ്കാളിത്തം | - ഹൈസ്കൂൾ കുട്ടികൾ. |
| ചുമതല | - സുഭദ്രാദേവി കെ., ശ്രീവത്സൻ. കെ, പ്രബിത. ആർ.ജി., ജ്യോതി എസ് പണിക്കർ, മഞ്ജുഷ. പി.വി., കവിത. എം.കെ. |

പറളി ഹയർ സെക്കൻഡറി സ്കൂൾ

## എന്നിലെ എഴുത്തുകാരൻ/എഴുത്തുകാരി

**ലക്ഷ്യം**

പാഠഭാഗങ്ങൾ ആഴത്തിൽ അറിയാൻ.

**പ്രതീക്ഷിത ഫലം**

വിവിധ വ്യവഹാര രൂപങ്ങളിലൂടെ കുട്ടികളുടെ രചനാ ശേഷി വർദ്ധിപ്പിക്കുക.

**പ്രക്രിയ**

ആസ്വാദനക്കുറിപ്പ്, വാങ്മയചിത്രം, കഥ, തിരക്കഥ, നാടകം എന്നീ വ്യവഹാര രൂപങ്ങൾ നിർമ്മിക്കുക.

| | |
|---|---|
| കാലയളവ് | – ആറ് മാസം |
| വേദി | – ക്ലാസ് റൂം |
| കുട്ടികളുടെ പങ്കാളിത്തം | – ക്ലാസ്സിലെ കുട്ടികൾ |
| ചുമതല | – സുഭദ്ര ദേവി, ശ്രീവത്സൻ, പ്രബിത, ജ്യോതി, മഞ്ജുഷ, കവിത. |



## ജൂൺ 19 വായനാദിനം
## (വായനാവാരാഘോഷം)

**ലക്ഷ്യം**

വായനയുടെ പ്രാധാന്യം, മഹത്വം എന്നിവ കുട്ടികളിൽ എത്തിക്കുക.

**പ്രതീക്ഷിത ഫലം**

വായനയുടെ ലോകത്തേക്ക് കുട്ടികളെ കൈപിടിച്ചുയർത്തുക.

**പ്രക്രിയ**

ക്ലാസ്സ് തലത്തിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട കുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകി ക്വിസ് മത്സരം, ചാർട്ട് പ്രദർശനം, പ്രസംഗം എന്നിവ നടത്തുന്നു.

| | |
|---|---|
| ചെലവ് | – 100 രൂപ |
| കാലയളവ് | – ഒരാഴ്ച |
| തിയ്യതി .... | – |
| വേദി | – ഹൈസ്കൂൾ റൂം |
| കുട്ടികളുടെ പങ്കാളിത്തം | – ഹൈസ്കൂൾ കുട്ടികൾ |
| ചുമതല | – സുഭദ്രാദേവി കെ, ശ്രീവത്സൻ കെ, പ്രബിത ആർ.ജി, ജ്യോതി എസ് പണിക്കർ, മഞ്ജുഷ പി.വി, കവിത എം.കെ. |



## ബഷീർ ദിനാചരണം

**ലക്ഷ്യം**

ബഷീർ എന്ന സാഹിത്യകാരനെ ഓർമ്മിയ്ക്കുന്നതിനും അദ്ദേഹത്തിന്റെ കൃതികളുടെ പ്രത്യേകതകൾ മനസ്സിലാക്കുന്നതിനും വേണ്ടി.

**പ്രതീക്ഷിത ഫലം**

സ്വതസിദ്ധമായ ശൈലിയും ലളിതമായ ഭാഷാപ്രയോഗങ്ങളും കൊണ്ട് വായനക്കാരുടെ മനസ്സിനെ സ്വാധീനിച്ച അക്ഷരങ്ങളുടെ സുൽത്താനായ ബഷീർ എന്ന സാഹിത്യകാരനെയും അദ്ദേഹത്തിന്റെ കഥകളെയും നോവലുകളെയും കുറിച്ച് മനസ്സിലാക്കാൻ കഴിഞ്ഞു.

**പ്രക്രിയ**

ബഷീർദിന പതിപ്പ് തയ്യാറാക്കൽ, ബഷീർ ദിന ക്വിസ് കഥാപാത്രങ്ങളുടെ അവതരണം, ചിത്രചന.

| | |
|---|---|
| കാലയളവ് | - ഒരു മണിക്കൂർ |
| തിയ്യതി | - ജൂലായ് 5 |
| വേദി | - ഹൈസ്കൂൾ ക്ലാസ്സ് |
| കുട്ടികളുടെ പങ്കാളിത്തം | - ഹൈസ്കൂളിലെ തെരഞ്ഞെടുത്ത 20 കുട്ടികൾ |

പറളി ഹയർ സെക്കൻഡറി സ്കൂൾ



## കർഷകദിനാഘോഷം

**ലക്ഷ്യം**

യുവതലമുറ കൃഷിയുടെ പ്രാധാന്യം മനസ്സിലാക്കാൻ വേണ്ടി.

**പ്രതീക്ഷിതഫലം**

കുട്ടികൾക്ക് വിത്തുമുളപ്പിക്കുന്നതിനെപ്പറ്റിയുള്ള അറിവുണ്ടായി പലതരം കൃഷികളെക്കുറിച്ചും മനസ്സിലാക്കി പണ്ടത്തെ കർഷകരെക്കുറിച്ചും അവർ കൃഷിക്കുപയോഗിച്ചിരുന്ന ആയുധങ്ങളെക്കുറിച്ചും മനസ്സിലാക്കാൻ കഴിഞ്ഞു.

**പ്രക്രിയ**

കുട്ടികർഷകനുമായുള്ള അഭിമുഖം സ്കിറ്റ് അവതരണം

| | |
|---|---|
| കാലയളവ് | - ഒരു പിരീഡ് |
| തിയ്യതി | - ആഗസ്റ്റ് 18 |
| വേദി | - അസംബ്ലി ഗ്രൗണ്ട് |
| കുട്ടികളുടെ പങ്കാളിത്തം | - ഹൈസ്കൂൾ കുട്ടികൾ |




പറളി ഹയർ സെക്കൻഡറി സ്കൂൾ

## വയലാർ ദിനം

**ലക്ഷ്യം**

വയലാർ എന്ന കവിയെ അറിയുന്നതിനും അദ്ദേഹത്തിന്റെ സിനിമ ഗാനമേഖല യിലും മലയാള സാഹിത്യത്തിലും ഉള്ള സംഭാവനകൾ കണ്ടെത്താനും

**പ്രതീക്ഷിത ഫലം**

വയലാറിന്റെ പ്രധാന കവിതകളെ പരിചയപ്പെടുകയും മലയാള സിനിമ ഗാനങ്ങ ളെക്കുറിച്ച് കുട്ടികളെ ബോധവാന്മാരാക്കുന്നതിന്.

**പ്രക്രിയ**

വയലാർ സിനിമാഗാനാലാപനം, കവിത ആലാപനം വയലാർ അവാർഡ് ജേതാ ക്കൾ ലിസ്റ്റ്

പാറളി ഹയർ സെക്കൻഡറി സ്കൂൾ

| | |
|---|---|
| കാലയളവ് | – ഒരു പിരീഡ് |
| തിയ്യതി | – ഒക്ടോബർ 27 |
| വേദി | – ഹൈസ്കൂൾ ക്ലാസ് |
| ചുമതല | – മലയാളം അധ്യാപകർ |



## നവംബർ ഒന്ന് – മലയാള ഭാഷാദിനം

**ലക്ഷ്യം**

മലയാള ഭാഷ പ്രാധാന്യം മനസ്സിലാക്കി മലയാളഭാഷയോടുള്ള താൽപര്യം വർദ്ധിപ്പിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ.

**പ്രതീക്ഷിത ഫലം**

കേരളപ്പിറവിയുടെ പ്രാധാന്യം മാതൃഭാഷയുടെ പ്രാധാന്യം എന്നിവയെക്കുറിച്ച് കുട്ടികൾക്ക് ബോധ്യപ്പെടുന്നു.

**പ്രക്രിയ**

കേരളപ്പിറവിയുടെ പ്രാധാന്യം മലയാള മാതൃഭാഷയുടെ പ്രാധാന്യം എന്നിവ വ്യക്തമാക്കുന്ന പ്രഭാഷണം. കേരളത്തിന്റെ പുരോഗതിയും നേട്ടവും വ്യക്തമാക്കുന്ന ഡിജിറ്റൽ ഫോട്ടോ പ്രദർശനം, ചിത്രരചന മത്സരങ്ങൾ.

പറളി ഹയർ സെക്കൻഡറി സ്കൂൾ

തിയ്യതി – 03.11.2025

വേദി – ക്ലാസ്സ് റൂം

പങ്കെടുക്കുന്നവർ – തിരഞ്ഞെടുത്ത ഹൈസ്കൂൾ വിദ്യാർത്ഥികൾ

ചുമതല – മലയാളം അധ്യാപകർ



## തുഞ്ചൻ ദിനം

**ലക്ഷ്യം**

മലയാള ഭാഷയുടെ പിതാവായ തുഞ്ചത്ത് രാമാനുജൻ എഴുത്തച്ഛനെ ഓർമ്മിയ്ക്കാനും മലയാള സാഹിത്യത്തിൽ എഴുത്തച്ഛന്റെ കൃതികളുടെ പ്രാധാന്യം അറിയുന്നതിനും വേണ്ടി.

**പ്രതീക്ഷിത ഫലം**

മലയാള ഭാഷയുടെ പിതാവ് എന്ന നിലയിൽ എഴുത്തച്ഛന്റെയും അദ്ദേഹത്തിന്റെ കൃതികളുടെയും പ്രാധാന്യം മനസ്സിലാക്കി.

**പ്രക്രിയ**

ജീവചരിത്രക്കുറിപ്പ് തയ്യാറാക്കൽ, രാമായണ മഹാഭാരതങ്ങളുടെ പുസ്തകാവലോകനം, ചാർട്ട് തയ്യാറാക്കൽ.

| | |
|---|---|
| കാലയളവ് | - ഒരു മണിക്കൂർ |
| തിയ്യതി | - ഡിസംബർ 31 |
| വേദി | - ഹൈസ്കൂൾ ക്ലാസ്സുകൾ |
| കുട്ടികളുടെ പങ്കാളിത്തം | - ഹൈസ്കൂൾ കുട്ടികൾ |

പറളി ഹയർ സെക്കൻഡറി സ്കൂൾ



## ആശാൻ ദിനം

**ലക്ഷ്യം**

ആധുനിക കവിത്രയത്തിൽ ഒരാളായ കുമാരനാശാന്റെ കവിതകളെക്കുറിച്ച് കൂടുതൽ അറിയുന്നതിന്.

**പ്രതീക്ഷിതഫലം**

കുമാരനാശാൻ കവിതകൾ കണ്ടെത്തി വായിക്കുന്നതിനും ആശാൻ കവിതകളുടെ പൊതുസ്വഭാവം കണ്ടെത്തുന്നതിനും കവിതകൾ പട്ടികപ്പെടുത്തുകയും.

**പ്രക്രിയ**

ആശാൻ കവിത ആലാപനം ആസ്വാദനക്കുറിപ്പ് ആശാൻ കവിതകൾ കഥാപാത്രങ്ങൾ പട്ടിക

| | |
|---|---|
| കാലയളവ് | - ഒരു പിരീഡ് |
| തിയ്യതി | - ജനുവരി 16 |
| വേദി | - ക്ലാസ് റൂം |
| കുട്ടികളുടെ പങ്കാളിത്തം | - തെരഞ്ഞെടുത്ത കുട്ടികൾ |
| ചുമതല | - സുഭദ്രാദേവി, ശ്രീവത്സൻ, പ്രബിത, ജ്യോതി, മഞ്ജുഷ, കവിത. |

പറളി ഹയർ സെക്കൻഡറി സ്കൂൾ

***



# പറളി ഹയർ സെക്കൻഡറി സ്കൂൾ

## മലയാളം (യു.പി. വിഭാഗം)

## ആക്ഷൻ പ്ലാൻ 2025 – 2026

പറളി ഹയർ സെക്കൻഡറി സ്കൂൾ



## ജൂൺ – 16
## വിദ്യാരംഗം രൂപീകരണം

**ലക്ഷ്യം (Objective)**

മലയാള ഭാഷയിൽ കഥാരചന, കവിതാരചന, ചിത്രരചന, നാടൻപാട്ട്, കവിതാലാപനം തുടങ്ങിയ സാഹിത്യാഭിരുചികളിൽ പ്രാവീണ്യമുള്ള കുട്ടികളെ കണ്ടെത്തുന്നതിനുള്ള പ്രവർത്തന പരിപാടി.

**പ്രതീക്ഷിതഫലം (Expected outcome)**

- സാഹിത്യാഭിരുചി പരിപോഷിപ്പിക്കൽ
- മലയാള ഭാഷയുടെ സാംസ്കാരിക തനിമ നിലനിർത്തൽ
- കുട്ടികളിലെ സർഗ്ഗാത്മക ശേഷികളുടെ പ്രകടനത്തിനുള്ള അവസരം സൃഷ്ടിക്കൽ

**പ്രക്രിയ (Process)**

5,6,7 ക്ലാസ്സുകളിലെ കഥ, കവിത, ചിത്രരചന, നാടൻപാട്ട്, കവിതാലാപനം തുടങ്ങിയവയിൽ പ്രാവീണ്യമുള്ള കുട്ടികളെ തിരഞ്ഞെടുക്കുന്നു. ക്ലബ്ബ്തല പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു.

| | |
|---|---|
| ചെലവ് (Budjet) | - Nill |
| സമയപരിധി (Duration) | - രണ്ട് പിരീഡ് |
| തിയ്യതി (Date) | - 16.06.2025 |
| കുട്ടികളുടെ പങ്കാളിത്തം | - യു.പി.യിലെ കുട്ടികൾ |
| വേദി (Venue) | - യു.പി. ക്ലാസ് റൂം |
| ചുമതല (Teacher In Charge) | - വീണാവാസ് പി.വി., രേഷ്മ. സി.ആർ |

പറളി ഹയർ സെക്കൻഡറി സ്കൂൾ



## ജൂൺ - 19
## വായനാദിനം

### ലക്ഷ്യം (Objetive)

മലയാള ഭാഷയിലെ പ്രശസ്ത സാഹിത്യകാരന്മാരുടെ രചനകൾ പരിചയപ്പെടുത്തുന്നതിനും തുടർന്ന് ഒരാഴ്ച നീളുന്ന വായനാവാര പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനൊപ്പം വായനാക്കുറിപ്പുകൾ തയ്യാറാക്കാൻ പ്രാപ്തരാക്കുന്നതിന്.

### പ്രതീക്ഷിത ഫലം (Expected Outcome)

- സചിത്ര പുസ്തകങ്ങളുടെ വായന
- ദൈനംദിന പത്രവായന, ഡയറിക്കുറിപ്പ് തയ്യാറാക്കൽ
- സ്വന്തം രചനകളെ പരിപോഷിപ്പിക്കൽ
- വായനാ പരീക്ഷ

### പ്രക്രിയ (Process)

- 5,6,7 ക്ലാസ്സുകളിൽ വായനാപരീക്ഷ സംഘടിപ്പിക്കൽ
- വിദ്യാരംഗം ക്ലബ്ബിലുള്ള കുട്ടികൾക്ക് പോസ്റ്റർ നിർമ്മാണം, വായനയുടെ പ്രാധാന്യത്തെ മുൻനിർത്തി പ്രസംഗമത്സരം സംഘടിപ്പിക്കൽ

| | |
|---|---|
| ചെലവ് (Budjet) | - 500/ |
| സമയപരിധി (Duration) | - ഒരു പിരീഡ് |
| തിയ്യതി (Date) | - 19.06.2025 |
| കുട്ടികളുടെ പങ്കാളിത്തം | - യു.പിയിലെ വിദ്യാർത്ഥികൾ |
| വേദി (Venue) | - യു.പി. ക്ലാസ് റൂം |
| ചുമതല (Teacher In Charge) | - വീണാവാസ് പി.വി., രേഷ്മ സി.ആർ |



## ജൂലായ് – 5
## ബഷീർ ദിനം

**ലക്ഷ്യം (Objective)**

ബഷീറിന്റെ രചനകൾ പരിചയപ്പെടുത്തുന്നതിനും സാഹിത്യാഭിരുചി വളർത്തുന്നതിനും കൃതികളുടെ സമകാലിക പ്രസക്തി കുട്ടികളിലെത്തിക്കുന്നതിനും

**പ്രതീക്ഷിത ഫലം** (Expected Outcome)

- ബഷീർ കഥാപാത്രങ്ങളുടെ ആൽബം
- പ്രാദേശിക ഭാഷയുടെ പ്രാധാന്യം മനസ്സിലാക്കൽ

**പ്രക്രിയ** (Process)

- ബഷീർകഥകളുടെ രംഗാവിഷ്കാരം
- ബഷീർദിന ക്വിസ് സംഘടിപ്പിക്കൽ

| | |
|---|---|
| ചെലവ് (Budjet) | - Nil |
| സമയപരിധി (Duration) | - രണ്ട് പിരീഡ് |
| തിയ്യതി (Date) | - 05.07.2025 |
| കുട്ടികളുടെ പങ്കാളിത്തം | - യു.പിയിലെ കുട്ടികൾ |
| വേദി (Venue) | - ക്ലാസ്സ് റൂം |
| ചുമതല (Teacher In Charge) | - വീണാവാസ് പി.വി, രേഷ്മ സി.ആർ. |

പറളി ഹയർ സെക്കൻഡറി സ്കൂൾ



## ആഗസ്റ്റ് – 18
## കാർഷിക ദിനം

**ലക്ഷ്യം** (Objecive)

കൃഷിയുടെ പ്രാധാന്യത്തെക്കുറിച്ചും കാർഷിക വിളകളെക്കുറിച്ചും അവബോധം ഉണ്ടാക്കുന്നതിനും കാർഷികഘടന നിലനിർത്തേണ്ട ആവശ്യകത മനസ്സിലാക്കുന്നതിനും സാഹതര്യം ഒരുക്കൽ.

**പ്രതീക്ഷിതഫലം** (Expected Outcome)

വീട്ടിൽ ഒരു കൃഷിയിടം വികസിപ്പിക്കുന്നതിനും കൃഷിയോട് ആഭിമുഖ്യം വളർത്തുന്നതിനും പ്രോത്സാഹനം നൽകൽ.

കുട്ടി കർഷകരെ കണ്ടെത്തൽ

**പ്രക്രിയ** (Process)

ഫാം, നഴ്സറി എന്നിവയുടെ സന്ദർശനം. കുട്ടികളുടെ അടുക്കളത്തോട്ടത്തെ മുൻനിർത്തിയുള്ള ചിത്രങ്ങൾ ഉൾക്കൊള്ളിച്ച് ഡിജിറ്റൽ വീഡിയോ നിർമ്മാണം.

| | |
|---|---|
| ചെലവ് (Budjet) | – 250/ |
| സമയപരിധി (Duration) | – Half Day |
| തിയ്യതി (Date) | – 18.08.2025 |
| കുട്ടികളുടെ പങ്കാളിത്തം | – യു.പി. വിദ്യാർത്ഥികൾ |
| വേദി (Venue) | – ഫാം നഴ്സറി |
| ചുമതല (Teacher In Charge) | – വീണാവാസ് പി.വി, രേഷ്മ സി.ആർ. |



## ആഗസ്റ്റ് - 22
## ലോക നാട്ടറിവ് ദിനം

**ലക്ഷ്യം** (Objective)

നാടിനോടുള്ള സ്നേഹവും ആത്മബന്ധവും ജനിപ്പിക്കുന്നതിനോടൊപ്പം നാടിന്റെ തനിമയെക്കുറിച്ചും സാംസ്കാരിക മൂല്യങ്ങളെക്കുറിച്ചും അവബോധം ഉണ്ടാക്കുന്നതിനും നിലനിർത്തുന്നതിനും.

**പ്രതീക്ഷിത ഫലം** (Expected Outcome)

സ്വന്തം നാടിന്റെ ചരിത്രരചന നടത്തി അവതരിപ്പിക്കൽ തുടർന്ന് പതിപ്പാക്കി മാറ്റൽ.

**പ്രക്രിയ** (Process)

ഫീൽഡ് ട്രിപ്പ് - വിദ്യാരംഗം ക്ലബ്ബിലെ വിദ്യാർത്ഥികളെ ഉൾക്കൊള്ളിച്ച് കൊണ്ടുള്ള ഫീൽഡ് - ട്രിപ്പ് സംഘടിപ്പിക്കൽ

| | |
|---|---|
| ചെലവ് (Budjet) | - 1000/രൂപ |
| സമയപരിധി (Duration) | - ഒരു ദിവസം |
| തിയ്യതി (Date) | - 22.08.2025 |
| കുട്ടികളുടെ പങ്കാളിത്തം | - വിദ്യാരംഗം ക്ലബ്ബിലെ വിദ്യാർത്ഥികൾ |
| വേദി (Venue) | - പാലക്കാട് |
| ചുമതല (Teacher In Charge) | - വീണാവാസ് പി.വി, രേഷ്മ സി.ആർ |

പറളി ഹയർ സെക്കൻഡറി സ്കൂൾ



## നവംബർ - 1
## കേരളപ്പിറവി

**ലക്ഷ്യം** (Objective)

കേരളത്തിന്റെ സാംസ്കാരിക ചരിത്രത്തെക്കുറിച്ച് ധാരണ വളർത്തുന്നതിന്.

**പ്രതീക്ഷിത ഫലം** (Expceted Outcome)

അതിഥിക്ലാസ്സിലൂടെ ഒരു കലാരൂപത്തെ പരിചയപ്പെടുത്തുന്നു. കേരളത്തിലെ വിവിധ ജില്ലകളുടെ പ്രത്യേകതകൾ ഉൽക്കൊള്ളിച്ചുകൊണ്ട് കേരളഗാനങ്ങളുടെ ശേഖരണം, ചൊല്ലുകൾ എന്നിവ ശേഖരിക്കൽ

**പ്രക്രിയ** (Process)

അതിഥി ക്ലാസ്സ് സംഘടിപ്പിച്ച് ഒരു കലാരൂപം പരിചയപ്പെടുത്തൽ, പതിപ്പ് നിർമ്മാണം.

| | |
|---|---|
| ചെലവ് (Budget) | - 750 രൂപ |
| സമയപരിധി (Duration) | - Half Day |
| തിയ്യതി (Date) | - 01.12.2025 |
| കുട്ടികളുടെ പങ്കാളിത്തം | - യു.പിയിലെ കുട്ടികൾ |
| വേദി (Venue) | - സ്കൂൾ ഓഡിറ്റോറിയം |
| ചുമതല (Teacher In Charge) | - വീണാവാസ്. പി.വി, രേഷ്മ സി.ആർ |

പറളി ഹയർ സെക്കൻഡറി സ്കൂൾ



## ഫെബ്രുവരി – 21
## മാതൃഭാഷാദിനം

**ലക്ഷ്യം** (Objective)

മലയാള ഭാഷയുടെ പ്രാധാന്യം കുട്ടികളിലെത്തിക്കുന്നതിന് വിവിധ പുസ്തകങ്ങൾ ലൈബ്രറിയുടെ സഹായത്തോടെ കുട്ടികളെ പരിചയപ്പെടുത്തി ഭാഷയോട് ആഭിമുഖ്യം വളർത്തുന്നതിന്.

**പ്രതീക്ഷിത ഫലം** (Expected Outcome)

വിവിധ സാഹിത്യശാഖകൾ പരിചയപ്പെടുത്തുന്നതിലൂടെ സാഹിത്യകാരന്മാരെയും കവികളെയും കുറിച്ച് മനസ്സിലാക്കുന്നതിന് അവസരം നൽകുന്നു.

**പ്രക്രിയ** (Process)

വായനാമൂല സംഘടിപ്പിക്കൽ, പതിപ്പ് തയ്യാറാക്കൽ, ആസ്വാദനം, വായനാക്കുറിപ്പ് തയ്യാറാക്കൽ.

| | |
|---|---|
| ചെലവ് (Budjet) | - Nil |
| സമയപരിധി (Duration) | - രണ്ട് പിരീഡ് |
| തിയ്യതി (Date) | - 21.11.2025 |
| കുട്ടികളുടെ പങ്കാളിത്തം | - യു.പി കുട്ടികൾ |
| വേദി (Venue) | - യു.പി. ക്ലാസ്സ് റൂം |
| ചുമതല (Teacher In Charge) | - വീണാവാസ് പി.വി., രേഷ്മ സി.ആർ |

പറളി ഹയർ സെക്കൻഡറി സ്കൂൾ



## ഉണർവ്വ്

**ലക്ഷ്യം** (Objective)

ജൂൺമാസത്തിൽ പ്രീ ടെസ്റ്റ് നടത്തി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് കൈത്താങ്ങ് നൽകൽ.

**പ്രതീക്ഷിത ഫലം** (Expected Outcome)

പഠിതാവിന്റെ അർത്ഥപൂർണ്ണമായ എഴുത്തും വായനയും ഉറപ്പുവരുത്തുന്നതിനായി ഭാഷാക്ലാസ്സിലെ പിരീഡ് ആഴ്ചയിൽ ഒരു ദിവസം അതിനായി മാറ്റിവയ്ക്കുന്നു. പിന്നാക്കം നിൽക്കുന്ന കുട്ടികളെ പരിഗണിക്കുന്നതിനോടൊപ്പം ഉയർന്ന നിലവാരത്തിലുള്ള കുട്ടികളെ പിന്നോക്കം നിൽക്കുന്ന കുട്ടികളുടെ പഠന – ബോധന പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനുള്ള കൈത്താങ്ങ് നൽകാൻ പ്രയോജനപ്പെടുത്തുന്നു.

**പ്രക്രിയ** (Process)

അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകളുടെ സഹായത്തോടെ പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം. ഗ്രൂപ്പടിസ്ഥാനത്തിലുള്ള അക്ഷരകളികൾ, പദ നിർമ്മാണം.

| | |
|---|---|
| ചെലവ് | - Nil |
| സമയപരിധി | - ഒരു വർഷം |
| തിയ്യതി (Date) | - |
| വേദി (Venue) | - ക്ലാസ്സ് റൂം |
| കുട്ടികളുടെ പങ്കാളിത്തം | - യു.പി കുട്ടികൾ |
| ചുമതല | - വീണാവാസ് പി.വി., രേഷ്മ സി.ആർ |

പാലി ഹയർ സെക്കൻഡറി സ്കൂൾ



## കിരണം

**ലക്ഷ്യം** (Objective)

പഠനബോധന പ്രവർത്തനങ്ങളിൽ ഉയർന്ന നിലവാരം പുലർത്തുന്നവർക്കുള്ള പഠനപോഷക പരിപാടി നവീന പഠന പ്രവർത്തനങ്ങളാൽ കുട്ടികളെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിന്.

**പ്രതീക്ഷിത ഫലം** (Expected Outcome)

ഉയർന്ന നിലവാരമുള്ള കുട്ടികൾക്ക് പഠനത്തിൽ താൽപര്യം ജനിപ്പിക്കുന്നതിനും സമകാലിക സംഭവങ്ങളെക്കുറിച്ച് അവബോധം ഉണ്ടാക്കുന്നതിനും.

**പ്രക്രിയ** (Process)

ആഴ്ചയിൽ ഇരുപത്തഞ്ച് ചോദ്യങ്ങൾ കണ്ടെത്തി (സമകാലിക പ്രസ്ക്തിയുള്ളവ) കളികളുമായി കൂട്ടിയിണക്കി നിരന്തരം അറിവ് ആർജ്ജിച്ചതിന്റെ അടിസ്ഥാനത്തിൽ ലഘുവായ ഗ്രൂപ്പടിസ്ഥാനത്തിലുള്ള കളികൾ സംഘടിപ്പിക്കൽ, ചോദ്യോത്തരവേള.

ചെലവ് (Budjet) - Nil
സമയപരിധി (Duration) - ഒരു പിരീഡ് (എല്ലാ ആഴ്ചയും) ഒരു വർഷം
തിയ്യതി (Date) - 2025 - 2026
സ്ഥലം (Venue) - ക്ലാസ്സ് റൂം
കുട്ടികളുടെ പങ്കാളിത്തം - യു.പി. കുട്ടികൾ
ചുമതല (Teacher In Charge) - വീണാവാസ് പി.വി, രേഷ്മ സി.ആർ.

***



# പറളി ഹയർ സെക്കൻഡറി സ്കൂൾ

## സംസ്കൃതം (യു.പി & ഹൈസ്കൂൾ)

## ആക്ഷൻ പ്ലാൻ 2025 – 2026

പറളി ഹയർ സെക്കൻഡറി സ്കൂൾ



## ജൂൺ – 13
## സംസ്കൃതം ക്ലബ്ബ് രൂപീകരണം

**ലക്ഷ്യം**

കുട്ടികളിൽ നേതൃ പാടവം വളർത്തൽ കുട്ടികളുടെ സർഗാത്മക അഭിരുചിയുടെയും ചിന്താശേഷിയുടെയും അവതരണ ശേഷിയുടെയും വികസിപ്പിക്കൽ. സംസ്കൃത ഭാഷ യോട് താല്പര്യം ഉള്ള കുട്ടികളെ ഉൾപ്പെടുത്തിക്കൊണ്ട് അവരുടെ ക്രിയാത്മകശേഷി കൾ പരിപോഷിപ്പിക്കുന്നതിനായുള്ള പ്രവർത്തനപരിപാടിയുടെ സംഘാടനം.

**പ്രതീക്ഷിത നേട്ടം**

കുട്ടികളുടെ സർഗാത്മക ശേഷികളുടെ പ്രകടനം. സംസ്കൃത ഭാഷയുടെ പരി പോഷണം.

**പ്രക്രിയ**

യു.പി. ഹൈസ്കൂൾ ക്ലാസുകളിലെ ആലാപനം, അഭിനയം, രചന തുടങ്ങിയവ യിൽ പ്രാവീണ്യമുള്ള കുട്ടികളെ തിരഞ്ഞെടുക്കുന്നു. ക്ലബ്ബ്തല പ്രവർത്തനങ്ങൾ ചിട്ടപ്പെ ടുത്തുന്നു.

| | |
|---|---|
| ചിലവ് | – 0 |
| കാലയളവ് | – ഒരു മണിക്കൂർ |
| വേദി | – ലാംഗ്വേജ് ക്ലാസ്സ് |
| കുട്ടികളുടെ പങ്കാളിത്തം | – യു.പി., ഹൈസ്കൂൾ സംസ്കൃതം കുട്ടികൾ |
| ചുമതല | – കൃഷ്ണദാസ്, അരുണ. |

പറളി ഹയർ സെക്കൻഡറി സ്കൂൾ

## ജൂൺ – 19
## വായനാദിനം

**ലക്ഷ്യം**

വായനയോടുള്ള താല്പര്യം വളർത്തുകയും അതിലൂടെ സർഗാത്മക ശേഷിയുടെ വികാസവും.

**പ്രതീക്ഷിത ഫലം**

കുട്ടികളിൽ അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കുന്നു. വിവിധ ഭാഷയിലുള്ള രചനകൾ പരിചയപ്പെടാൻ അവസരം ഒരുക്കുന്നു. അതിലൂടെ രചനാശൈലി മനസിലാക്കുന്നു, ആശയങ്ങൾ പ്രകടിപ്പിക്കുന്നു. സഭാകമ്പം നിരാകരിക്കുന്നു. സർഗാത്മക രചനകൾ വികസിപ്പിക്കാനുള്ള അവസരം ഒരുക്കുന്നു.

**പ്രക്രിയ**

കുട്ടികളുടെ വിവധ തലങ്ങൾക്ക് അനുയോജ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. അക്ഷരവൃക്ഷം, പദസഞ്ചയിക, സംഖ്യാ ക്രീഡകൾ തുടങ്ങിയവ... ഐ.ടി. സഹായത്തോടെ സാഹിത്യകാരന്മാരെയും കൃതികളും മനസിലാക്കുന്നു. ചിത്ര വായനയും രചനാ മത്സരങ്ങളും സംഘടിപ്പിക്കുന്നു.

| | |
|---|---|
| ചിലവ് | – 0 |
| കാലയളവ് | – ഒരു ആഴ്ച |
| തിയ്യതി | – 19 ആഴ്ച |
| കുട്ടികളുടെ പങ്കാളിത്തം | – യു.പി., ഹൈസ്കൂൾ |
| ചുമതല | – കൃഷ്ണദാസ്, അരുണ |




ഹോളി ഹയർ സെക്കൻഡറി സ്കൂൾ

## ജൂൺ – 21
## യോഗാദിനം

**ലക്ഷ്യം**

യോഗയുടെ പ്രാധാന്യത്തെക്കുറിച്ച് ബോധവാന്മാരാക്കുന്നു. യോഗശാസ്ത്ര ഗ്രന്ഥ കർത്താവ് പതഞ്ജലിയക്കുറിച്ച് കൂടുതൽ അറിയുന്നു.

**പ്രതീക്ഷിത നേട്ടം**

ദൈനംദിന ജീവിതത്തിൽ യോഗക്കുള്ള പ്രാധാന്യം മനസ്സിലാക്കുന്നു. യോഗാസനങ്ങൾ പരിശീലിക്കുന്നു

**പ്രക്രിയ**

യോഗാചാര്യനെക്കുറിച്ചും യോഗശാസ്ത്രത്തെക്കുറിച്ചും ആസനങ്ങളെക്കുറിച്ചുമെല്ലാം വിവരങ്ങൾ അറിഞ്ഞു പതിപ്പ് തയ്യാറാക്കുന്നു. പരിശീലിക്കാൻ പറ്റുന്ന ചെറിയ ആസനങ്ങൾ പരിചയപ്പെടുത്തി പരിശീലിപ്പിക്കുന്നു.

| | |
|---|---|
| ചിലവ് | – ഇല്ല |
| കാലയളവ് | – 1.30 മണിക്കൂർ |
| സ്ഥലം | – സ്കൂൾ മൈതാനം, ഹാൾ |
| കുട്ടികൾ | – യു.പി. കുട്ടികൾ |
| ചുമതല | – അരുണ, വീണ, രേഷ്മ |

പറളി ഹയർ സെക്കൻഡറി സ്കൂൾ



## ജൂൺ – 15
## രാമായണ മാസാചരണം

**ലക്ഷ്യം**

പുരാണ ഇതിഹാസ ഗ്രന്ഥങ്ങളെ പരിചയപ്പെടുന്നു. ദശ പുഷ്പങ്ങളെ അറിയുന്നു അവയുടെ പ്രാധാന്യത്തെക്കുറിച്ച് ബോധവാന്മാരാക്കുന്നു. പ്രകൃതിയോട് കൂടുതൽ ഇണങ്ങുന്നു.

**പ്രതീക്ഷിത നേട്ടം**

ഇതിഹാസ ഗ്രന്ഥങ്ങളെയും കഥാപാത്രങ്ങളെയും അറിയുന്നു. ചിത്രരചനാ നൈപുണി ഉള്ളവരെ കണ്ടെത്തുന്നു. അഭിനയത്തിനും അവതരണശേഷിയും ഉള്ളവരെ കണ്ടെത്തുന്നു. ദശപുഷ്പങ്ങളെ പരിപാലിപ്പിക്കുന്നതിലൂടെ പ്രകൃതിയിലേക്ക് ഇറങ്ങി ച്ചെല്ലുന്നു.

**പ്രക്രിയ**

സ്കൂൾ അസംബ്ലിയിൽ രാമായണമാസം മുഴുവനായും ഏകശ്ലോക രാമായണം ഉൾപ്പെടുത്തുന്നു. രാമായണകഥാപാത്രങ്ങളിലൂടെ (ഫാൻസി ഡ്രസ്സ്) ദശപുഷ്പം നട്ടുവളർത്തുന്നു മറ്റു ചെടികളെയും സംരക്ഷിക്കുന്നു. ചിത്ര രചന മത്സരം പ്രശ്നോത്തരി എന്നിവ സംഘടിപ്പിക്കുന്നു.

കാലയളവ് – ഒരു മാസം ജൂലായ് 15 – ഓഗസ്റ്റ് 15
വേദി – യു.പി. ക്ലാസ്സ് റൂം, അസംബ്ലി ഹാൾ, വീട്/സ്കൂൾ പരിസരം.
പങ്കാളിത്തം – യു.പി., ഹൈസ്കൂൾ കുട്ടികൾ
ചുമതല – കൃഷ്ണദാസ്, അരുണ



## ഓഗസ്റ്റ് – 9
## സംസ്കൃത ദിനം

**ലക്ഷ്യം**

സംസ്കൃതഭാഷയെ വരും തലമുറക്കായി സംരക്ഷിക്കുക. സംസ്കൃത ഭാഷ ഉപയോഗിക്കാനും പഠിക്കാനും കുട്ടികളെ പ്രേരിപ്പിക്കുക. കുട്ടികളുടെ സർഗാത്മക ശേഷികളുടെ വികാസം.

**പ്രതീക്ഷിത നേട്ടം**

സംസ്കൃത ഭാഷയുടെ പ്രാധാന്യത്തെ അറിയൽ, ഏതെല്ലാം മേഖലകളിൽ സംസ്കൃതത്തിന്റെ സംഭാവനകൾ ഉണ്ട് എന്ന് അറിയുന്നു. കൂടുതൽ കുട്ടികളിലേക്ക് സംസ്കൃതം എത്തിക്കാം, കുട്ടികളിലെ സർഗാത്മകതയും കലാ അഭിരുചിയും മനസ്സിലാക്കുന്നു. ഷോർട് ഫിലീം നിർമ്മിക്കാൻ പ്രേരണ നൽകുന്നു.

**പ്രക്രിയ**

സംസ്കൃതത്തെ അറിയാം. അതിഥി ക്ലാസ്സ് സംഘടിപ്പിക്കുന്നു. സ്കൂളിൽ അസംബ്ലി സംഘടിപ്പിക്കുന്നു. കുട്ടികളുടെ രചനകളും ചിത്രങ്ങളും മറ്റും ഉൾപ്പെടുത്തി മാഗസിൻ തയ്യാറാക്കൽ. സംസ്കൃത ഭാഷയിലെ സിനിമ / ഷോർട്ട് ഫിലീം പ്രദർശനം ഒരുക്കുന്നു. സംസ്കൃതത്തിന്റെ പ്രാധാന്യം ഉൾക്കൊള്ളിച്ചുകൊണ്ട് ഫ്ളാഷ് മൊബ് / റാലി സംഘടിപ്പിക്കുന്നു.

കാലയളവ് – ഒരാഴ്ച (6,7,8,9,10,11,12)
ചിലവ് – 2500/–
ചിലവ് – സ്കൂൾ ഓഡിറ്റോറിയം
ചുമതല – കൃഷ്ണദാസ്, അരുണ




പറളി ഹയർ സെക്കൻഡറി സ്കൂൾ

## നവംബർ – 1
## കേരളപ്പിറവി

**ലക്ഷ്യം**

കേരളത്തിന്റെ സംസ്കാരത്തെയും ചരിത്രം, ഭാഷാ ശൈലി എന്നിവയെക്കുറിച്ചുള്ള ധാരണ വളർത്തുന്നതിന്.

**പ്രതീക്ഷിത നേട്ടം**

അതിഥി ക്ലാസ്സിലൂടെ ഒരു കലാരൂപത്തെ അറിയുന്നു. കേരളത്തിന്റെ തനതു ശൈലിയും സംഭാവനകളും കേരള ഗാനങ്ങളും കണ്ടെത്തുന്നു.

**പ്രക്രിയ**

അതിഥി ക്ലാസ്സിലൂടെ... കലയെ പരിചയപ്പെടൽ കേരളത്തിന്റെ സംഭാവനകൾ - പതിപ്പ് നിർമ്മാണം.

| | |
|---|---|
| ചിലവ് | – 750 രൂപ |
| സമയം | – നാല് മണിക്കൂർ |
| കുട്ടികളുടെ പങ്കാളിത്തം | – താല്പര്യം ഉള്ള എല്ലാ കുട്ടികളും |
| വേദി | – സ്കൂൾ ഓഡിറ്റോറിയം |
| ചുമതല | – കൃഷ്ണദാസ്, അരുണ |

***



## കൈത്താങ്ങ്

**ലക്ഷ്യം**

പഠന പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തുന്നതിനായി. പഠന പിന്നോക്കം നിൽക്കുന്നവർക്കായുള്ള കൈത്താങ്ങ്.

**പ്രതീക്ഷിത ഫലം**

ക്ലാസ്സിലെ മറ്റു കുട്ടികളുടെ നിലവാരത്തിലേക്ക് ഉയർത്തുക. അക്ഷര ജ്ഞാനവും വായന ശേഷിയും ഉള്ള വിദ്യാർത്ഥിയിലേക്കുള്ള ഉയർച്ച.

**പ്രക്രിയ**

പഠന പിന്നാക്കം നിൽക്കുന്നവർക്കായി വായനാ കാർഡുകളും അക്ഷര വായനയും ഡിജിറ്റൽ മാധ്യമങ്ങളും ഉപയോഗിക്കുന്നു. കളികളിലൂടെയുള്ള പഠനം നടപ്പിലാക്കുന്നു. സുഹൃത്തുക്കളുടെ നേതൃത്വത്തിൽ (peer group) ഗ്രൂപ്പ് ആയി തിരിച്ചു മത്സര രീതിയിൽ പഠനം നടത്തുന്നു. സംഘനേതാവിനും മറ്റു അംഗങ്ങൾക്കും സമ്മാനങ്ങൾ നൽകുന്നു.

**ജൂൺ, ജൂലായ്**

അക്ഷര കാർഡ് ഉപയോഗിച്ച് അക്ഷരങ്ങൾ, ചിഹ്നങ്ങൾ എന്നിവ ഉറപ്പിക്കുന്നു.

**ഓഗസ്റ്റ്**

നിത്യ ഉപയോഗ വസ്തുക്കളുടെ പേരുകളും മറ്റു പദങ്ങളും കണ്ടെത്തുന്നു അവ തിരിച്ചറിയുന്നു. നാമ പദ ക്രിയാപദ വിവേചനം നടക്കുന്നു.

**സെപ്തംബർ**

ചെറിയ വായനാക്കാർഡ് നൽകി വായിക്കുവാൻ ഉള്ള പ്രേരണ. എല്ലാ സംസ്കൃതം പിരീഡും 5 മിനിറ്റ് വീതം ഉറക്കെ ഉള്ള വായനക്ക് അവസരം ഒരുക്കുന്നു. ചെറു കഥാ പുസതകങ്ങൾ നൽകുന്നു.... പുതിയ വാക്കുകളെ കണ്ടെത്തുന്നു. ഗൃഹ സന്ദർശനം.

**ഒക്ടോബർ, നവംബർ**

വായനയിലേക്ക് എത്തിക്കുന്നു.

| | |
|---|---|
| ചിലവ് | : 0 |
| കാലപരിധി | : ജൂൺ മുതൽ നവംബർ |
| കുട്ടികളുടെ പങ്കാളിത്തം | : തിരഞ്ഞെടുക്കപ്പെട്ടവർ |
| സ്ഥലം | : ക്ലാസ്സ് റൂം. |
| ചുമതല | : കൃഷ്ണദാസ്, അരുണ |



പങ്കാളിത്തം – ഹൈസ്കൂൾ, യു.പി., വിദ്യാർത്ഥികൾ

ചുമതല – സയൻസ് അധ്യാപകർ

## സെപ്റ്റംബർ 9
## സ്കൂൾതല ശാസ്ത്രമേള

**ലക്ഷ്യം**

വിദ്യാർത്ഥികളുടെ ശാസ്ത്രീയ അറിവും അന്വേഷണ മനോഭാവവും വളർത്തുക സാങ്കേതിക വിദ്യകൾ പ്രായോഗികമായി ഉപയോഗിക്കാൻ അവസരം നൽകുക. കൂട്ടായ്മയും സംഘാടനശേഷിയും വികസിപ്പിക്കുക.

**പ്രതീക്ഷിത ഫലം**

ശാസ്ത്രത്തിന്റെ തത്വങ്ങളും പ്രയോഗങ്ങളും കൂടുതലായി മനസ്സിലാക്കാൻ കഴിയും സംശയങ്ങൾക്ക് ഉത്തരം കണ്ടെത്താനുള്ള ഗവേഷണശേഷി വികസിക്കും. ഭക്ഷണത്തിന്റെയും പോഷക ഘടകങ്ങളുടെയും അറിവ് നേടും. സുഹൃത്തുക്കളോടും അധ്യാപകരോടും സംവദിക്കാനുള്ള ആത്മവിശ്വാസം വർധിക്കും. സംഘാടന നൈപുണ്യങ്ങൾ പ്രായോഗികമായി പഠിക്കാനാകും.

**പ്രക്രിയ**

Still Model, Working Model പ്രദർശനം, Experiments Chart പ്രദർശനം, പരമ്പരാഗതവും പോഷകസമ്പന്നവുമായ വിഭവങ്ങളുടെ വിൽപന

പറളി ഹയർ സെക്കൻഡറി സ്കൂൾ

| | |
|---|---|
| പ്രതീക്ഷിത സമയം | - ഒരു ദിവസം |
| ഏകദേശ ചിലവ് | - 250 രൂപ |
| പങ്കാളിത്തം | - ഹൈസ്കൂൾ, യു.പി., വിദ്യാർത്ഥികൾ |
| ചുമതല | - സയൻസ് അധ്യാപകർ |



# സ്കൂൾതല ഭക്ഷ്യമേള

**ലക്ഷ്യം**

ആരോഗ്യപരമായ ഭക്ഷണ രീതികളെക്കുറിച്ചുള്ള അവബോധം നൽകുക. ഭക്ഷണത്തിലൂടെ ലഭിക്കുന്ന വിവിധ പോഷക ഘടകങ്ങളുടെ അറിവ്. മികച്ച ഭക്ഷണത്തിലൂടെ ശരീരത്തിന്റെ പ്രതിരോധ ശേഷി വർദ്ധിപ്പിക്കുക. കുട്ടികളിൽ നൂതന ആശയങ്ങൾ രൂപപ്പെടുത്തുന്നതിനു സഹായിക്കുന്നു.

**പ്രതീക്ഷിത ഫലം**

ഭക്ഷണത്തിന്റെയും വിവിധ പോഷക ഘടകങ്ങളുടെയും അറിവ് നേടും. അധ്യാപകരോടും മറ്റു വിദ്യാർത്ഥികളോടും ആത്മവിശ്വാസത്തോടെ സംവദിക്കാനുള്ള കഴിവ് നേടുന്നു. ആരോഗ്യപരമായ ഭക്ഷണം കഴിക്കേണ്ടതിന്റെ ആവശ്യം മനസ്സിലാക്കുന്നു. പരമ്പരാഗത ഭക്ഷ്യമാർഗങ്ങൾ മനസ്സിലാവാൻ സഹായിക്കുന്നു. ജീവിത ശൈലി രോഗങ്ങൾ മാറ്റുന്നതിൽ ഭക്ഷണത്തിന്റെ പങ്ക് മനസ്സിലാക്കാൻ സഹായിക്കുന്നു.

**പ്രക്രിയ**

പരമ്പരാഗതവും പോഷകസമ്പന്നവുമായ ഭക്ഷ്യവസ്തുക്കളുടെ ഉത്പാദനവും പ്രദർശനവും വിൽപനയും ഫുഡ് ചാർട്ടുകൾ മുതലായവ.

പ്രതീക്ഷിത സമയം – പകുതി ദിവസം

ഏകദേശ ചിലവ് – 1000 രൂപ

പങ്കാളിത്തം – ഹൈസ്കൂൾ, യു.പി വിദ്യാർത്ഥികൾ

മേൽനോട്ടം – സയൻസ് അധ്യാപകർ



# സെപ്റ്റംബർ - 16
# ഓസോൺ ദിനം

**ലക്ഷ്യം**

ഓസോൺ പാളി സംരക്ഷണത്തിന്റെ ആവശ്യകതയെക്കുറിച്ച് ലോകജനതയിൽ അവബോധം വളർത്തുക, ഓസോൺ പാളി ക്ഷയിപ്പിക്കുന്ന രാസവസ്തുക്കളുടെ നിർമ്മാണവും ഉപയോഗക്രമവും നിയന്ത്രിക്കുക എന്നതാണ് ഈ ദിനത്തിന്റെ ലക്ഷ്യം. അവബോധം വളർത്താൻ ചെയ്യാവുന്ന കാര്യങ്ങൾ

ഓസോൺ ക്ഷയിപ്പിക്കുന്ന വസ്തുക്കൾ ഒഴിവാക്കുക (CFCs, HFCs ഇല്ലാത്ത ഉൽപ്പന്നങ്ങൾ തിരഞ്ഞെടുക്കുക) പഴയ റഫ്രിജറേറ്ററുകൾ, എയർ കണ്ടീഷണറുകൾ ശരിയായി നശീകരിക്കുക. ഊർജ്ജക്ഷമ ഉപകരണങ്ങൾ ഉപയോഗിക്കുക., പരിസ്ഥിതി സൗഹൃദ ശീലങ്ങൾ സ്വീകരിക്കുക. ഓസോൺ പാളിയുടെ പ്രാധാന്യത്തെക്കുറിച്ച് മറ്റുള്ളവരിൽ അവബോധം വളർത്തുക

**അവബോധ പ്രവർത്തനങ്ങൾ**

സ്കൂളുകളിൽ പോസ്റ്റർ നിർമ്മാണം ലേഖനമത്സരം കവിതാപാരായണം, ബോധവത്ക്കരണം എന്നിവ സംഘടിപ്പിക്കുക. സോഷ്യൽ മീഡിയയിലൂടെ സന്ദേശങ്ങൾ പ്രചരിപ്പിക്കുക. ഓസോൺ ദിനം സംബന്ധിച്ച വീഡിയോ, ഗാനം, കവിത എന്നിവ പ്രചരിപ്പിക്കുക.

അനുവദിച്ച സമയം - ഒരു ദിവസം

ചെലവ് - 100 രൂപ

ഉത്തരവാദിത്തം - സയൻസ് അധ്യാപകർ

പറളി ഹയർ സെക്കൻഡറി സ്കൂൾ



# പഠനയാത്ര

**ലക്ഷ്യങ്ങൾ**

- പ്രത്യക്ഷമായ പഠനം
- നിരീക്ഷണ ശേഷി വർദ്ധിപ്പിക്കുക
- ശാസ്ത്രീയ ചിന്ത വളർത്തുക
- കൗതുകം ഉണർത്തുക
- ഗവേഷണ താല്പര്യം വളർത്തുക
- സമൂഹവുമായി ബന്ധം സ്ഥാപിക്കുക
- പുതിയ അറിവുകൾ നേടുക
- പ്രശ്നപരിഹാര ശേഷി വർദ്ധിപ്പിക്കുക
- സംഘബോധം വളർത്തുക
- പ്രകൃതിയെ അടുത്തറിയുക

**പ്രതീക്ഷിത ഫലം**

അറിവും ധാരണയും വർദ്ധിപ്പിക്കുക. ക്ലാസ്സ് മുറിയിൽ പഠിച്ച ശാസ്ത്ര ആശയങ്ങളെയും തത്വങ്ങളെയും കുറിച്ച് നേരിട്ടുള്ള അനുഭവങ്ങളിലൂടെ കൂടുതൽ ആഴത്തിലുള്ള ധാരണ ലഭിക്കുന്നു. നിരീക്ഷണ കഴിവുകൾ വികസിപ്പിക്കുക. സൂക്ഷ്മമായ നിരീക്ഷണ ശേഷി വളർത്തുന്നു.

പരീക്ഷണാത്മക പഠനം Experience Learning പ്രായോഗിക വൈദഗ്ധ്യങ്ങൾ വികസിപ്പിക്കുവാൻ സഹായിക്കുന്നു. കൗതുകവും താൽപര്യവും വളർത്തുക വിമർശനാത്മക ചിന്തയും പ്രശ്നപരിഹാര ശേഷിയും പ്രശ്നങ്ങളെ വിശകലനം ചെയ്യാനും പരിഹാരങ്ങൾ കണ്ടെത്താനുള്ള കഴിവ് വളർത്തുന്നു.

സാമൂഹികവും സഹകരണപരവുമായ കഴിവുകൾ. സഹകരണം ആശയവിനിമയം, ടീം വർക്ക് എന്നിവയുടെ പ്രാധാന്യം മനസ്സിലാക്കാൻ സാധിക്കുന്നു. കൗതുകവും താൽപര്യവും വളർത്തുക. വിമർശനാത്മക ചിന്തയും പ്രശ്നപരിഹാര കഴിവുകൾ. സഹകരണം, ആശയവിനിമയം, ടീം വർക്ക് എന്നിവയുടെ പ്രാധാന്യം മനസ്സിലാക്കാൻ സാധിക്കുന്നു.

പുതിയ കാഴ്ചപ്പാടുകൾ നേടുക. ശാസ്ത്ര പഠന യാത്രകൾ പുതിയ സ്ഥലങ്ങളും സംസ്കാരങ്ങളും പരിചയപ്പെടാൻ അവസരം നൽകുന്നു. ശാസ്ത്രജ്ഞരെയും ഗവേഷകരെയും നേരിട്ട് കാണാനും അവരുമായി സംവദിക്കാനും അവസരം ലഭിക്കുന്നത് വിദ്യാർത്ഥികൾക്ക് വലിയ പ്രചോദനമാകും.

**പ്രക്രിയ**

- യാത്രാ ക്രമീകരണം
- സ്ഥലത്തെത്തൽ
- പ്രവേശന നടപടികൾ
- വിദഗ്ധരുമായുള്ള സംവാദം
- നിരീക്ഷണവും പഠന പ്രവർത്തനങ്ങളും
- നിരീക്ഷണങ്ങൾ രേഖപ്പെടുത്തുക. (നോട്ടുബുക്കിൽ/വർക്ക് ഷീറ്റിൽ)
- ചിത്രങ്ങൾ എടുക്കുക
- പ്രസന്റേഷനുകൾ കാണുക
- എക്സിബിഷനുകൾ വിശദമായി കാണുക
- ചർച്ചകളും സംശയ നിവാരണവും
- റിപ്പോർട്ട് തയ്യാറാക്കൽ
- പ്രതികരണങ്ങൾ
- വിലയിരുത്തൽ

പറളി ഹയർ സെക്കൻഡറി സ്കൂൾ

പ്രതീക്ഷിത സമയം - ഒരു ദിവസം

ഏകദേശ ചിലവ് - 2000 രൂപ

പങ്കാളിത്തം - ഹൈസ്കൂൾ, യു.പി., വിദ്യാർത്ഥികൾ

ചുമതല - സയൻസ് അധ്യാപകർ



## നവംബർ – 10
## അന്താരാഷ്ട്ര ശാസ്ത്രദിനം

**ലക്ഷ്യം**

- വിദ്യാർത്ഥികളിൽ ശാസ്ത്രീയ അഭിരുചി വളർത്തുക
- കൗതുകം, ജിജ്ഞാസ, നിരീക്ഷണപാടവം എന്നിവ പരിപോഷിപ്പിക്കുക.
- മാനവികതയിൽ ഊന്നിയുള്ള ശാസ്ത്ര ബോധം വളർത്തുക
- അന്വേഷണ തൃഷ്ണ, വർദ്ധിപ്പിക്കൽ നേരറിവ് നേടൽ

ശാസ്ത്രലോകത്തെ പുതിയ അറിവുകളെ കുറിച്ച് നിരന്തരമായി അന്വേഷണം നടത്തുകയും ലഭിച്ച വിവരങ്ങൾ വിശകലനം ചെയ്യാനുള്ള ശേഷി നേടുകയും ചെയ്യുന്നു.

**പ്രതീക്ഷിത ഫലം**

1. ശാസ്ത്ര താൽപര്യം വർദ്ധിപ്പിക്കൽ
2. വിദ്യാർത്ഥികളിൽ ശാസ്ത്രത്തോടുള്ള കൗതുകം വർദ്ധിക്കുന്നു.
3. സാങ്കേതിക വിദ്യയിലേക്കും ഗവേഷണത്തിലേക്കും കൂടുതൽ യുവതലമുറ എത്താൻ പ്രചോദനമാകുന്നു.
4. സൃഷ്ടിപരമായ കഴിവുകൾ വികസിപ്പിക്കൽ
5. വിവിധ പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്നതിലൂടെ വിദ്യാർത്ഥികളുടെ സൃഷ്ടിപരതയും വിശകലനശേഷിയും വളരാൻ സഹായിക്കുന്നു.
6. ഗ്രൂപ്പ് ആക്ടിവിറ്റികൾ പ്രോജക്ടുകൾ എന്നിവ വിദ്യാർത്ഥികൾക്ക് സംഘത്തിൽ ജോലി ചെയ്യാനും അഭിപ്രായങ്ങൾ പങ്കുവെക്കാനും സഹായകമാകുന്നു.
7. പുതുപുത്തൻ സാങ്കേതികവിദ്യയും പുത്തൻ കണ്ടെത്തലുകളും പരിചയപ്പെടുന്നു.

പ്രക്രിയ. ക്വിസ് മത്സരം, ശാസ്ത്ര മാസിക പ്രദർശനം, ഡിജിറ്റൽ അവതരണങ്ങൾ.

| | |
|---|---|
| പ്രതീക്ഷിത സമയം | – ഒരു ദിവസം |
| ഏകദേശ ചിലവ് | – 250 രൂപ |
| പങ്കാളിത്തം | – ഹൈസ്കൂൾ, യു.പി. വിദ്യാർത്ഥികൾ |
| ചുമതല | – സയൻസ് അധ്യാപകർ |

## ഡിസംബർ – 1
## ലോക എയ്ഡ്സ് ദിനം

**ലക്ഷ്യം**

- എച്ച്.ഐ.വി എയ്ഡ്സിനെതിരെ അവബോധം വളർത്തൽ
- കളങ്കവും വിവേചനവും ചെറുക്കൽ
- സുരക്ഷിതമായ പെരുമാറ്റം പ്രോത്സാഹിപ്പിക്കൽ

**പ്രതീക്ഷിത ഫലം**

- പുതിയ അണുബാധകൾ കുറയ്ക്കുക
- എയ്ഡ്സ് രഹിതമായ ഒരു തലമുറ കൈവരിക്കുക

**പ്രക്രിയ**

- സ്കൂൾ അസംബ്ലിയിൽ ചുവന്ന റിബ്ബൺ ബാഡ്ജ് കൊടുക്കുക
- എയ്ഡ്സ് ദിന സന്ദേശം
- ബോധവത്ക്കരണ ക്ലാസ്

പറളി ഹയർ സെക്കൻഡറി സ്കൂൾ

പ്രതീക്ഷിത സമയം – ഒന്നര മണിക്കൂർ

ഏകദേശ ചിലവ് – 200 രൂപ

പങ്കാളിത്തം – ഹൈസ്കൂൾ, യു.പി. വിദ്യാർത്ഥികൾ

ചുമതല – സയൻസ് അധ്യാപകർ



# ഫിസിക്സ്, കെമിസ്ട്രി, ബയോളജി എന്നീ വിഷയങ്ങളിൽ അക്കാദമിക നിലവാരം കൂട്ടാനുള്ള തനതു പരിപാടികൾ

**ലക്ഷ്യം**

- വിദ്യാർത്ഥികളിൽ ശാസ്ത്രതാല്പര്യം ഉണ്ടാക്കുക.
- നിത്യജീവിതത്തിൽ ശാസ്ത്ര തത്വങ്ങളിലൂന്നി പ്രശ്നപരിഹാരം കണ്ടെത്തുക.
- മാനവികതയിൽ ഊന്നി ജീവിക്കാനുള്ള ശേഷി വളർത്തുക.
- നിരീക്ഷണം പരീക്ഷണം എന്നിവയിലൂടെഅറിവുനിർമാണംപരിപോഷിപ്പിക്കുക.
- ആർജിച്ച അറിവുകൾ പരസ്പരം പങ്കുവെക്കൽ
- നേതൃപാടവം

**പ്രതീക്ഷിത ഫലം**

- വിദ്യാർത്ഥികളിൽ ശാസ്ത്രത്തോടുള്ള ആഭിമുഖ്യം വർദ്ധിക്കുന്നു.
- വിദ്യാർത്ഥികളുടെ നേതൃപാടവവും സഹകരണമനോഭാവവും വർദ്ധിക്കുന്നു.
- പ്രശ്നങ്ങളെ അതിജീവിക്കാനുള്ള സേഷി വർദ്ധിക്കുന്നു.
- അക്കാദമിക നിലവാരം വർദ്ധിക്കുന്നു.

**പ്രക്രിയ**

- വർക്ക്ഷീറ്റ്
- യൂണിറ്റ് ടെസ്റ്റ്
- SAG
- ഓരോ നിലവാരത്തിലുള്ളവർക്കും പ്രത്യേകം പ്രത്യേകം മൊഡ്യൂൾ പ്രൊജക്ട് Assignment
- സെമിനാർ പ്രസന്റേഷൻ
- സയൻസ് ഡയറി

**പ്രതീക്ഷിതസമയം**

- എല്ലാ പ്രവർത്തിദിനങ്ങളും

ഏകദേശ ചിലവ് - 250 രൂപ

പങ്കാളിത്തം - ഹൈസ്കൂൾ, യു.പി. വിദ്യാർത്ഥികൾ

ചുമതല - സയൻസ് അധ്യാപകർ

***

# പറളി ഹയർ സെക്കൻഡറി സ്കൂൾ

## ബേസിക് സയൻസ് (യു.പി. വിഭാഗം)

**2025 – 26**

പറളി ഹയർ സെക്കൻഡറി സ്കൂൾ



## ആമുഖം

ശാസ്ത്രം മനുഷ്യന്റെ സ്വാഭാവിക ജിജ്ഞാസയെ ആധാരമാക്കി വികസിച്ച അറിവിന്റെ ഒരു ശാഖയാണ്. പ്രകൃതിയിലെ സംഭവങ്ങളെ സംബന്ധിച്ചുള്ള സൂക്ഷ്മ പരിശോധനയും നിരീക്ഷണവും അടിസ്ഥാനമാക്കിയുള്ള അറിവുകളുടെ ശാസ്ത്രീയ പഠനമാണ് ശാസ്ത്രം, പഠിതാവ് ശാസ്ത്ര വിജ്ഞാനവും പ്രക്രിയ ശേഷികളും ആർജിക്കുകയും അതോടൊപ്പം ശാസ്ത്രീയമായ മനോഭാവങ്ങളും മൂല്യങ്ങളും കൈവരിക്കുകയും ചെയ്യുന്നു.

**ശാസ്ത്ര പഠനം – ഊന്നൽ മേഖലകൾ**

1. നിരീക്ഷണശേഷിയും അറിവിന്റെ വികാസവും ഉള്ള പഠനം. സ്വാഭാവിക ഘടകങ്ങൾക്കുള്ള ശ്രദ്ധാപൂർവ്വമായ നിരീക്ഷണവും അറിവ് കണ്ടെത്തൽ വഴി പഠനരീതിയും പരീക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ ഉപസംഹാരങ്ങൾ എത്തലും.

2. പ്രശ്നപരിഹാര ശേഷി വികസനം ശാസ്ത്രീയ പ്രശ്നങ്ങൾ തിരിച്ചറിയലും ലളിതമായ പരീക്ഷണങ്ങൾ രൂപകൽപ്പന ചെയ്യൽ.

3. അന്വേഷണാധിഷ്ഠിത പഠനം എന്തുകൊണ്ട്? എങ്ങനെ? എന്നതുപോലുള്ള ചോദ്യങ്ങൾ ഉന്നയിക്കാൻ പ്രേരിപ്പിക്കലും പഠനത്തിലൂടെ സ്വയം കണ്ടെത്തലും വിദ്യാർത്ഥികളുടെ പങ്കാളിത്തം വർദ്ധിപ്പിക്കലും.

4. ശാസ്ത്രീയ വർത്തമാന ബോധം പരിസ്ഥിതി ബോധവും ഉത്തരവാദിത്തവും വളർത്തൽ.

5. പാരിസ്ഥിതിക ബോധവത്ക്കരണം പ്രകൃതിയുടെ സംരക്ഷണവും, ശാസ്ത്രത്തിന്റെ പങ്കും, മാലിന്യനിയന്ത്രണം, ജലസംരക്ഷണം ഊർജ്ജ സംരക്ഷണം തുടങ്ങിയ വിഷയങ്ങൾ.

6. സാങ്കേതിക വിദ്യയുടെ ഉൾക്കൊള്ളൽ ഐ.ടി പ്രയോജനപ്പെടുത്തിയുള്ള പഠനം.



## ജൂൺ – 5
## ലോക പരിസ്ഥിതി ദിനം

**ലക്ഷ്യം**

മലിനീകരണം, ആഗോളതാപനം, വനനശീകരണം, ജലദൗർലഭ്യം, ജൈവവൈവിധ്യ നഷ്ടം തുടങ്ങിയ പരിസ്ഥിതി പ്രശ്നങ്ങളെക്കുറിച്ച് വിദ്യാർത്ഥികളെയും അതുവഴി സമൂഹത്തെയും ബോധവത്ക്കരിക്കുക എന്നതാണ് പ്രധാന ലക്ഷ്യം.

**പ്രതീക്ഷിത ഫലം**

- വിദ്യാർത്ഥികളിൽ പരിസ്ഥിതി അവബോധം വർദ്ധിക്കുന്നു
- പാരിസ്ഥിതിക സൗഹൃദ സൗഹൃദ ശീലങ്ങൾ രൂപപ്പെടുന്നു.
- ശുദ്ധജല സംരക്ഷണത്തിൽ വിദ്യാർത്ഥികളുടെ പങ്കാളിത്തം വർദ്ധിക്കുന്നു.
- സാമൂഹിക ഉത്തരവാദിത്ത ബോധം വിദ്യാർത്ഥികളിൽ വളർത്തുന്നു.

**പ്രക്രിയ**

പോസ്റ്റർ നിർമ്മാണം, ചിത്രരചന, ക്വിസ് മത്സരം, ലേഖനങ്ങൾ

പ്രതീക്ഷിത സമയം : ഒരു ദിവസം

ഏകദേശ ചിലവ് : 250 രൂപ

പങ്കാളിത്തം : യു.പി വിദ്യാർത്ഥികൾ

ചുമതല : ശാസ്ത്ര അധ്യാപകർ



## ജൂൺ – 26
## ലഹരി വിരുദ്ധ ദിനം

**ലക്ഷ്യം**

ലഹരി ഉപയോഗത്തിന്റെ ആരോഗ്യപരമായ പ്രത്യാഘാതങ്ങൾ, ചികിത്സാമാർഗ്ഗങ്ങൾ, മുൻകരുതലുകൾ എന്നിവയെക്കുറിച്ച് കുട്ടികളിൽ ബോധവത്കരണം.

**പ്രതീക്ഷിത ഫലങ്ങൾ**

- ലഹരി ഉപയോഗം തടയുക
- മുൻകരുതൽ ശക്തിപ്പെടുത്തുക
- ദൂഷ്യഫലങ്ങളെക്കുറിച്ച് ബോധവാന്മാരാക്കുക.

**പ്രക്രിയ**

- പോസ്റ്റർ നിർമ്മാണം
- ബോധവത്ക്കരണ ക്ലാസ്സ്
- ലഹരി വിരുദ്ധ റാലി
- ഡിജിറ്റൽ അവതരണം

പ്രതീക്ഷിത സമയം ഒരു ദിവസം

ഏകദേശ ചിലവ് : 200 രൂപ

പങ്കാളിത്തം : യു.പി. കുട്ടികൾ

ചുമതല : ശാസ്ത്ര അധ്യാപകർ

പറളി ഹയർ സെക്കൻഡറി സ്കൂൾ



## ജൂലായ് – 21
## ചാന്ദ്രദിനം

**ലക്ഷ്യം**

- ശാസ്ത്രബോധം വർദ്ധിപ്പിക്കൽ
- ചന്ദ്രയാത്രയുടെ ചരിത്രവും പ്രാധാന്യവും മനസ്സിലാക്കുക.
- ചന്ദ്രയാത്രികരുടെ അനുഭവങ്ങളെക്കുറിച്ച് അറിവ് നേടുക

**പ്രതീക്ഷിത ഫലങ്ങൾ**

- വിദ്യാർത്ഥികളിൽ ശാസ്ത്രത്തോടും ബഹിരാകാശ പഠനത്തോടുമുള്ള കൗതുകം വർദ്ധിക്കുന്നു.
- ഇന്ത്യയുടെ ഇന്ത്യയുടെ ബഹിരാകാശ വിജയങ്ങൾ മനസ്സിലാക്കുന്നു.
- ബഹിരാകാശ യാത്രകളുടെ ശാസ്ത്രീയ പശ്ചാത്തലങ്ങൾ മനസ്സിലാക്കുന്നതിലൂടെ ഈ മേഖലകളിലേക്കുള്ള താൽപര്യം വർദ്ധിക്കുന്നു.

**പ്രക്രിയ**

പോസ്റ്റർ, ക്വിസ് മത്സരം, കൊളാഷ്. ഡിജിറ്റൽ അവതരണങ്ങൾ

പ്രതീക്ഷിത സമയം : ഒരു ദിവസം

ഏകദേശ ചിലവ് : 250 രൂപ

പങ്കാളിത്തം : യു.പി. കുട്ടികൾ

ചുമതല : ശാസ്ത്ര അധ്യാപകർ

പറളി ഹയർ സെക്കൻഡറി സ്കൂൾ



## സെപ്റ്റംബർ 9
## സ്കൂൾ ശാസ്ത്രമേള

**ലക്ഷ്യം**

ശാസ്ത്രമേളകൾ വിദ്യാർത്ഥികൾക്ക് ശാസ്ത്രം സാങ്കേതികവിദ്യ എൻജിനീയറിങ് ആർട്ട് ഗണിത (Steam) എന്നിവയിൽ ആഴത്തിലുള്ള അറിവും പ്രായോഗിക പരിചയവും നൽകുന്ന സമ്പൂർണ്ണമായ അനുഭവങ്ങളാണ് ഇവ വിദ്യാർത്ഥികളുടെ ബോധവത്കരണവും സാമൂഹിക വ്യക്തിത്വ വികസനവും ശക്തിപ്പെടുന്നു.

**പ്രതീക്ഷിത ഫലം**

- സൃഷ്ടിപരമായ കഴിവുകളുടെ വികസനം
- ശാസ്ത്രബോധം വർദ്ധിപ്പിക്കൽ
- ആശയവിനിമയ കഴിവുകൾ മെച്ചപ്പെടുത്തൽ
- സംഘപ്രവർത്തനവും സാമൂഹിക സംവേദനവും
- ആത്മവിശാസം വർദ്ധിപ്പിക്കൽ

**പ്രക്രിയ**

- സ്റ്റിൽ മോഡൽ, വർക്കിങ് മോഡൽ പ്രദർശനം
- പരീക്ഷണങ്ങൾ
- ചാർട്ട് പ്രദർശനം

പ്രതീക്ഷിത സമയം : ഒരു ദിവസം

ഏകദേശ ചിലവ് : 500 രൂപ

പങ്കാളിത്തം : യു.പി. കുട്ടികൾ

ചുമതല : ശാസ്ത്ര അധ്യാപകർ

ഹയർ സെക്കൻഡറി സ്കൂൾ



## ഭക്ഷ്യമേള

**ലക്ഷ്യം**

- പ്രാദേശിക ഭക്ഷണ ശൈലികൾ പരിചയപ്പെടുകത്തുക
- വ്യത്യസ്ത സാമൂഹിക പശ്ചാത്തലങ്ങളിലുള്ള ആളുകളെ ഒരുമിപ്പിക്കുക.
- പ്രാദേശിക കാർഷിക ഉൽപ്പന്നങ്ങൾ ഭക്ഷ്യവസ്തുക്കൾ എന്നിവ പ്രചരിപ്പിക്കുക.
- ആരോഗ്യപരമായ ഭക്ഷണശീലങ്ങളെക്കുറിച്ച് ബോധവത്ക്കരണം നടത്തുക.

**പ്രതീക്ഷിത ഫലങ്ങൾ**

കുട്ടികളുടെ സാംസ്കാരിക ബോധം വർദ്ധിപ്പിക്കുകയും സാമൂഹിക ബന്ധങ്ങൾ ശക്തിപ്പെടുത്തുകയും ചെയ്യുന്നു.

വിദ്യാർത്ഥികൾക്ക് പോഷകാഹാരത്തിന്റെ പ്രാധാന്യം മനസ്സിലാക്കാൻ സഹായിക്കുന്നു.

**പ്രക്രിയ**

കാർഷിക ഉൽപ്പന്നങ്ങളുടെ പ്രദർശനവും വിൽപ്പനയും, ഫുഡ് ചാർട്ട്.

പറളി ഹയർ സെക്കൻഡറി സ്കൂൾ

പ്രതീക്ഷിത സമയം : ഒരു ദിവസം

ഏകദേശ ചിലവ് : 1500 രൂപ

പങ്കാളിത്തം : യു.പി. കുട്ടികൾ

ചുമതല : ശാസ്ത്ര അധ്യാപകർ



## സെപ്റ്റംബർ 16
## ഓസോൺ ദിനം

**ലക്ഷ്യം**

ഓസോൺ പാളിയുടെ പ്രാധാന്യം, അതിന്റെ ക്ഷയം, അതിന്റെ ഫലങ്ങൾ എന്നിവയെക്കുറിച്ച് കുട്ടികളിൽ അവബേധം വളർത്തുക

പ്രതീക്ഷിത ഫലങ്ങൾ

- ഊർജ്ജക്ഷമ ഉപകരണങ്ങൾ ഉപയോഗിക്കുക.
- പരിസ്ഥിതി സൗഹൃദ ശീലങ്ങൾ സ്വീകരിക്കുക.
- ഓസോൺ പാളിയുടെ പ്രാധാന്യത്തെക്കുറിച്ച് മറ്റുള്ളവരിൽ അവബോധം വളർത്തുക

**പ്രക്രിയ**

- പോസ്റ്റർ നിർമ്മാണം
- ലേഖന മത്സരം

സമയം : ഒരു ദിവസം
ചിലവ് : 100 രൂപ
പങ്കാളിത്തം : യു.പി. കുട്ടികൾ
ചുമതല : ശാസ്ത്ര അധ്യാപകർ

പറളി ഹയർ സെക്കൻഡറി സ്കൂൾ



## നവംബർ 10
## അന്താരാഷ്ട്ര ശാസ്ത്ര ദിനം

**ലക്ഷ്യം**

വിദ്യാർത്ഥികളിൽ ശാസ്ത്രീയ ചിന്താഗതിയും അന്വേഷണാത്മക മനോഭാവവും വളർത്തുക. ശാസ്ത്രീയ കണ്ടുപിടുത്തങ്ങളിൽ താല്പര്യം

പുതിയ കണ്ടുപിടുത്തങ്ങളിലും ശാസ്ത്രജ്ഞരിലും കുട്ടികളിൽ താൽപര്യം സൃഷ്ടിക്കുക. ശാസ്ത്രം നമ്മുടെ ദൈനംദിന ജീവിതത്തിൽ എത്രത്തോളം പ്രാധാന്യമാണെന്ന് കുട്ടികളെ മനസ്സിലാക്കിപ്പിക്കുക.

**പ്രതീക്ഷിത ഫലം**

- ശാസ്ത്ര വിഷയങ്ങളോടുള്ള താൽപര്യം വർദ്ധിപ്പിക്കുന്നു.
- അന്വേഷണാത്മക കഴിവുകൾ മെച്ചപ്പെടുന്നു.
- ശാസ്ത്രീയ ചിന്താഗതി രൂപപ്പെടുന്നു.
- സമൂഹത്തിലെ ശാസ്ത്രത്തിന്റെ പ്രാധാന്യം തിരിച്ചറിയുന്നു.
- പൊതുവായ അറിവ് വർദ്ധിക്കുന്നു.

**പ്രക്രിയ**

പോസ്റ്റർ നിർമ്മാണം, ക്വിസ് മത്സരം, ഡിജിറ്റൽ അവതരണം, ലളിതമായ ശാസ്ത്ര പരീക്ഷണങ്ങൾ.

പ്രതീക്ഷിത സമയം : ഒരു ദിവസം
ഏകദേശ ചിലവ് : 250 രൂപ
പങ്കാളിത്തം : യു.പി. കുട്ടികൾ
ചുമതല : ശാസ്ത്ര അധ്യാപകർ

പറളി ഹയർ സെക്കൻഡറി സ്കൂൾ

SI Science International
In Service since 1988

## ഡിസംബർ 1
## ലോക എയ്ഡ്സ് ദിനം

**ലക്ഷ്യം**

HIV എയ്ഡ്സിനെതിരെ അവബോധം വളർത്തൽ

**പ്രതീക്ഷിത ഫലങ്ങൾ**

എയ്ഡ്സ് രഹിതമായ ഒരു തലമുറ കൈവരിക്കുക.

**പ്രക്രിയ**

- എയ്ഡ്സ് ദിന സന്ദേശം
- സ്കൂൾ അസംബ്ലിയിൽ ചുവന്ന റിബൺ ബാഡ്ജ് കൊടുക്കുക.
- ബോധവത്ക്കരണ ക്ലാസ്സ്

| | |
|---|---|
| പ്രതീക്ഷിത സമയം | : ഒന്നര മണിക്കൂർ |
| ഏകദേശ ചിലവ് | : 200 രൂപ |
| പങ്കാളിത്തം | : യു.പി. കുട്ടികൾ |
| ചുമതല | : ശാസ്ത്ര അധ്യാപകർ |

## പഠനയാത്ര

**ലക്ഷ്യങ്ങൾ**

- വിഷയാനുസൃത പഠനം
- സാമൂഹിക ബോധവത്ക്കരണം
- സംഘബോധം വളർത്തുക
- ആത്മവിശ്വാസം വർദ്ധിപ്പിക്കൽ
- പ്രായോഗിക പഠനം
- ഗവേഷണ താൽപര്യം വളർത്തുക.
- നിരീക്ഷണശേഷി വർദ്ധിപ്പിക്കുക.

**പ്രതീക്ഷിത ഫലങ്ങൾ**

വിദ്യാഭ്യാസ വഷയങ്ങളുമായി ബന്ധപ്പെട്ട സ്ഥലങ്ങൾ സന്ദർശിച്ച് കൂടുതൽ അറിവ് നേടുന്നു. വിദ്യാർത്ഥികൾ കൂട്ടായ്മയിൽ പ്രവർത്തിക്കാനുള്ള കഴിവ് വികസിക്കുകയും ആത്മവിശ്വാസം നേടുകയും സാമൂഹിക സാഹചര്യങ്ങളെക്കുറിച്ച് ബോധവാന്മാരാവുകയും ചെയ്യുന്നു.

ഹോളി ഹയർ സെക്കൻഡറി സ്കൂൾ

**പ്രക്രിയ**

- വിഷയാനുസൃതവും സുരക്ഷിതത്വവുമായ സ്ഥലം തിരഞ്ഞെടുക്കുക.
- യാത്രാ ക്രമീകരണം
- നിരീക്ഷണവും പഠന പ്രവർത്തനങ്ങളും
- ചർച്ചകളും സംശയനിവാരണവും
- റിപ്പോർട്ട് തയ്യാറാക്കൽ

പ്രതീക്ഷിത സമയം : ഒരു ദിവസം

ഏകദേശ ചിലവ് : 2000 രൂപ

പങ്കാളിത്തം : യു.പി. കുട്ടികൾ

ചുമതല : ശാസ്ത്ര അധ്യാപകർ

**അക്കാദമിക നിലവാരം മെച്ചപ്പെടുത്തുന്നതുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങൾ**

## യൂണിറ്റ് ടെസ്റ്റ്

പാഠഭാഗവുമായി ബന്ധപ്പെട്ടുള്ള വർക്ക് സീറ്റുകളും മൾട്ടിപ്പിൾ ചോയ്സ് ചോദ്യങ്ങളും അധ്യാപകരുടെ മേൽനോട്ടത്തിൽ കുട്ടികൾ തയ്യാറാക്കൽ.

മാസത്തിലൊരു ദിവസവും ശാസ്ത്രവുമായി ബന്ധപ്പെട്ട പരീക്ഷണങ്ങൾ ക്ലാസ് മുറിയിൽ നടപ്പാക്കൽ. പഠന പിന്തുണയും ആവശ്യമായവരെ കണ്ടെത്തി മറ്റു കുട്ടികളുടെയും അധ്യാപകന്റെയും സഹായത്തോടെ അറിവുകൾ നൽകൽ നോട്ട് ചെക്കിങ്.

## കോച്ചിങ് ക്ലാസ്

ടെക്സ്റ്റ് ബുക്കുകളും ശാസ്ത്ര പുസ്തകവും വായനാശീലം വളർത്തൽ.



പറളി ഹയർ സെക്കൻഡറി സ്കൂൾ

# പറളി ഹയർ സെക്കൻഡറി സ്കൂൾ
## സോഷ്യൽ സയൻസ് (ഹൈസ്കൂൾ)
## ആക്ഷൻ പ്ലാൻ 2025 – 26

പറളി ഹയർ സെക്കൻഡറി സ്കൂൾ



## ആമുഖം

വിദ്യാഭ്യാസത്തിന്റെ ആത്യന്തിക ലക്ഷ്യങ്ങൾ നേടുന്നതിൽ സാമൂഹ്യ ശാസ്ത്ര പഠനത്തിന് പ്രധാന സ്ഥാനമുണ്ട്. മെച്ചപ്പെട്ട സാമൂഹ്യ ജീവിതത്തിനാവശ്യമായ ശേഷികൾ, നൈപുണികൾ, ധാരണകൾ, മൂല്യങ്ങൾ എന്നിവ നേടുന്നതിന് വിദ്യാർത്ഥികളെ പ്രാപ്തരാക്കുവാൻ സാമൂഹ്യ ശാസ്ത്ര പഠനം ഏറെ സഹായിച്ചിട്ടുണ്ട്.

ക്ലാസ്സ് മുറിയിലും പാഠപുസ്തകത്തിലുമായി ഒതുക്കി നിർത്താവുന്നതല്ല സാമൂഹ്യ ശാസ്ത്ര പഠനം. അനുദിനം വികസിച്ചുകൊണ്ടിരിക്കുന്ന വിജ്ഞാനത്തെ സ്വായത്തമാക്കാനുതകുന്ന അന്വേഷണതൽപ്പരതയും വിമർശനാത്മക ചിന്തയും കുട്ടികളിൽ വളർത്തിക്കൊണ്ടുവന്ന് അവരെ സാമൂഹ്യാവശ്യങ്ങൾ നിറവേറ്റാൻ കെൽപ്പുള്ള ഉത്തമ പൗരൻമാരാക്കി മാറ്റാൻ സാമൂഹ്യ ശാസ്ത്ര പഠനം ലക്ഷ്യമിടുന്നു. അതിനനുയോജ്യമായ പാഠ്യ - പാഠ്യേതര പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് കുട്ടികളിലേക്ക് എത്തിക്കാൻ ലക്ഷ്യമിട്ടുള്ള ഒരു പ്രവർത്തന പദ്ധതിയാണ് ചുവടെ കൊടുത്തിട്ടുള്ളത്.

പറളി ഹയർ സെക്കൻഡറി സ്കൂൾ

**അവസ്ഥാ വിശകലനം**

മുൻക്ലാസ്സുകളിൽ നിന്ന് സ്വായത്തമാക്കിയ ശേഷികളെ വിലയിരുത്തി മികവുകളും പരിമിതികളും തിരിച്ചറിഞ്ഞ്, പരിമിതികൾ പരിഹരിക്കാനാവശ്യമായ ഇടപെടലുകൾ അധ്യാപകരുടെ നേതൃത്വത്തിൽ നടത്തുന്നു. ആദ്യത്തെ ഒരാഴ്ചക്കാലം അത്തരം കുട്ടികൾക്കായി അധിക പഠന സമയം കണ്ടെത്തി കുട്ടികളെ നിലവാരത്തിലേക്കെത്തിക്കുന്നു.

പഠന പ്രവർത്തനങ്ങൾ/ക്ലാസ്സ് റൂം പ്രവർത്തനങ്ങൾ.

ഹൈസ്കൂൾ വിഭാഗത്തിൽ 8,9,10 ക്ലാസ്സുകളിലെ പാഠപുസ്തകവുമായി ബന്ധപ്പെട്ട പഠന പ്രവർത്തനങ്ങൾ സമയ ബന്ധിതമായി കുട്ടികളിലേക്ക് എത്തിക്കുന്നു. സാമൂഹ്യശാസ്ത്രപഠനത്തിന്റെ വിവധ വിഷയ മേഖലകൾ - ചരിത്രം, ഭൂമിശാസ്ത്രം, രാഷ്ട്രതന്ത്രം, സാമ്പത്തിക ശാസ്ത്രം - കൃത്യമായ ആസൂത്രണത്തിലൂടെ ആസ്വാദ്യകരമായി അവതരിപ്പിക്കുന്നു. അതിനായി വിവിധങ്ങളായ പഠന തന്ത്രങ്ങൾ ക്ലാസ് റൂം സാഹചര്യങ്ങൾക്കനുസരിച്ച് തയ്യാറാക്കുന്നു.

ജൂൺ മാസത്തിൽ ആരംഭിച്ച് ഫെബ്രുവരി മാസത്തിൽ അവസാനിക്കുന്ന തരത്തിൽ പാഠാസൂത്രണം നടത്തുന്നു. പത്താം തരത്തിൽ ഡിസംബർ അവസാനത്തോടുകൂടി പാഠഭാഗങ്ങൾ പൂർത്തിയാക്കാൻ ലക്ഷ്യമിടുന്നു. പുതിയ പാഠപുസ്തകം ആയതുകൊണ്ടുതന്നെ പരിമിതികൾ ധാരാളം ഉണ്ടാവും എന്ന ധാരണയോടെതന്നെയാണ് പാഠാസൂത്രണം നടത്തുന്നത്.

പഠിതാവിന്റെ പഠനശേഷികൾ വിലയിരുത്തുന്നതിനായി നടപ്പിലാക്കുന്നു. തുടർ മൂല്യനിർണയവും ഒപ്പംതന്നെ കൊണ്ടുപോകുന്നു. പരിഹാരബോധനം ആവശ്യമായ ഘട്ടങ്ങളിൽ നടപ്പിലാക്കുന്നു.

**പാഠ്യേതര പ്രവർത്തനങ്ങൾ**

ക്ലാസ്സ് റൂം പഠന പ്രവർത്തനങ്ങളെ കൂടുതൽ ആസ്വാദ്യകരമാക്കുന്നതിന് വിവധങ്ങളായ പാഠ്യാനുബന്ധ പ്രവർത്തനങ്ങൾ പഠന പ്രവർത്തനത്തിന്റെ ഭാഗമാക്കുന്നു. പാഠ്യപദ്ധതിക്ക് അനുയോജ്യമായ രീതിയിൽ സന്ദർഭത്തിന് അനുസരിച്ചുള്ള പ്രവർത്തനങ്ങൾ ഉൾക്കൊള്ളിക്കുന്നു. സാമൂഹ്യശാസ്ത്ര ക്ലബ്ബ് രൂപീകരിച്ച് അത്തരം പ്രവർത്തനങ്ങൾക്ക് കൂടുതൽ ഊർജ്ജം പകരുന്നു നാടകാവതരണം, കവിതാരചന, പോസ്റ്റർ നിർമ്മാണം, പഠനയാത്രകൾ, സ്കിറ്റുകൾ മറ്റു പ്രവർത്തനങ്ങൾ പാഠ്യപദ്ധതിക്ക് അനുയോജ്യമായവ ഉൾപ്പെടുത്തുന്നു. പ്രയോഗ സാധ്യതകൾക്കനുസരിച്ച് എല്ലാ വിഭഗം കുട്ടികളേയും ഇതിന്റെ ഭാഗമാക്കാൻ കഴിയുന്നു. ഒപ്പം കുട്ടികളുടെ വിഭിന്നങ്ങളായ ശേഷികളും വിലയിരുത്തലിന് വിധേയമാക്കാൻ കഴിയുന്നു.

സാമൂഹ്യ ശാസ്ത്ര ക്ലബ്ബിന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി ഈ അധ്യനവർഷം നാല് ദിനാചരണങ്ങൾ ഏറ്റെടുത്ത് നടത്താൻ തീരുമാനിച്ചിട്ടുണ്ട്.

**ജൂലായ് 11 ലോകജനസംഖ്യാദിനം**

**ഓഗസ്റ്റ് 6,9, ഹിരോഷിമ, നാഗസാക്കി ദിനം**

**ഒക്ടോബർ 2 ഗാന്ധി ജയന്തി**

**നവംബർ 26 ഭരണഘടനാ ദിനം**

സാമൂഹ്യ ശാസ്ത്ര മേളകളിൽ നിലവിൽ 6 മേഖലകളിലായി നടക്കുന്ന മത്സരങ്ങൾക്ക് കുട്ടികളെ തയ്യാറാക്കുന്നതിനായി പ്രത്യേക ശിൽപശാല നടത്താൻ ഉദ്ദേശിച്ചിട്ടുണ്ട്.

**തനതുപദ്ധതി – ചരിത്ര മ്യൂസിയവുംഗ്രന്ഥാലയവും**

സാമൂഹ്യ ശാസ്ത്ര പഠനം കാലത്തിനനുസരിച്ചുള്ള മാറ്റങ്ങൾ ഉൾക്കൊണ്ട് വളരെ ശാസ്ത്രീയമായ രീതിയിൽ നടപ്പിലാക്കുന്നതിന് ഏറെ സഹായകമാകുന്ന ഒരു പദ്ധതിയാണ് – ചരിത്ര മ്യൂസിയവും ഗ്രന്ഥാലയവും.

റഫറൻസ് ഗ്രന്ഥങ്ങൾ ഉൾപ്പെടെയുള്ള പുസ്തകങ്ങൾ, ആനുകാലികങ്ങൾ, ശേഖരങ്ങൾ, ചരിത്ര സ്മാരകങ്ങളുടെ മാതൃകകൾ എല്ലാം ഉൾപ്പെടുത്തിയുള്ള ഒരു സ്വപ്ന പദ്ധതി. ഏറെ സാമ്പത്തിക ചെലവും കാലവും സമയവും വൈദഗ്ധ്യവും ആവശ്യമായ ഈ പദ്ധതിക്ക് ഈ വർഷം തുടക്കമിടാൻ തീരുമാനിച്ചിട്ടുണ്ട്.

**ഭിന്നശേഷി സൗഹൃദ പഠനം**

ഭിന്നശേഷിക്കാരായ കുട്ടികളെക്കൂടി പരിഗണിച്ചുകൊണ്ടുള്ള ലളിതമായ പഠനപ്രവർത്തനങ്ങൾ സ്കൂളിൽ ലഭ്യമായ റിസോഴ്സ് ടീച്ചേഴ്സിന്റെ കൂടി സഹകരണത്തോടെ നടപ്പിലാക്കുന്നു. മാതൃകകൾ, ചിത്രങ്ങൾ, ഐ.സി.ടി സാധ്യതകൾ ഒക്കെ ഉൾപ്പെടുത്തിയുള്ള ഉൾച്ചേർന്ന വിദ്യാഭ്യാസം ഉറപ്പുവരുത്തുണ്ട്.

സാമൂഹ്യ ശാസ്ത്ര പഠനം കൊണ്ട് ആത്യന്തികമായി ലക്ഷ്യമിടുന്നത് സാമൂഹ്യ പ്രതിബന്ധതയുള്ള ഒരു സമാജസൃഷ്ടി എന്നതാണ്. ആ ലക്ഷ്യം നേടുന്നതിനായുള്ള യാത്രയുടെ ആദ്യ ചുവടുകളാണ് ഇത്തരം കർമ്മ പദ്ധതികൾ അതിലൂടെ രാഷ്ട്രത്തിന്റെ സർവ്വതോന്മുഖമായ വളർച്ചക്ക് ചുക്കാൻ പിടിക്കാൻ ശേഷിയുള്ള ഒരു തലമുറയെ സൃഷ്ടിക്കാൻ സാമൂഹ്യ ശാസ്ത്ര പഠനംകൊണ്ട് സാധിക്കട്ടെ. അതിനാവശ്യമായ പശ്ചാത്തല ഭൗതിക സാഹചര്യങ്ങൾ കൂട്ടായ ഇടപെടലിലൂടെ സാധ്യമാക്കി ഭാവി തലമുറയുടെ ചേതനകളെ പ്രോജ്ജ്വലമാക്കട്ടെ!!!

***

പറളി ഹയർ സെക്കൻഡറി സ്കൂൾ

# സോഷ്യൽ സയൻസ്
## അക്കാദമിക പ്രവർത്തനങ്ങൾ

**ലക്ഷ്യം**

- സമൂഹത്തെയും സാമൂഹിക പ്രശ്നങ്ങളെയുംകുറിച്ച് മനസ്സിലാക്കൽ.
- സാമൂഹിക പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താൻ സഹായിക്കുക.
- സാമൂഹികമാറ്റങ്ങളെക്കുറിച്ച് പഠിക്കുകയും അവയെക്കുറിച്ച് ബോധവാന്മാരാക്കുകയും ചെയ്യുക.
- പൗരബോധം വളർത്തുക.
- സാമൂഹിക നീതിക്കും, സമത്വത്തിനും വേണ്ടി വാദിക്കുക.
- മാനവികതയിൽ ഊന്നി ജീവിക്കാനുള്ള ശേഷി ഉണ്ടാക്കുക.

**പ്രതീക്ഷിത ഫലം**

- ഒരു വ്യക്തിയെ സമൂഹത്തിൽ നന്നായി പ്രവർത്തിക്കാനും സാമൂഹിക പ്രശ്നങ്ങളെക്കുറിച്ച് ബോധവാന്മാരാക്കാനും സഹായിക്കുന്നു.
- പൗരബോധം വളർത്താനും സാമൂഹിക നീതിക്കും സമത്വത്തിനുവേണ്ടി പ്രവർത്തിക്കുന്നു.

**പ്രക്രിയ**

- വർക്ക് ഷീറ്റ്
- യൂണിറ്റ് ടെസ്റ്റ്
- സെമിനാർ
- പ്രോജക്ട്
- അസൈൻമെന്റ്
- ഭൂപട നിർമ്മാണം

# ജൂലായ് - 11
## ലോക ജനസംഖ്യാദിനം

**ലക്ഷ്യങ്ങൾ**

- ജനസംഖ്യാവർദ്ധനവ് പ്രത്യുത്പാദനം, ആരോഗ്യം, ലിംഗസമത്വം തുടങ്ങിയ വിഷയങ്ങളിൽ അവബോധം നൽകുക.
- ജനസംഖ്യാവളർച്ചയും അത് പരിസ്ഥിതിയും വികസനത്തിലും
- ആഘാതങ്ങളെക്കുറിച്ച് അവബോധം.

**പ്രതീക്ഷിതഫലം**

- ജനസംഖ്യാ വർദ്ധനവിനെതിരെ ജനങ്ങളെ ബോധവാന്മാരാക്കുക, ലിംഗസമത്വം പ്രോത്സാഹിപ്പിക്കുക.

**പ്രക്രിയ**

- സാമൂഹ്യ ശാസ്ത്ര ക്ലബ്ബിലെ കുട്ടികളെ തെരഞ്ഞെടുത്ത് പ്രസംഗം, പോസ്റ്റർ നിർമ്മാണ, പാനൽ ചർച്ച എന്നിവ നടത്താൻ തീരുമാനിച്ചു.

## ഹിരോഷിമ - നാഗസാക്കിദിനം

**ലക്ഷ്യങ്ങൾ**

- ലോക സമാധാനം ഉറപ്പാക്കുക.
- ആണവായുധങ്ങൾക്കെതിരെ ബോധവത്കരണം നടത്തുക.
- സമാധാനപരമായ സഹവർത്തിത്വത്തിനുവേണ്ടി വാദിക്കുക.

**പ്രതീക്ഷിക്കുന്ന ഫലം**

- ആണവായുധങ്ങൾ മനുഷ്യരാശിക്കും, പരിസ്ഥിതിക്കും വരുത്തുന്ന ദോഷങ്ങളെക്കുറിച്ച് ഓർമ്മിപ്പിക്കുകയും അത്തരം ആയുധങ്ങൾ ഇല്ലാതാവേണ്ടതിന്റെ പ്രാധാന്യം കുട്ടികൾ തിരിച്ചറിയുന്നു.
- രാജ്യങ്ങൾ തമ്മിൽ സമാധാനപരമായി സഹകരിച്ച് ജീവിക്കേണ്ടതിന്റെ പ്രാധാന്യം തിരിച്ചറിയുന്നു.
- ഹിരോഷിമയിലും, നാഗസാക്കിയിലും അണുബോംബ് ആക്രമണത്തിൽ ജീവൻ നഷ്ടപ്പെട്ടവരെ അനുസ്മരിക്കുകയും ആദരാഞ്ജലികൾ അർപ്പിക്കുകയും ചെയ്യുന്നു.

**പ്രക്രിയ**

- യുദ്ധ വിരുദ്ധ പ്രതിജ്ഞ, സമാധാനറാലി, സഡാക്കോ കൊക്കുകളുടെ നിർമ്മാണം, ക്വിസ് മത്സരം, പ്രസംഗം - യുദ്ധവിപത്ത് (വിഷയം)

പറളി ഹയർ സെക്കൻഡറി സ്കൂൾ

## നവംബർ - 26
## ഭരണഘടനാദിനം

**ലക്ഷ്യം**

- ഇന്ത്യൻ ഭരണഘടനയുടെ പ്രാധാന്യത്തെക്കുറിച്ചും അതിലൂടെ രാജ്യത്തിന്റെ കെട്ടുറപ്പിനെക്കുറിച്ചും അവബോധം നൽകുക.
- ഭരണഘടന രാജ്യത്തിന്റെ അടിസ്ഥാന നിയമസംഹിതയാണ്.
- ഇന്ത്യൻ ഭരണഘടനയുടെ ശില്പി ഡോ. ബി.ആർ. അംബേദ്കറുടെ സംഭാവനകളെ സ്മരിക്കുന്നതിനും അദ്ദേഹത്തെ ആദരിക്കുന്നതിനും ഈ ദിനം അവസരമൊരുക്കുന്നു.

**പ്രതീക്ഷിതഫലം**

- ജനാധിപത്യത്തിന്റെ സ്ഥാപനം
- നിയമത്തിന്റെ ആധിപത്യം
- മൗലികാവകാശങ്ങളുടെ സംരക്ഷണം
- സമത്വം, നീതി, സ്വാതന്ത്ര്യം തുടങ്ങിയ മൂല്യങ്ങളുടെ സംരക്ഷണം.

**പ്രക്രിയ**

- ഭരണഘടനാ ദിനം എന്ത് ? എന്തിന് ? എന്തുകൊണ്ട് – ഉപന്യാസം പ്രതിജ്ഞ
- ഭരണഘടനയുടെ ആമുഖം തയ്യാറാക്കൽ. • ഭരണഘടനാ ക്വിസ്

## ഗാന്ധി ജയന്തി ദിനാഘോഷം

**ലക്ഷ്യം**

ഗാന്ധിജയന്തി പ്രവർത്തനങ്ങളുടെ ലക്ഷ്യങ്ങൾ പ്രധാനമായും ഗാന്ധിജിയുടെ ജീവിതത്തെയും തത്ത്വങ്ങളെയും കുറിച്ച് മനസ്സിലാക്കുക. കുട്ടികൾക്ക് സത്യം അഹിംസ സമാധാനം എന്നീ വിഷയങ്ങളിൽ അറിവും പ്രചോദനവും നൽകുക.

**പ്രതീക്ഷിത ഫലം**

ഗാന്ധിജി ജീവിതത്തിലുടനീളം മുറുകെ പിടിച്ച തത്വങ്ങൾ ഇന്നത്തെ കാലത്തും പ്രസക്തമാണെന്ന് കുട്ടികളെ മനസ്സിലാക്കിപ്പിക്കുക.

സാമൂഹിക നീതി, ഐക്യം, ശുചിത്വം, സ്വയം പര്യാപ്തത എന്നീ മൂല്യങ്ങൾ കുട്ടികളിൽ വളർത്തിയെടുക്കുക.

**പ്രക്രിയ**

ഗാന്ധിജിയുടെ ആശയങ്ങൾ, വചനങ്ങൾ, ജീവിത ദർശനങ്ങൾ എന്നിവ പോസ്റ്റർ രൂപത്തിൽ സ്കൂളിൽ പ്രദർശിപ്പിക്കൽ ഗാന്ധിജിയുമായി ബന്ധപ്പെട്ട് ചിത്രരചനാമത്സരം, ക്വിസ് മത്സരം എന്നിവ ഹൈസ്കൂൾ കുട്ടികൾക്കായി സംഘടിപ്പിക്കുന്നു.

***




പറളി ഹയർ സെക്കൻഡറി സ്കൂൾ

# പറളി ഹയർ സെക്കൻഡറി സ്കൂൾ
## സോഷ്യൽ സയൻസ് (യു.പി. വിഭാഗം)
### ആക്ഷൻ പ്ലാൻ 2025 – 2026

പറളി ഹയർ സെക്കൻഡറി സ്കൂൾ



## ജൂൺ – 26
## ലഹരി വിരുദ്ധ ദിനം (യു.പി)

**ലക്ഷ്യം** (Objective)

ലഹരി മരുന്നുകളുടെ ഉപയോഗം കുറയ്ക്കുക, സംരക്ഷിതവും ആരോഗ്യപരമായ സമൂഹം നിർമ്മിക്കുക, വിദ്യാഭ്യാസം, സമൂഹം, നിയമം എന്നിവയിൽ ഏകോപനം.

**പ്രതീക്ഷിത ഫലം** (Expected Outcome)

അവബോധം വർദ്ധിക്കൽ, പുതുതലമുറയെ സംരക്ഷിക്കൽ

**പ്രക്രിയ** (Process)

യു.പിയിലെ എല്ലാ കുട്ടികൾക്കും ലഹരിയുടെയും അനധികൃത മരുന്നുകളുടെയും ദോഷങ്ങളെക്കുറിച്ചുള്ള ബോധവത്ക്കരണ ക്ലാസ്സ് നടത്തുന്നു. പോസ്റ്റർ നിർമ്മാണം.

| | |
|---|---|
| ചെലവ് (Budjet) | – ഇല്ല |
| കാലാവധി (Duration) | – രണ്ട് പിരീഡ് |
| തിയ്യതി | – 26.06.2025 |
| വേദി | – യു.പി ക്ലാസ് റൂം |
| കുട്ടികളുടെ പങ്കാളിത്തം | – യു.പിയിലെ കുട്ടികൾ |
| ചുമതല | – രശ്മി പി.വി., ഷിന്റി എ., കമറുൽ ലൈല എം. |



## ജൂലായ് – 11
## ലോക ജനസംഖ്യ ദിനം (യു.പി)

**ലക്ഷ്യം** (Objective)

ജനസംഖ്യാവൃദ്ധിയുടെ പ്രഭാവം മനസ്സിലാക്കുക. കുടുംബാസൂത്രണം, മാതൃത്വാരോഗ്യം, ജനന നിയന്ത്രണം എന്നിവയെക്കുറിച്ച് ബോധവത്കരിക്കൽ. ദാരിദ്ര്യം, വിദ്യാഭ്യാസം, ലിംഗസമത്വം തുടങ്ങിയ സാമൂഹ്യ പ്രശ്നങ്ങളിൽ ശ്രദ്ധ.

**പ്രതീക്ഷിത ഫലം** (Expective Outcome)

ബോധവത്ക്കരണം, നയരൂപീകരണത്തിന് പ്രചോദനം.

**പ്രക്രിയ** (Process)

കുട്ടികളോട് ജനസംഖ്യാദിനവുമായി പോസ്റ്റർ നിർമ്മിക്കാൻ ആവശ്യപ്പെടുന്നു. യു.പി. കുട്ടികൾക്ക് ക്വിസ് സംഘടിപ്പിക്കുന്നു.

| | |
|---|---|
| ചെലവ് | – 100 രൂപ |
| കാലയളവ് | – ഒരു പിരീഡ് |
| തിയ്യതി | – 11.07.2025 |
| വേദി | – യു.പി. ക്ലാസ്സ് റൂം |
| കുട്ടികളുടെ പങ്കാളിത്തം | – യു.പിയിലെ കുട്ടികൾ |
| ചുമതല | – രശ്മി പി.വി, ഷിന്റി എ, കമറുൽ ലൈല എം. |

പറളി ഹയർ സെക്കൻഡറി സ്കൂൾ



## ആഗസ്ത് – 6 & 9
## ഹിരോഷിമാദിനം, നാഗസാക്കി ദിനം

**ലക്ഷ്യം**

ആണവായുധങ്ങളുടെ ഭീകരത ഓർക്കൽ. സമാധാന സന്ദേശം ആണവായുധ നിരോധനത്തിനുള്ള പിന്തുണ.

**പ്രതീക്ഷിത ഫലം**

സമാധാനബോധം വളർത്തൽ, ചരിത്രബോധം, മനുഷ്യാവകാശ ബോധവത്കരണം

**പ്രക്രിയ**

ഹിരോഷിമ, നാഗസാക്കി ദിനവുമായി ബന്ധപ്പെട്ട് സാമൂഹ്യശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ റാലി സംഘടിപ്പിക്കുന്നു. കുട്ടികൾ പ്ലക്കാർഡുകൾ നിർമ്മിച്ച് സ്കൂളിൽ നിന്ന് റോഡിലേക്ക് റാലി സംഘടിപ്പിക്കുന്നു. സമൂഹത്തിൽ ആണവായുധങ്ങളുടെ ഭീകരതയെക്കുറിച്ച് ബോധവത്ക്കരണം നടത്തുകയും സമാധാനത്തിനുള്ള പ്രചാരണങ്ങൾ ശക്തിപ്പെടുത്തുകയും ചെയ്യുന്നു.

| | |
|---|---|
| ചെലവ് | – 200 രൂപ |
| കാലയളവ് | – ഒരു പിരീഡ് |
| തിയ്യതി | – 06.08.2025 |
| വേദി | – പറളി സ്കൂൾ |
| കുട്ടികളുടെ പങ്കാളിത്തം | – യു.പി., ഹൈസ്കൂൾ കുട്ടികൾ |
| ചുമതല | – രശ്മി പി.വി., ഷിന്റി എ., കമറുൽ ലൈല എം. |

പറളി ഹയർ സെക്കൻഡറി സ്കൂൾ



## ഫീൽഡ് ട്രിപ്പ് & സ്റ്റഡി ടൂർ
## സൈലന്റ് വാലി നാഷണൽ പാർക്കിലേക്കുള്ള പഠനയാത്ര

Expected Outcome

സന്ദർശിക്കുന്ന പ്രദേശത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകളെക്കുറിച്ചു മനസ്സിലാക്കുന്നു. സൈലന്റ് വാലി ഒരു ദേശീയോദ്യാനമായി മാറിയ ചരിത്രം കുട്ടികൾ മനസ്സിലാക്കുന്നു. കാടും നാടും തമ്മിൽ എങ്ങനെയെല്ലാം വ്യത്യാസപ്പെട്ടിരിക്കുന്നു എന്നും കാടിനെ എങ്ങനെ സംരക്ഷിക്കണം എന്നും കുട്ടികൾ മനസ്സിലാക്കുന്നു. കുട്ടികളുടെ മാനസിക ഉല്ലാസം മെച്ചപ്പെടുത്തുന്നു.

**പ്രക്രിയ**

യു.പി., ഹൈസ്കൂൾ വിഭാഗത്തിൽ നിന്നും സോഷ്യൽ സയൻസ് ക്ലബ്ബ് അംഗങ്ങളായ കുട്ടികളെ ഉൾപ്പെടുത്തിക്കൊണ്ട് സൈലന്റ് വാലിയിലേക്ക് ഒക്ടോബർ രണ്ടാം വാരം ഒരു ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു. ട്രിപ്പിനെ നയിക്കാൻ സോഷ്യൽ സയൻസ് ടീച്ചേഴ്സിനെ ഉൾപ്പെടുത്തുന്നു. സ്കൂളിൽ എത്തിയശേഷം ട്രിപ്പിൽ പങ്കെടുത്ത കുട്ടികളോട് സൈലന്റ് വാലി നാഷണൽ പാർക്കിന്റെ ചരിത്രം അടങ്ങിയ അസൈൻമെന്റ് തയ്യാറാക്കാൻ പറയുന്നു. കൂടെ പഠനയാത്രയുടെ അനുഭവക്കുറിപ്പ് തയ്യാറാക്കാൻ പറയുന്നു.

| | |
|---|---|
| ചെലവ് | - 10,000 രൂപ |
| കാലയളവ് | - ഒരു ദിവസം |
| തിയ്യതി | - 11.10.2025 |
| വേദി | - സൈലന്റ് വാലി |
| കുട്ടികളുടെ എണ്ണം | - സോഷ്യൽ സയൻസ് ക്ലബ്ബ് അംഗങ്ങൾ |
| ചുമതല | - രശ്മി പി.വി., ഷിന്റി എ, കമറുൽ ലൈല എം. |



## ഒക്ടോബർ – 2
## ഗാന്ധി ജയന്തി

**ലക്ഷ്യം**

മഹാത്മാഗാന്ധിയെ അനുസ്മരിക്കുക. രാജ്യ സ്നേഹവും ദേശീയ ഐക്യവും വളർത്തുക, പരിസര ശുചിത്വം പ്രോത്സാഹിപ്പിക്കുക.

**പ്രതീക്ഷിത ഫലം**

അഹിംസയും സത്യവും പ്രചരിപ്പിക്കുക. ഐക്യവും സഹിഷ്ണുതയും പരിസ്ഥിതി സംരക്ഷണത്തിനുള്ള പ്രചാരം.

**പ്രക്രിയ**

ഗാന്ധി ജയന്തി ദിനത്തിൽ ഗാന്ധിജിയുടെ സിദ്ധാന്തങ്ങൾ പ്രത്യേകിച്ച് അഹിംസയും സത്യാഗ്രഹവും അനുസ്മരിച്ചു വിവിധ പരിപാടികൾ സംഘടിപ്പിക്കുന്നു. കുട്ടികൾ ഗാന്ധിജിയെ അനുസ്മരിച്ചു വേഷമിടുന്നു. ക്വിസ് സംഘടിപ്പിക്കുന്നു. ഗാന്ധിജിയുടെ ശുചിത്വത്തെ പ്രാധാന്യം നൽകിയതിനാൽ സ്കൂളിൽ ശുചിത്വ ദൗത്യങ്ങളിൽ പങ്കുചേരുന്നു.

| | |
|---|---|
| ചെലവ് | – ഇല്ല |
| കാലയളവ് | – ഒരു പിരീഡ് |
| തിയ്യതി | – 02.10.2025 |
| വേദി | – പറളി സ്കൂൾ |
| കുട്ടികളുടെ പങ്കാളിത്തം | – യു.പി. കുട്ടികൾ |
| ചുമതല | – രശ്മി പി.വി., ഷിന്റി എ., കമറുൽ ലൈല എം. |

പറളി ഹയർ സെക്കൻഡറി സ്കൂൾ



## ജനുവരി – 26
## റിപ്പബ്ലിക് ദിനം

**ലക്ഷ്യം**

ഭരണഘടനയുടെ പ്രാധാന്യം ഓർക്കുക, ഐക്യവും വൈവിധ്യവും ആഘോഷിക്കുക.

**പ്രതീക്ഷിത ഫലം**

സാംസ്കാരിക ഐക്യവും വൈവിധ്യവും, ദേശീയ ഐക്യവും സമാധാനവും.

**പ്രക്രിയ**

റിപ്പബ്ലിക് ദിനത്തിൽ സ്കൂൾ പ്രിൻസിപ്പൽ പതാക ഉയർത്തുന്നു. കുട്ടികളുടെ വിവിധ കലാപരിപാടികൾ സംഘടിപ്പിക്കുന്നു. കുട്ടികൾ പ്രസംഗം അവതരിപ്പിക്കുന്നു.

| | |
|---|---|
| ചെലവ് | – 500 രൂപ |
| കാലയളവ് | – രണ്ട് മണിക്കൂർ |
| തിയ്യതി | – 26.06.2025 |
| വേദി | – പറളി സ്കൂൾ |
| കുട്ടികളുടെ പങ്കാളിത്തം | – യു.പി. കുട്ടികൾ |
| ചുമതല | – രശ്മി പി.വി, ഷിന്റി എ., കമറുൽ ലൈല എം. |

***

പറളി ഹയർ സെക്കൻഡറി സ്കൂൾ



# പറളി ഹയർ സെക്കൻഡറി സ്കൂൾ

## ഗണിത പ്രവർത്തന പദ്ധതി

## (ഹൈസ്കൂൾ)

**2025 – 2026**

പറളി ഹയർ സെക്കൻഡറി സ്കൂൾ



## ഗണിത പ്രവർത്തന പദ്ധതി

**ഗണിത പഠനത്തിന്റെ ലക്ഷ്യങ്ങൾ**

നിത്യ ജീവിതത്തിൽ പലതരത്തിലുള്ള കണക്ക് കൂട്ടലുകൾ ആവശ്യമായി വരുന്ന സന്ദർഭങ്ങളിൽ അടിസ്ഥാന ഗണിത ക്രിയാശേഷി കൈവരിക്കുക.

**യുക്തി ചിന്ത വളർത്തുക**

ഗണിത പ്രശ്നങ്ങൾ വസ്തുനിഷ്ഠമായി വിശകലനം ചെയ്യാനും പരിഹരിക്കുന്നതിനുമുള്ള ആത്മവിശ്വാസം നേടുക.

ഗണിത ആശങ്ങൾ ഉറപ്പിക്കുക. മറ്റുവിഷയങ്ങളിലെ ഗണിത ഭാഗങ്ങൾ കൃത്യതയോടും കാര്യക്ഷമമായും ചെയ്യുക.

ഗണിത ശാസ്ത്രത്തിന്റെ തുടർ പഠനങ്ങൾ നടത്തുന്നതിനാവശ്യമായ അറിവ്, സാങ്കേതിക കഴിവ്, മനോഭാവങ്ങൾ എന്നിവ വികസിപ്പിക്കുക.

ഗണിത സൗന്ദര്യം ആസ്വദിക്കുക. ഗണിതത്തിൽ സ്ഥിരോത്സാഹം വികസിപ്പിക്കുക.

പറളി ഹയർ സെക്കൻഡറി സ്കൂൾ

**പ്രക്രിയ**

ഗണിത ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി ഈ അധ്യയന വർഷം പ്രൊജക്ടുകൾ മുന്നോട്ട് വെക്കുന്നു. ഇവയുടെ സുഗമമായ നടത്തിപ്പിനായി ജൂൺ മാസത്തിലെ ആദ്യ ആഴ്ചയിൽ തന്നെ മുൻകൂട്ടി തയ്യാറാക്കിയ ചോദ്യങ്ങൾ ഉപയോഗിച്ച് മൂല്യനിർണ്ണയം നടത്തുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ നാല് ഗ്രൂപ്പുകൾ ആക്കി തരംതിരിക്കുന്നു.

**ഗ്രൂപ്പ് 1 - പ്ലസ്സ് (+)**

ഗണിതത്തിൽ അടിസ്ഥാന ക്രിയാശേഷി നേടിയിട്ടില്ലാത്തവർ

**ഗ്രൂപ്പ് 2 - മൈനസ് (-)**

അടിസ്ഥാന ക്രിയാശേഷി നേടിയിട്ടുണ്ടെങ്കിലും ഗണിതാശയം ഉപയോഗിച്ച് പ്രശ്നപരിഹരണം ചെയ്യുന്നതിൽ പ്രാവീണ്യം ഇല്ലാത്തവർ.

**ഗ്രൂപ്പ് 3 - മൾട്ടിപ്പിൾ**

ഗണിത ധാരണയുള്ളവരും ഗണിതത്തിൽ മികച്ച നിലവാരമുള്ളവരും.

**ഗ്രൂപ്പ് 4 - പവ്വർ**

മത്സര പരീക്ഷകളിലെ ഗണിതം

## പ്ലസ് (+)

**ലക്ഷ്യം**

ഗണിതത്തിൽ അടിസ്ഥാന ക്രിയാശേഷി കൈവരിക്കൽ.

കാലയളവ് : ജൂൺ, ജൂലായ്, ആഗസ്ത്

പങ്കെടുക്കുന്നവർ : 8.9 ക്ലാസ്സിലെ കുട്ടികൾ

**പ്രക്രിയ**

8,9 ക്ലാസ്സുകളിൽ നിന്നും പ്രീ ടെസ്റ്റിന്റെ അടിസ്ഥാനത്തിൽ അടിസ്ഥാനക്രിയാശേഷി കൈവരിക്കാത്തവരെ കണ്ടെത്തുന്നു. തുടർന്ന് Student Adapted Group (SAG) രൂപീകരിക്കുന്നു.

മാത്സ് ടീച്ചർമാരുടെ നിർദ്ദേശത്തിൽ SAG ലീഡർമാർ മോണിറ്റർ ചെയ്യുന്നു. ക്രിയകൾ ഉറപ്പിക്കുന്നതിനായി വർക്ക് ഷീറ്റുകൾ, പസ്സിലുകൾ എന്നിവ വെള്ളിയാഴ്ചകളിൽ നൽകുന്നു. തിങ്കളാഴ്ചകളിൽ അതിനെ വിലയിരുത്തുന്നു.

**ചുമതല**

ക്ലാസ്സ് 8 – ശ്രീജയ എം, പ്രസീത എം.പി, പ്രിയ വി,

ക്ലാസ്സ് 9 – വീണ കെ, ഐശ്വര്യ എസ്.

## മൈനസ് (–)

**ലക്ഷ്യം**

- ഗണിത ആശയങ്ങൾ ഉറപ്പിക്കൽ

കാലയളവ് : വാർഷികം

പങ്കെടുക്കുന്നവർ : 8,9,10 ക്ലാസ്സിലെ കുട്ടികൾ

**പ്രക്രിയ**

പ്രീ ടെസ്റ്റിന്റെ അടിസ്ഥാനത്തിൽ ഗണിതത്തിലെ അടിസ്ഥാന ക്രിയാശേഷി നേടിയിട്ടുണ്ടെങ്കിലും ഗണിതാശയം ഉപയോഗിച്ച് പ്രശ്ന നിർദ്ധാരണം ചെയ്യുന്നതിൽ പ്രാവീണ്യം ഇല്ലാത്തവരെ കണ്ടെത്തി ഗ്രൂപ്പ് ആക്കുന്നു. ഈ പഠന വിടവ് പരിഹരിക്കുന്നതിനായി SAG ലീഡർമാർ പസ്സിലുകൾ, വർക്ക് ഷീറ്റുകൾ, പാഠഭാഗത്തെ ആശയങ്ങൾ ഉൾപ്പെടുന്ന ഗണിത ക്വിസ്, മോഡൽ നിർമ്മാണം എന്നീ പ്രവർത്തനങ്ങൾ നൽകുന്നു. തിങ്കളാഴ്ചകളിൽ അവ വിലയിരുത്തുന്നു.

**ചുമതല**

ക്ലാസ് 10 – ബിനിൽ കെ വിൽസൺ, ദിവ്യ വി.എം, ബീന പി.

ക്ലാസ്സ് 9 – വീണ കെ, ഐശ്വര്യ എസ്,

ക്ലാസ്സ് 8 – ശ്രീജയ എം, പ്രസീത എം.പി., പ്രിയ വി.

പാറളി ഹയർ സെക്കൻഡറി സ്കൂൾ

## MULTIPLE

**ലക്ഷ്യം**

ഗണിത ചിന്തകൾ വളർത്തിയെടുക്കുന്നതിനും അവ ആഴത്തിൽ മനസ്സിലാക്കുന്നതിനും.

കാലയളവ് : വാർഷികം

പങ്കെടുക്കുന്നവർ : 8,9,10 ക്ലാസിലെ കുട്ടികൾ

**പ്രക്രിയ**

പ്രീ ടെസ്റ്റിന്റെ അടിസ്ഥാനത്തിൽ ഗണിതത്തിൽ മികച്ച നിലവാരം ഉള്ള കുട്ടികളെ കണ്ടെത്തി ഗ്രൂപ്പാക്കുന്നു. ഈ വിഭാഗത്തിലെ കുട്ടികൾക്ക് പാഠഭാഗവുമായി ബന്ധപ്പെട്ട HOT (Higher order thinking) Questions ഉയർന്ന നിലവാരത്തിലുള്ള ചോദ്യങ്ങൾ എല്ലാ ആഴ്ചയിലും ബുധനാഴ്ചകളിൽ നൽകുന്നു. ഗണിത പ്രൊജക്ട്സ്, സെമിനാർ എന്നീ പ്രവർത്തനങ്ങളും നൽകുന്നു. കൂടാതെ ഗണിതമേളയിലേക്കുള്ള തയ്യാറെടുപ്പുകളും നടത്തുന്നു.

**ചുമതല**

ക്ലാസ്സ് 10 - ബിനിൽ കെ വിൽസൺ, ദിവ്യ വി.എം., ബീന പി.

ക്ലാസ്സ് 9 - ഐശ്വര്യ എസ്., വീണ കെ.

ക്ലാസ്സ് 8 - ശ്രീജയ എം., പ്രസീത എം.പി., പ്രിയ വി.

## POWER

**ലക്ഷ്യം**

- മത്സര പരീക്ഷകളിലെ ഗണിതം

കാലയളവ് : വാർഷികം

പങ്കെടുക്കുന്നവർ : 8,9,10 ക്ലാസ് കുട്ടികൾ

**പ്രക്രിയ**

Talent search exam, Maths Quiz, Maths Olympiad, NMMS MAT എന്നിവയ്ക്കായി പരിശീലനം. എല്ലാ മാസത്തിലും രണ്ടാമത്തെയും നാലാമത്തെയും ശനിയാഴ്ചകളിൽ ഓൺലൈൻ ആയി പരിശീലനം

**ചുമതല**

ക്ലാസ്സ് 10 - ബിനിൽ കെ വിൽസൺ, ദിവ്യ വി.എം., ബീന പി.

ക്ലാസ്സ് 9 - ഐശ്വര്യ എസ്., വീണ കെ.

ക്ലാസ്സ് 8 - ശ്രീജയ എം., പ്രസീത എം.പി., പ്രിയ വി.

പറളി ഹയർ സെക്കൻഡറി സ്കൂൾ

## പാസ്കൽ ദിനാഘോഷം
## ഹൈസ്കൂൾ

**ലക്ഷ്യം**

ബ്ലെയിസ് പാസ്കൽ എന്ന ഗണിത ശാസ്ത്രജ്ഞനെ അറിയാനും അദ്ദേഹത്തിന്റെ ഗണിത സംഭാവനകൾ മനസ്സിലാക്കാനുമുള്ള പരിപാടി.

**പ്രതീക്ഷിത ഫലം**

ബ്ലെയിസ് പാസ്കൽ എന്ന ഗണിത ശാസ്ത്രജ്ഞനെക്കുറിച്ചും പാസ്കലിന്റെ ഗണിത സംഭാവനകളിൽ പ്രധാനപ്പെട്ട പാസ്കൽ ത്രികോണത്തെ (Pascal's Triangle) കുറിച്ചും അതിലെ സംഖ്യാ പാറ്റേണിനെപറ്റിയും കുട്ടികൾ ബോധവാന്മാരാകുന്നു.

**പ്രക്രിയ**

ഗണിത ക്ലബ്ബിൽ നിന്ന് മുൻകൂട്ടി തിരഞ്ഞെടുക്കപ്പെട്ട കുട്ടികൾക്ക് പരിശീലനം നൽകി, ജൂൺ 19–ന് ഹൈസ്കൂൾ ക്ലാസുകളിൽ അവബോധ ക്ലാസ്സും പാസ്കൽ ത്രികോണ പ്രദർശനവും നടത്തുന്നു.

| | |
|---|---|
| ചെലവ് | : 250 രൂപ |
| കാലയളവ് | : ഒരു പിരീഡ് |
| തിയ്യതി | : 19.06.2025 |
| വേദി | : ഹൈസ്കൂൾ ക്ലാസ് റൂമുകൾ |
| കുട്ടികളുടെ പങ്കാളിത്തം | : ഹൈസ്കൂളിലെ കുട്ടികൾ |
| ചുമതല | : ബിനിൽ കെ വിൽസൺ, ദിവ്യ വി.എം., ബീന പി., ഐശ്വര്യ എസ്., വീണ കെ., ശ്രീജയ എം., പ്രസീത എം.പി., പ്രിയ വി. |

പറളി ഹയർ സെക്കൻഡറി സ്കൂൾ

## മാത്സ് മോഡൽസ്
## സ്റ്റിൽ മോഡൽ നിർമ്മാണം ഹൈസ്കൂൾ

**ലക്ഷ്യം**

ജ്യാമിതീയ രൂപങ്ങൾ മനസ്സിലാക്കാനും അവ ഉപയോഗിച്ചുള്ള സ്റ്റിൽ മോഡൽ നിർമ്മാണവും പ്രദർശനവും സംഘടിപ്പിക്കുന്നു.

**പ്രതീക്ഷിത ഫലം**

കുട്ടികൾക്ക് ഗണിതത്തോടുള്ള താത്പര്യവും നിർമ്മാണ പ്രവർത്തനങ്ങളിലെ കൃത്യതയും സൂക്ഷ്മതയും വർദ്ധിക്കുന്നു.

**പ്രക്രിയ**

ഹൈസ്കൂൾ വിഭാഗത്തിൽ, താത്പര്യം ഉള്ള കുട്ടികളോട് ജ്യാമിതീയ രൂപങ്ങൾ ഉപയോഗിച്ച് സ്റ്റിൽ മോഡൽ നിർമ്മിച്ചുകൊണ്ടുവരുവാൻ ആവശ്യപ്പെടുന്നു. തുടർന്ന് അവയുടെ പ്രദർശനം നടത്തുന്നു.

**ചെലവ്**

| | |
|---|---|
| കാലയളവ് | : ഒരു പിരീഡ് |
| തിയ്യതി | : 11.07.2025 |
| വേദി | : ലാംഗ്വേജ് റൂം |
| കുട്ടികളുടെ പങ്കാളിത്തം | : ഹൈസ്കൂളിലെ കുട്ടികൾ |
| ചുമതല | : ബിനിൽ കെ വിൽസൺ, ദിവ്യ വി.എം., ബീന പി., വീണ കെ., ഐശ്വര്യ എസ്., ശ്രീജയ എം., പ്രസീദ എം.പി., പ്രിയ വി. |

## മാത്സ് അസംബ്ലി
## ഗണിത അസംബ്ലി ഹൈസ്കൂൾ

പറളി ഹയർ സെക്കൻഡറി സ്കൂൾ

**ലക്ഷ്യം**

ഗണിത ക്ലബ്ബിലെ അംഗങ്ങൾ ഗണിത അസംബ്ലി സംഘടിപ്പിക്കുന്നു.

**പ്രതീക്ഷിത ഫലം**

വിദ്യാർത്ഥികൾക്ക് ഗണിതത്തോടുള്ള താൽപര്യം വർദ്ധിക്കുന്നു. കൂടാതെ ഗണിത ശാസ്ത്രജ്ഞന്മാരെക്കുറിച്ചും അവരുടെ സംഭാവനകളെക്കുറിച്ചും കൂടുതൽ മനസ്സിലാക്കാൻ കഴിയുന്നു.

**പ്രക്രിയ**

ഗണിത പ്രാർത്ഥന, ഗണിത പ്രതിജ്ഞ, ഗണിത കൗതുക വാർത്തകൾ, ഗണിത പുസ്തക പരിചയം, ഗണിത വചനങ്ങൾ, 22.07.2025 എന്ന ദിവസത്തിന്റെ ഗണിത പ്രാധാന്യം എന്നിവ ഉൾപ്പെടുത്തുന്നു.

| | |
|---|---|
| ചെലവ് | : ഇല്ല |
| കാലയളവ് | : 30 മിനിറ്റ് |
| തിയ്യതി | : 21.07.2025 |
| വേദി | : അസംബ്ലി ഗ്രൗണ്ട് |
| കുട്ടികളുടെ പങ്കാളിത്തം | : ഹൈസ്കൂളിലെ കുട്ടികൾ |
| ചുമതല | : ബിനിൽ കെ വിൽസൺ, ദിവ്യ വി.എം., ബീന പി., വീണ കെ., ഐശ്വര്യ എസ്., ശ്രീജയ എം., പ്രസീദ എം.പി., പ്രിയ വി. |

## മാത്സ് ക്വിസ്

**ലക്ഷ്യം**

ഗണിതത്തോടുള്ള അഭിരുചിയും അറിവും വർദ്ധിക്കാൻ സഹായിക്കുന്ന പരിപാടി.

**പ്രതീക്ഷിത ഫലം**

വിവിധ ഗണിത ആശയങ്ങൾ പഠിക്കാൻ കുട്ടികളെ പ്രേരിപ്പിക്കുന്നു. ഗണിതത്തോടുള്ള താത്പര്യം, അഭിരുചി, അറിവ് എന്നിവ വർദ്ധിക്കാൻ സഹായിക്കുന്നു.

**പ്രക്രിയ**

എല്ലാ ക്ലാസ്സുകളിലും ഗണിത ക്വിസ് നടത്തുന്ന കാര്യം മുൻകൂട്ടി അറിയിക്കുന്നു. തുടർന്ന് ഓരോ ഗണിത അധ്യാപകരും അവരുടെ ക്ലാസ്സിൽ 10 ചോദ്യങ്ങൾ നൽകി അതിൽ കൂടുതൽ മാർക്ക് വാങ്ങിയ രണ്ട് കുട്ടികളെ തിരഞ്ഞെടുക്കുന്നു. പിന്നീട് 8,9,10 ക്ലാസ്സുകളിൽ നിന്ന് ആദ്യ 5 സ്ഥാനങ്ങളിൽ വരുന്ന കുട്ടികളെ ഉൾപ്പെടുത്തി അവസാന ഘട്ട ക്വിസ് നടത്തുന്നു.

| | |
|---|---|
| ചെലവ് | : ഇല്ല |
| കാലയളവ് | : ഒരു മണിക്കൂർ |
| തിയ്യതി | : 08.08.2025 |
| വേദി | : സ്മാർട്ട് റൂം |
| കുട്ടികളുടെ പങ്കാളിത്തം | : ഹൈസ്കൂളിലെ കുട്ടികൾ (15) |
| ചുമതല | : ബിനിൽ കെ വിൽസൺ, ദിവ്യ വി.എം., ബീന പി., വീണ കെ., ഐശ്വര്യ എസ്., ശ്രീജയ എം., പ്രസീദ എം.പി., പ്രിയ വി. |

പറളി ഹയർ സെക്കൻഡറി സ്കൂൾ

## ഗണിതപൂക്കളം
## ജോമെട്രിക്കൽ പാറ്റേൺ നിർമ്മാണം ഹൈസ്കൂൾ

**ലക്ഷ്യം**

ഗണിത ഉപകരണങ്ങളുടെ കാര്യക്ഷമമായ ഉപയോഗവും അത് ഉപയോഗിച്ച് നിർമ്മിക്കുന്ന പാറ്റേണുകളിലെ ഗണിത ആശയവും ഭംഗിയും മനസ്സിലാക്കുന്നതിനുള്ള പരിപാടി.

**പ്രതീക്ഷിത ഫലം**

ജ്യാമിതീയ ഉപകരണ ഉപയോഗം കാര്യക്ഷമമാകുന്നു. ഗണിത ചിത്രങ്ങളിലെ ഭംഗിയും ആശയവും, ഗണിതത്തോടുള്ള താത്പര്യവും വർദ്ധിക്കുന്നു.

**പ്രക്രിയ**

ഹൈസ്കൂൾ ക്ലാസ്സുകളിൽ, താത്പര്യം ഉള്ള കുട്ടികളോട് 22.08.2025-ന് ജോമെട്രിക് പാറ്റേൺ ചാർട്ടിൽ ചെയ്തുവരാൻ ആവശ്യപ്പെടുന്നു. തുടർന്ന് ഗണിത അധ്യാപകർക്ക് ലഭിച്ച ചാർട്ടുകളുടെ പ്രദർശനം നടത്തുന്നു.

ചെലവ് :
കാലയളവ് : ഒരു മണിക്കൂർ
തിയ്യതി : 22.08.2025
കുട്ടികളുടെ പങ്കാളിത്തം : ഹൈസ്കൂളിലെ കുട്ടികൾ (15)
ചുമതല : ബിനിൽ കെ വിൽസൺ, ദിവ്യ വി.എം., ബീന പി., വീണ കെ., ഐശ്വര്യ എസ്., ശ്രീജയ എം., പ്രസീദ എം.പി., പ്രിയ വി.

## ഗണിത ശില്പശാല

## ഗണിത ശില്പശാലയും അഥിതി ക്ലാസ്സും

**ലക്ഷ്യം**

വിദ്യാർത്ഥികൾക്ക് ഗണിത പഠനം എളുപ്പമാക്കുവാൻ സാധിക്കുന്ന പഠന ഉപകരണങ്ങളുടെ നിർമ്മാണവും പ്രദർശനവും.

**പ്രതീക്ഷിത ഫലം**

വിദ്യാർത്ഥികൾ ഗണിത ആശയങ്ങളും അവയ്ക്ക് അനുയോജ്യമായ പഠന ഉപകരണങ്ങളും പരിചയപ്പെടുന്നു.

**പ്രക്രിയ**

ഹൈസ്കൂൾ ക്ലാസ്സുകളിൽ, താല്പര്യം ഉള്ള 50 കുട്ടികളെ തിരഞ്ഞെടുത്ത് 20.09.2025-ന് ശില്പശാല സംഘടിപ്പിക്കുന്നു. അതിൽ നിർമ്മിക്കുന്ന പഠന ഉപകരണങ്ങൾ അടുത്ത ദിവസം പ്രദർശനത്തിന് വെക്കുന്നു.

ചെലവ് : 1000
കാലയളവ് : രണ്ട് ദിവസം
തിയ്യതി : 20.09.2025
വേദി : സ്കൂൾ ഹാൾ
കുട്ടികളുടെ പങ്കാളിത്തം : ഹൈസ്കൂളിലെ കുട്ടികളെ (50)
ചുമതല : ബിനിൽ കെ വിൽസൺ, ദിവ്യ വി.എം., ബീന പി., വീണ കെ., ഐശ്വര്യ എസ്., ശ്രീജയ എം., പ്രസീദ എം.പി., പ്രിയ വി.

പറളി ഹയർ സെക്കൻഡറി സ്കൂൾ

## ഗണിതശാസ്ത്രമേള
## സ്കൂൾതല ഗണിതമേള

**ലക്ഷ്യം**

ഗണിത മേളയിലെ വിവിധ ഇനങ്ങൾ തത്സമയ മത്സരങ്ങൾ സംഘടിപ്പിക്കുന്നു.

**പ്രതീക്ഷിതഫലം**

ഗണിതമേളയിലെ വിവിധ ഇനങ്ങളിൽ തത്സമയം മത്സരിക്കാനുള്ള ആത്മവിശ്വാസം നേടുന്നു.

**പ്രക്രിയ**

മുൻ മാസങ്ങളിൽ വിവിധ ഗണിത പ്രവർത്തനങ്ങളിൽ പങ്കെടുത്ത കുട്ടികൾ മേളയുടെ നിയമം അനുസരിച്ച് അവരുടെ താത്പര്യത്തിനനുസരിച്ചുള്ള ഒരു ഇനത്തിൽ മത്സരിക്കുന്നു.

| | |
|---|---|
| ചെലവ് | : ഇല്ല |
| കാലയളവ് | : മൂന്ന് മണിക്കൂർ |
| തിയ്യതി | : 26.09.2025 |
| വേദി | : സ്കൂൾ ഹാൾ, അടുത്തുള്ള ക്ലാസുകൾ |
| കുട്ടികളുടെ പങ്കാളിത്തം | : ഹൈസ്കൂളിലെ കുട്ടികൾ |
| ചുമതല | : ബിനിൽ കെ വിൽസൺ, ദിവ്യ വി.എം., ബീന പി., വീണ കെ., ഐശ്വര്യ എസ്., ശ്രീജയ എം., പ്രസീത എം.പി., പ്രിയ വി. |

പറളി ഹയർ സെക്കൻഡറി സ്കൂൾ

## ഗണിത പഠനയാത്ര ഹൈസ്കൂൾ

**ലക്ഷ്യം**

ഗണിത ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ പാലക്കാട് ഐ.ഐ.ടി യിലേക്ക് ഒരു ദിവസത്തെ പഠന യാത്ര.

**പ്രതീക്ഷിത ഫലം**

ചുറ്റുമുള്ള വിവിധ സ്പോട്ടുകളിൽ നിന്ന് ഗണിത ആശയങ്ങൾ ഉൾക്കൊള്ളുന്നതിലൂടെ വിദ്യാർത്ഥികളിൽ ഗണിതത്തോടുള്ള താത്പര്യം വളരുന്നു.

**പ്രക്രിയ**

പഠനയാത്രക്ക് തിരഞ്ഞെടുത്ത സ്ഥലം, അതിലേക്കുള്ള ചെലവ് എന്നിവ കുട്ടികളെ മുൻകൂട്ടി അറിയിക്കുന്നു. താത്പര്യം ഉള്ള കുട്ടികളുടെ വിവരങ്ങൾ ശേഖരിക്കുന്നു. (ഹൈസ്കൂൾ കുട്ടികൾ 40–45) രാവിലെ പുറപ്പെട്ട് വൈകുന്നേരം തിരിച്ചെത്തുന്ന രീതിയിൽ ഒരു ദിവസത്തെ യാത്ര സംഘടിപ്പിക്കുന്നു.

| | |
|---|---|
| ചെലവ് | : |
| കാലയളവ് | : ഒരു ദിവസം |
| തിയ്യതി | : |
| വേദി | : ഐ.ഐ.ടി. പാലക്കാട് |
| കുട്ടികളുടെ പങ്കാളിത്തം | : ഹൈസ്കൂളിലെ കുട്ടികൾ (40 – 45) |
| ചുമതല | : ബിനിൽ കെ വിൽസൺ, ദിവ്യ വി.എം., ബീന പി., വീണ കെ., ഐശ്വര്യ എസ്. |

## ഗണിത സെമിനാർ
## ശകുന്തളാ ദേവി ജന്മദിനാഘോഷം

**ലക്ഷ്യം**

ഹ്യൂമൻ കംപ്യൂട്ടർ എന്നറിയപ്പെടുന്ന ഭാരതീയ ഗണിത ശാസ്ത്രജ്ഞയെ കുറിച്ച് കൂടുതൽ അറിയാനും അവരുടെ ഗണിത സംഭാവനകൾ മനസ്സിലാക്കാനുമുള്ള പരിപാടി.

**പ്രതീക്ഷിത ഫലം**

ശകുന്തളാദേവി എന്ന ഗണിത ശാസ്ത്രജ്ഞയെ അറിയുന്നു. അവരുടെ ഗണിത സംഭാവനകൾ മനസ്സിലാക്കുന്നു.

**പ്രക്രിയ**

ഗണിത ക്ലബ്ബിലെ ഒരു കുട്ടിയെ തിരഞ്ഞെടുത്ത് സെമിനാർ അവതരിപ്പിക്കാനുള്ള പരിശീലനം നൽകുന്നു. ആ ദിവസം സെമിനാർ അവതരിപ്പിക്കുന്നു. കൂടാതെ ഉപജില്ലയിലേക്ക് ഗണിത മേളക്ക് തിരഞ്ഞെടുക്കപ്പെട്ട പ്രൊജക്ടിന്റെ അവതരണവും നടത്തുന്നു.

| | |
|---|---|
| ചെലവ് | : |
| കാലയളവ് | : ഒരു മണിക്കൂർ |
| തിയ്യതി | : 04.11.2025 |
| വേദി | : ലാംഗ്വേജ് റൂം |
| കുട്ടികളുടെ പങ്കാളിത്തം | : ഹൈസ്കൂളിലെ കുട്ടികൾ |
| ചുമതല | : ബിനിൽ കെ വിൽസൺ, ദിവ്യ വി.എം., ബീന പി., വീണ കെ., ഐശ്വര്യ എസ്., ശ്രീജയ എം., പ്രസീത എം.പി., പ്രിയ വി. |

## GEOGEBRA WORKSHOP

**ലക്ഷ്യം**

ജിയോജിബ്ര സോഫ്റ്റ് വെയർ ഉപയോഗിച്ച് applets നിർമ്മിക്കുന്ന പ്രവർത്തനം.

**പ്രതീക്ഷിത ഫലം**

ജിയോജിബ്ര ഉപയോഗിക്കാനും അതിലൂടെ നിർമ്മിക്കുന്ന applets ന്റെ സഹായത്തോടെ ഗണിത ആശയങ്ങൾ ഉറപ്പിക്കുന്നു.

പറളി ഹയർ സെക്കൻഡറി സ്കൂൾ

**പ്രക്രിയ**

ഗണിത ക്ലബ്ബിലെ തിരഞ്ഞെടുത്ത് 30 കുട്ടികൾക്ക് Geogebra ഉപയോഗിക്കാനും അതിലൂടെ ഗണിത ആശയങ്ങൾ ഉറപ്പിക്കുന്നതിനാവശ്യമായ applets തയ്യാറാക്കുന്നതിനുമുള്ള പരിശീലനം നൽകുന്നു.

ചെലവ് :
കാലയളവ് :
തിയ്യതി : 12.12.2025
വേദി : സ്മാർട്ട് റൂം
കുട്ടികളുടെ പങ്കാളിത്തം : ഹൈസ്കൂളിലെ കുട്ടികൾ (30)
ചുമതല : ദിവ്യ വി.എം., വീണ കെ., ഐശ്വര്യ എസ്., പ്രിയ വി.

## ദേശീയ ഗണിതശാസ്ത്ര ദിനം
## രാമാനുജൻ ജന്മദിനം

**ലക്ഷ്യം**

ശ്രീനിവാസ രാമാനുജൻ എന്ന അമാനുഷിക ഗണിതപ്രതിഭയെ അറിയാനും ഗണിത സംഭാവനകൾ മനസ്സിലാക്കാനുമുള്ള പരിപാടി.

**പ്രതീക്ഷിത ഫലം**

ശ്രീനിവാസ രാമാനുജൻ എന്ന അമാനുഷിക ഗണിതപ്രതിഭയെ അറിയാനും ഗണിത സംഭാവനകൾ മനസ്സിലാക്കാനുമുള്ള പരിപാടി.

**പ്രക്രിയ**

ഗണിത ക്ലബ്ബിലെ തിരഞ്ഞെടുക്കപ്പെട്ട കുട്ടികൾ ടീച്ചർമാരുടെ സഹായത്തോടെ വീഡിയോകൾ നിർമ്മിക്കുന്നു. ദേശീയ ഗണിത ശാസ്ത്ര ദിനത്തിൽ എല്ലാ ക്ലാസ്സ് ഗ്രൂപ്പുകളിലും ഷെയർ ചെയ്യുന്നു. ആ ദിവസത്തിന്റെ പ്രാധാന്യം മനസ്സിലാക്കുന്നു.

ചെലവ് : ഇല്ല
കാലയളവ് :
തിയ്യതി : 22.12.2025
വേദി : ഓൺലൈൻ
കുട്ടികളുടെ പങ്കാളിത്തം : ഹൈസ്കൂളിലെ കുട്ടികൾ
ചുമതല : ശ്രീജയ എം, പ്രസീത എം.പി, പ്രിയ വി.



## രംഗോലി ഫെസ്റ്റ്
## രംഗോലി വരയ്ക്കൽ

**ലക്ഷ്യം**

മകര പൊങ്കലിനോടനുബന്ധിച്ച് കുത്തുകളും വരകളുമുള്ള രംഗോലി നിർമ്മിക്കുന്ന പരിപാടി.

**പ്രതീക്ഷിത ഫലം**

കുത്തുകളും, വരകളും ഉപയോഗിച്ച് നിർമ്മിക്കുന്ന ഗണിത ചിത്രങ്ങൾ ആയ രംഗോലിയിലെ ഗണിത സൗന്ദര്യം ആസ്വദിക്കുന്നു.

**പ്രക്രിയ**

ഗണിത ക്ലബ്ബിലെ കുട്ടികളെ വിവിധ ഗ്രൂപ്പുകൾ ആക്കുന്നു. ഗ്രൂപ്പ് അടിസ്ഥാനത്തിൽ കോലങ്ങൾ/രംഗോലി നിർമ്മിക്കുന്നു, പ്രദർശനം നടത്തുന്നു.

| | |
|---|---|
| ചെലവ് | : 500 രൂപ |
| കാലയളവ് | : ഒരു മണിക്കൂർ |
| തിയ്യതി | : ...01.2026 |
| വേദി | : സ്കൂൾ ഹാൾ |
| കുട്ടികളുടെ പങ്കാളിത്തം | : ഗണിത ക്ലബ്ബിലെ കുട്ടികൾ |
| ചുമതല | : ദിവ്യ വി.എം., ബീന പി., ഐശ്വര്യ എസ്., വീണ കെ. |

***



# പറളി ഹയർ സെക്കൻഡറി സ്കൂൾ

## ഗണിത പ്രവർത്തന പദ്ധതി

## (യു.പി. വിഭാഗം)

**2025 – 2026**

പറളി ഹയർ സെക്കൻഡറി സ്കൂൾ



## ജൂൺ
## ഗണിത പുസ്തകം പരിചയപ്പെടുത്തൽ (യു.പി. സെക്ഷൻ)

**ലക്ഷ്യം**

താൽപര്യവും ആശയവിനിമയശേഷിയും വളർത്തുക. ഗണിതത്തിൽ താൽപര്യം വളർത്തുക. പാഠ്യപദ്ധതിയ്ക്ക് പുറത്തുള്ള പഠനാവസരങ്ങൾ ഒരുക്കുക.

**പ്രതീക്ഷിത ഫലം**

സ്വയം പഠനശേഷി വർദ്ധിക്കും, ശാസ്ത്രീയമായ പഠനശൈലി രൂപപ്പെടും. പുസ്തക ഘടനയിലേക്കുള്ള പരിചയം.

**പ്രക്രിയ**

- ജൂൺ മാസം തുടക്കത്തിൽ എല്ലാ ക്ലാസ്സുകളിലും പ്രീ ടെസ്റ്റ് നടത്താൻ തീരുമാനിച്ചു.
- ജൂൺ മാസം മധ്യത്തിൽ ഗണിത ക്ലബ്ബ് രൂപീകരിക്കാൻ തീരുമാനിച്ചു.
- വായന വാരവുമായി ബന്ധപ്പെട്ട് കുട്ടികൾക്ക് ഗണിത പുസ്തകം പരിചയപ്പെടുത്താൻ തീരുമാനിച്ചു.

| | |
|---|---|
| ചെലവ് | – |
| കാലയളവ് | – |
| വേദി | – യു.പി. ക്ലാസ് അസംബ്ലി. |
| കുട്ടികളുടെ പങ്കാളിത്തം | – യു.പി. കുട്ടികൾ |
| ചുമതല | – അനിത. പി.എ, ദീപിക ആർ., അശ്വതി. ടി. |

പറളി ഹയർ സെക്കൻഡറി സ്കൂൾ



## ജൂലായ്
## Geometrical Pattern

**ലക്ഷ്യം**

രൂപങ്ങളുടെ തിരിച്ചറിയൽശേഷി വർദ്ധിപ്പിക്കൽ, ബൗദ്ധിക ദൃശ്യബോധം വളർത്തുക.

**പ്രതീക്ഷിത ഫലം**

കൊടുത്തിരിക്കുന്ന പാറ്റേണുകൾ പൂർത്തിയാക്കാനും തുടർന്നുള്ള ഘടകങ്ങൾ പ്രവചിക്കാനും കഴിവുണ്ടാകും.

**പ്രക്രിയ**

യു.പി. ക്ലാസ്സുകളിൽ വരയ്ക്കാൻ കഴിവുള്ള കുട്ടികളെ കണ്ടെത്തി അവരോട് പാറ്റേൺ രീതി, ആകൃതികൾ എന്നിവ തീരുമാനിക്കാൻ ആവശ്യപ്പെടുന്നു. പിന്നീട് ആവശ്യമായ ഉപകരണങ്ങൾ ഉപയോഗിച്ച് ശരിയായ അളവിൽ ആകൃതികൾ വരയ്ക്കാൻ പറയുന്നു. പാറ്റേൺ സൗന്ദര്യം വർദ്ധിപ്പിക്കാൻ നിറങ്ങൾ നൽകാൻ പറയുന്നു.

| | |
|---|---|
| ചെലവ് | – |
| കാലയളവ് | – |
| തിയ്യതി | – |
| വേദി | – യു.പി. ക്ലാസ് റൂമുകൾ |
| കുട്ടികളുടെ പങ്കാളിത്തം | – യു.പി. കുട്ടികൾ |
| ചുമതല | – അനിത പി.എ., ദീപിക ആർ., അശ്വതി ടി. |



## ആഗസ്ത്
## ഗണിത പൂക്കളം (യു.പി. വിഭാഗം)

**ലക്ഷ്യം**

പ്രായോഗിക അനുഭവങ്ങൾ വഴി ഗണിത തത്വങ്ങൾ പഠിപ്പിക്കാൻ സൃഷ്ടിപരമായ ചിന്താശേഷി വർദ്ധിപ്പിക്കൽ.

**പ്രതീക്ഷിത ഫലം**

വിശകലനം ചെയ്യാൻ കഴിവ് വളരുന്നു. ശാസ്ത്രീയമായ ആലോചനാശേഷി വളരുന്നു.

**പ്രക്രിയ**

കുട്ടികളെ ഗ്രൂപ്പുകളാക്കി തിരിച്ച് പൂക്കളത്തിന് ഒരു ഗണിത ആശയം കണ്ടെത്താൻ ആവശ്യപ്പെടുന്നു. നിർണ്ണയിച്ച രൂപരേഖ അനുസരിച്ച് പൂക്കളം തയ്യാറാക്കുന്നു. ഓരോ ഗ്രൂപ്പും തങ്ങളുടേതായ പാറ്റേൺ പിന്നിലുള്ള ഗണിത ആശയം വിശദീകരിക്കാൻ ആവശ്യപ്പെടുന്നു.

| | |
|---|---|
| ചെലവ് | – |
| കാലയളവ് | – |
| തിയ്യതി | – |
| വേദി | – യു.പി. ക്ലാസ് റൂമുകൾ |
| കുട്ടികളുടെ പങ്കാളിത്തം | – യു.പി. കുട്ടികൾ |
| ചുമതല | – അനിത പി.എ., ദീപിക ആർ., അശ്വതി ടി. |

പറളി ഹയർ സെക്കൻഡറി സ്കൂൾ



## സെപ്റ്റംബർ
## Maths Quiz (UP Section)

**ലക്ഷ്യം**

ഗണിതം പ്രായോഗികമായി ഉപയോഗിക്കാനുള്ള കഴിവ് വളർത്തുക.

**പ്രതീക്ഷിത ഫലം**

വിഷയത്തെക്കുറിച്ചുള്ള ധാരണ വർദ്ധിപ്പിക്കുക, ത്വരിതമായ ചിന്തനം വികസിപ്പിക്കുക.

**പ്രക്രിയ**

യു.പി ക്ലാസുകളിലെ താല്പര്യമുള്ള കുട്ടികളെ തിരഞ്ഞെടുത്ത് 15 ചോദ്യങ്ങൾ നൽകുന്നു. അതിൽ നിന്നും തിരഞ്ഞെടുത്ത കുട്ടികളിൽ കൂടുതൽ മാർക്ക് കിട്ടിയ ആദ്യ മൂന്ന് സ്ഥാനക്കാരെ കണ്ടെത്തി സമ്മാനം നൽകുന്നു.

| | |
|---|---|
| ചെലവ് | - |
| കാലയളവ് | - |
| തിയ്യതി | - |
| വേദി | - യു.പി. ക്ലാസ് റൂമുകൾ |
| കുട്ടികളുടെ പങ്കാളിത്തം | - യു.പി. കുട്ടികൾ |
| ചുമതല | - അനിത പി.എ., ദീപിക ആർ., അശ്വതി ടി. |

പറളി ഹയർ സെക്കൻഡറി സ്കൂൾ

## ഒക്ടോബർ
## ഒറിഗാമി ശില്പശാല

**ലക്ഷ്യം**

രസകരമായ ഗണിത ശാസ്ത്ര പഠനവും കരചലന ശേഷികളുടെ വികാസവും.

**പ്രതീക്ഷിത ഫലം**

ശ്രദ്ധയും ക്ഷമയും മെച്ചപ്പെടും, കലയോടും പാരമ്പര്യത്തോടും ഉള്ള ബഹുമാനം വർദ്ധിക്കും കൈകൾക്കുള്ള സംയോജിത ചലനക്ഷമത മെച്ചപ്പെടും.

**പ്രക്രിയ**

കുട്ടികളോട് ഒറിഗാമി രൂപങ്ങൾ ഉണ്ടാക്കി കൊണ്ടുവരുവാനായി ആവശ്യപ്പെടുന്നു. ഉണ്ടാക്കി കൊണ്ടുവന്ന രൂപങ്ങൾ യു.പി ക്ലാസ്സിൽ വച്ച് പ്രദർശനം നടത്താൻ തീരുമാനിച്ചു.

| | |
|---|---|
| ചെലവ് | - |
| കാലയളവ് | - |
| തിയ്യതി | - |
| വേദി | - യു.പി. ക്ലാസ് റൂമുകൾ |
| കുട്ടികളുടെ പങ്കാളിത്തം | - യു.പി. കുട്ടികൾ |
| ചുമതല | - അനിത പി.എ., ദീപിക ആർ., അശ്വതി ടി. |

## നവംബർ
## രംഗോളി (യു.പി. വിഭാഗം)

**ലക്ഷ്യം**

ചതുരം, ത്രികോണം, വൃത്തം, ലേഖ, അക്ഷസമത്വം മുതലായ ജ്യാമിതീയ ആകൃതികളും ഘടനകളും മനസ്സിലാക്കാൻ സഹായിക്കുന്നു.

**പ്രതീക്ഷിത ഫലം**

സമത്വം (Symmetry), പാറ്റേൺ (Pattern), ആവർത്തനം (Repetition) എന്നിവ തിരിച്ചറിയാൻ കഴിവാകും.

**പ്രക്രിയ**

യു.പി ക്ലാസ്സുകളിൽ വരയ്ക്കാൻ കഴിവുള്ള കുട്ടികളെ കണ്ടെത്തി അവരോട് രംഗോളി വരയ്ക്കാൻ ആവശ്യപ്പെടുന്നു. പിന്നീട് വിവിധ നിറങ്ങളുള്ള പൊടികൾ ഉപയോഗിച്ച് ക്ലാസ്സ് റൂമിൽ രംഗോളി ഇടാൻ പറയുന്നു.

| | |
|---|---|
| ചെലവ് | – |
| കാലയളവ് | – |
| തിയ്യതി | – |
| വേദി | – യു.പി. ക്ലാസ് റൂമുകൾ |
| കുട്ടികളുടെ പങ്കാളിത്തം | – യു.പി. കുട്ടികൾ |
| ചുമതല | – അനിത പി.എ., ദീപിക, അശ്വതി ടി. |

പറളി ഹയർ സെക്കൻഡറി സ്കൂൾ

## ഡിസംബർ
## Tangram (UP Section)

**ലക്ഷ്യം**

ഓരോ ആകൃതിയുടെയും ഭൂരിഭാഗം ഗുണങ്ങൾ (ഭുജങ്ങളുടെ എണ്ണം, കോണുകളുടെ സ്വഭാവം) മനസ്സിലാക്കാൻ സഹായിക്കുന്നു.

**പ്രതീക്ഷിത ഫലം**

ജ്യാമിതീയ ആകൃതിയിൽ തിരിച്ചറിയാനും വിവരിക്കാനും വിദ്യാർത്ഥികൾക്ക് കഴിയുന്നു.

**പ്രക്രിയ**

യു.പി. ക്ലാസുകളിൽ tangram നിർമ്മിക്കാൻ താല്പര്യമുള്ള കുട്ടികളെ തിരഞ്ഞെടുക്കുന്നു. Tangram ചിത്രങ്ങളുടെ ചില മോഡൽ കുട്ടികൾക്കു നൽകുന്നു.

| | |
|---|---|
| ചെലവ് | – |
| കാലയളവ് | – |
| തിയ്യതി | – |
| വേദി | – യു.പി. ക്ലാസ് റൂമുകൾ |
| കുട്ടികളുടെ പങ്കാളിത്തം | – യു.പി. കുട്ടികൾ |
| ചുമതല | – അനിത പി.എ., ദീപിക, അശ്വതി ടി. |

## ജനുവരി
## Star Making (UP Section)

**ലക്ഷ്യം**

താരക രൂപം വരയ്ക്കുന്നതിലൂടെ കോണുകളുടെ അളവുകൾ മനസ്സിലാക്കാൻ സഹായിക്കുന്നു.

**പ്രതീക്ഷിത ഫലം**

സ്കെയിൽ, പ്രോട്രാക്ടർ മുതലായ ഉപകരണങ്ങൾ ഉപയോഗിച്ച് കൃത്യമായി അളക്കാനും വരയ്ക്കാനും വിദ്യാർത്ഥികൾക്ക് കഴിയും.

**പ്രക്രിയ**

യു.പി. ക്ലാസുകളിലെ കുട്ടികളോട് വിവിധ നിറത്തിലുള്ള പേപ്പർ ഉപയോഗിച്ച് സ്റ്റാർ നിർമ്മിച്ച് കൊണ്ടുവരാൻ ആവശ്യപ്പെടുന്നു.

ചെലവ് –<br>
കാലയളവ് –<br>
തിയ്യതി –<br>
വേദി – യു.പി. ക്ലാസ് റൂമുകൾ<br>
കുട്ടികളുടെ പങ്കാളിത്തം – യു.പി. കുട്ടികൾ<br>
ചുമതല – അനിത പി.എ., ദീപിക, അശ്വതി ടി.

## ഫെബ്രുവരി
## Maths Puzzle (UP Section)

**ലക്ഷ്യം**

ബഹുവിധം ചിന്തിച്ച് ആലോചിച്ചു ഉത്തരങ്ങൾ കണ്ടെത്തുന്ന കഴിവ് വളർത്തുക.

**പ്രതീക്ഷിത ഫലം**

സമയനിയന്ത്രണം, സംഘപരിശ്രമം, തത്വചിന്താ, ഗണിതത്തിൽ താല്പര്യം എന്നിവ കുട്ടികളിൽ വളർത്തിയെടുക്കാൻ സഹായിക്കുന്നു.

**പ്രക്രിയ**

യു.പി. ക്ലാസുകളിലെ താല്പര്യമുള്ള കുട്ടികളെ തിരഞ്ഞെടുത്ത് 15 ചോദ്യങ്ങൾ നൽകുന്നു. അതിൽ നിന്നും തിരഞ്ഞെടുത്ത് കുട്ടികളിൽ കൂടുതൽ മാർക്ക് കിട്ടിയ ആദ്യ മൂന്നു സ്ഥാനക്കാരെ കണ്ടെത്തി സമ്മാനം നൽകുന്നു.

ചെലവ് –<br>
കാലയളവ് –<br>
തിയ്യതി –<br>
വേദി – യു.പി. ക്ലാസ് റൂമുകൾ<br>
ചുമതല – അനിത പി.എ., ദീപിക, അശ്വതി ടി.

***

പറളി ഹയർ സെക്കൻഡറി സ്കൂൾ

# പറളി ഹയർ സെക്കൻഡറി സ്കൂൾ

## കായികം

## യു.പി. & ഹൈസ്കൂൾ

**2025 – 2026**

പറളി ഹയർ സെക്കൻഡറി സ്കൂൾ



# Master Plan - Sports

## ജൂൺ 21 - യോഗദിനം

**ലക്ഷ്യം**

- യോഗ സംഘടിപ്പിക്കുക.
- യോഗയുടെ പ്രാധാന്യത്തെക്കുറിച്ച് ബോധവത്കരണം.

**പ്രതീക്ഷിതഫലം**

- ആരോഗ്യമുള്ള കുട്ടികളെ വാർത്തെടുക്കുക

**പ്രക്രിയ**

- യോഗ പരിശീലനം

## ജൂൺ 23
## ഒളിമ്പിക്സ് ദിനം

**ലക്ഷ്യം**

- കൂട്ടയോട്ടം സംഘടിപ്പിക്കുക
- ലഹരിക്കു പകരം കായികം എന്ന സന്ദേശം പ്രചരിപ്പിക്കുക.

**പ്രതീക്ഷിത ഫലം**

- ആരോഗ്യമുള്ള കുട്ടികളെ വാർത്തെടുക്കുക

**പ്രക്രിയ**

- കായിക പരിശീലനം

## ജൂൺ 26
## ലഹരി വിരുദ്ധ ദിനം

**ലക്ഷ്യം**

- മാസ് ഡ്രിൽ
- സൂംബ ഡാൻസ്

**പ്രതീക്ഷിതഫലം**

- ആരോഗ്യമുള്ള കുട്ടികളെ വാർത്തെടുക്കുക

**പ്രക്രിയ**

- സൂംബ ഡാൻസ് പരിശീലനം
- മാസ്ഡ്രിൽ പരിശീലനം

## ജൂലായ്
## ജൂൺ മാസം മുതൽ കായിക വിദ്യാഭ്യാസം

- ക്ലാസ്സുകളിൽ പറഞ്ഞുകൊടുക്കുന്നു.
- വിവിധ ഇനം ഗെയിമുകളെക്കുറിച്ച് അതിന്റെ പ്രാധാന്യത്തെക്കുറിച്ച്
- ആരോഗ്യത്തെക്കുറിച്ച് ഭക്ഷണരീതികളെക്കുറിച്ച് കുട്ടികൾക്ക് അവബോധം ഉണ്ടാക്കുന്നു.

**ലക്ഷ്യം**

- കൂടുതൽ കുട്ടികൾ കായിക പരിശീലനം ശാസ്ത്രീയമായ രീതിയിൽ നേടുക

**പ്രതീക്ഷിത ഫലം**

- മികച്ച കായിക പ്രതിഭകളെ കണ്ടെത്തുക
- കണ്ടെത്തിയ പ്രതിഭകളെ മികച്ച പരിശീലനത്തിലൂടെ ദേശീയ നിലവാരത്തിലേക്ക് ഉയർത്തുക.
- വിവിധ ജില്ല, സംസ്ഥാന, ദേശീയ മത്സരങ്ങളിൽ പങ്കെടുപ്പിക്കുക.

**പ്രക്രിയ**

2025 ജൂൺ മാസം മുതൽ 2026 ഫെബ്രുവരി മാസം വരെ ചിട്ടയായ പരിശീലനം ക്ലാസുകളെ ബാധിക്കാത്ത രീതിയിൽ രാവിലെ 6.30 മണിമുതൽ 8.30 മണിവരെയും വൈകീട്ട് 4 മണിമുതൽ 5.30 മണിവരെ.യും അധിക കായിക പരിശീലനം നൽകും.

1. സബ് ജില്ലാതലത്തിൽ കുട്ടികളുടെ പങ്കാളിത്തവും മികച്ച വിജയവും കരസ്ഥമാക്കി അത്‌ലറ്റിക്സിൽ ചാമ്പ്യന്മാരാവുകയും മറ്റ് മത്സരങ്ങളിൽ മികച്ച വിജയവും കരസ്ഥമാക്കാൻ കഴിയത്തക്ക രീതിയിൽ പരിശീലനം നൽകണം.

2. ദീർഘകാല അടിസ്ഥാനത്തിൽ ഒന്നോ രണ്ടോ മൂന്നോ വർഷങ്ങൾക്കപ്പുറവും ഈ വിജയത്തിനുവേണ്ടിയുള്ള ശ്രമത്തിന്റെ ഭാഗമായി ചെറിയ കുട്ടികളെ കായിക മേഘലയിലേക്ക് വരുവാൻ തൽപരരാക്കുന്നതിനുവേണ്ടി പ്രോത്സാഹനങ്ങളും ബോധവത്കരണങ്ങളും നടത്തുക.

3. ഗെയ്മുകളിലൂടെ കുട്ടികളുടെ ചലനാത്മകമായ കഴിവ് കണ്ടെത്തി തുടർ പരിശീലനം നൽകാനുള്ള ഒരു രൂപരേഖയുണ്ടാക്കി കുട്ടികൾക്ക് അതിൽ നമ്മൾ ഉദ്ദേശിക്കുന്ന കാര്യങ്ങൾ അവരെ പറഞ്ഞ് മനസ്സിലാക്കി കൊടുക്കണം. മാനസികമായി അവരെ ഈ നിലയിലേക്കാണ് പരിശീലകൻ കൊണ്ടുപോകുന്നത് എന്ന് പറഞ്ഞുകൊടുക്കുകയും അതിന്റെ സാധ്യതകൾ എത്രത്തോളം ദീർഘമായതാണെന്നും ബോധ്യപ്പെടുത്തണം.

4. കഴിഞ്ഞ മൂന്ന് വർഷവും പറളി സ്കൂളാണ് റവന്യൂ ജില്ലാ ചാമ്പ്യന്മാർ. ആ ചാമ്പ്യൻഷിപ്പ് നിലനിർത്തുന്നതിനാവശ്യമായ കായികതാരങ്ങളെ ഗ്രാസ്റൂട്ടിൽ ബ്ലോക്ക് ചെയ്ത് വെക്കണം.

പറളി ഹയർ സെക്കൻഡറി സ്കൂൾ

5. സ്പോർട്സിന്റെ അച്ചടക്കം കുട്ടികളിൽ ഉണ്ടാക്കിയെടുക്കാനായി പ്രഗത്ഭരായ കായിക താരങ്ങളുടെ ചരിത്രങ്ങൾ പറഞ്ഞുകൊടുക്കണം.

6. പറളി ഹയർ സെക്കൻഡറി സ്കൂളിൽ പഠിച്ച രമേശ്വരി എം.വി, താര എം.ഡി, ജിഷ വി.വി, നീന കെ.ടി, അജിത്ത് പി.എൻ, മുഹമ്മദ് അഫ്സൽ പി, കാർത്തിക് യു എന്നീ താരങ്ങളെ രാജ്യത്തിന് കണ്ടെത്തി കൊടുത്തതുപോലെ ഇനിയും നിരവധി കായികതാരങ്ങളെ രാജ്യത്തിന് സംഭാവന ചെയ്യണം.

7. ഇന്ത്യയുടെ 800 മീറ്ററിലെ ദേശീയ റെക്കോർഡ് പറളിയുടെ പൂർവ്വ വിദ്യാർത്ഥിയായ മുഹമ്മദ് അഫ്സൽ പി, തിരുത്തിക്കുറിച്ചപ്പോൾ പറളിയുടെ കായിക താരങ്ങൾക്ക് അമിതമായ ആത്മവിശ്വാസമാണ് ഉണ്ടായത് (സമയം 1:45.61)

8. പറളി ഹയർ സെക്കൻഡറി സ്കൂൾ സംസ്ഥാന മത്സരങ്ങളിൽ നിന്നായി 482 സ്വർണ്ണം, 281 വെള്ളി, 208 വെങ്കലം എന്നിങ്ങനെയും ദേശീയ മത്സരങ്ങളിൽ നിന്നായി 205 സ്വർണ്ണം, 126 വെള്ളി, 11 വെങ്കലം എന്നിങ്ങനെയും അന്തർദേശീയ മൽസങ്ങളിൽ നിന്നായി 5 സ്വർണ്ണം, 2 വെള്ളി, ഒരു വെങ്കലം എന്നിങ്ങനെ നേടി. ഇനിയും മൂന്നോ നാലോ വർഷത്തേക്ക് ഇതുപോലുള്ള നേട്ടങ്ങൾ ഉണ്ടാക്കിയെടുക്കാനുള്ള കുട്ടികൾ സജ്ജരായി ഇപ്പോൾ ഈ സ്കൂളിൽ ഉണ്ട്. പാലക്കാടിനായും കേരളത്തിനായും ഇന്ത്യക്കായും വലിയ മുന്നേറ്റമുണ്ടാക്കാൻ കഴിയത്തക്ക രീതിയിലുള്ള ഒരു മാസ്റ്റർ പ്ലാനാണ് തയ്യാറാക്കിയിട്ടുള്ളത്.

***

പറളി ഹയർ സെക്കൻഡറി സ്കൂൾ

# പറളി ഹയർ സെക്കൻഡറി സ്കൂൾ
## കലോത്സവം
## ആക്ഷൻ പ്ലാൻ 2025 – 2026

പറളി ഹയർ സെക്കൻഡറി സ്കൂൾ



## ആമുഖം

കുട്ടികളിലെ സർഗ്ഗവാസനകളെ കണ്ടെത്തി അവയെ പ്രോത്സാഹിപ്പിക്കാനും, പരിപോഷിപ്പിക്കാനും ആത്മവിശ്വാസത്തോടെ വേദികളിൽ അവതരിപ്പിക്കാനുള്ള അവസരം ഒരുക്കൽ.

**ലക്ഷ്യം**

- വിവിധ കലാരൂപങ്ങളിൽ കുട്ടികൾക്കുള്ള കഴിവ് തിരിച്ചറിയുകയും അവയെ പരിപോഷിപ്പിക്കുകയും ചെയ്യുക.
- സാംസ്കാരിക കലാമൂല്യങ്ങൾ തിരിച്ചറിയുക.
- കുട്ടികളിൽ ആത്മവിശ്വാസം, പരസ്പര സഹകരണം, ക്രിയാത്മകത, ആശയവിനിമയം എന്നിവ വളർത്തിയെടുക്കുക. ഇതിലൂടെ സമഗ്രമായ വികസനമാണ് ലക്ഷ്യമിടുന്നത്.

**പ്രക്രിയ**

കലോത്സവ മാന്വൽ പ്രകാരമുള്ള മത്സര ഇനങ്ങളിൽ അനുയോജ്യമായ കുട്ടികളെ കണ്ടെത്തി ഘട്ടംഘട്ടമായി പരിശീലനം നൽകി മികച്ച പ്രകടനം കാഴ്ചവെയ്ക്കാൻ പ്രാപ്തരാക്കുകയും അതിനുള്ള അവസരം ഒരുക്കുകയും ചെയ്യുന്നു.

പറളി ഹയർ സെക്കൻഡറി സ്കൂൾ

കാലയളവ് - ജൂൺ - ഡിസംബർ

വേദി - ഹൈസ്കൂൾ ഹാൾ

തിയ്യതി - ആഗസ്റ്റ് ആദ്യവാരം

ചെലവ് - രണ്ട് ലക്ഷം

പങ്കാളിത്തം - യു.പി, ഹൈസ്കൂൾ വിഭാഗം കുട്ടികൾ

ചുമതല - കലോത്സവ കമ്മിറ്റി അംഗങ്ങൾ

***

# പറളി ഹയർ സെക്കൻഡറി സ്കൂൾ
## കലാ പ്രവർത്തനങ്ങൾ
## ആക്ഷൻ പ്ലാൻ 2025 – 2026

പറളി ഹയർ സെക്കൻഡറി സ്കൂൾ



## ഫസ്റ്റ് ടേം – ജൂൺ

**ജൂൺ 3 (പ്രവേശനോത്സവം)**

പ്രവേശനോത്സവ പരിപാടികൾ സമുചിതമായി ആഘോഷിക്കുവാൻ തീരുമാനിച്ചു. കുട്ടികളുടെ വിവിധ കലാപരിപാടികൾ, മധുര വിതരണം എന്നിവ നടത്തുവാൻ തീരുമാനിച്ചു.

**ജൂൺ 21 (ലോക സംഗീതം ദിനം)**

1. ലോക സംഗീത ദിനം: കുട്ടികളുടെ കലാപരിപാടികളോടുകൂടി ആഘോഷിക്കുവാൻ തീരുമാനിച്ചു. (ഒരു ദിവസം)

2. ആർട്സ് ക്ലബ്ബ് ഉദ്ഘാടനം: ജൂൺ മാസത്തിൽ തന്നെ ആർട്സ് ക്ലബ്ബ് രൂപീകരിച്ചു. ക്ലബ്ബ് പ്രവർത്തനങ്ങൾ സജീവമാക്കാൻ തീരുമാനിച്ചു.

**ജൂലായ്**

1. ജൂലായ് മാസത്തിൽ കുട്ടികളുടെ ചിത്ര രചന പ്രദർശനവും ലോക ചിത്രകലാ ദിനത്തിന്റെ (ഏപ്രിൽ 15) പ്രസക്തിയും ആർട്സ് ക്ലബ്ബ് പ്രവർത്തനത്തിലൂടെ കുട്ടികളിൽ എത്തിക്കുവാൻ തീരുമാനിച്ചു. (ഒരു ദിവസം)

**ആഗസ്ത്**

1. ആഗസ്ത് 15 സ്വാതന്ത്ര്യദിനം: ആഗസ്ത് 15 സ്വാതന്ത്ര്യദിനത്തിൽ വിവിധ പരിപാടികൾ ആഘോഷിക്കുവാൻ തീരുമാനിച്ചു.

2. കുട്ടികളുടെ കലാപരിപാടികൾ, മധുര വിതരണം തുടങ്ങിയ ആഘോഷ പരിപാടികൾ നടത്തുവാൻ തീരുമാനിച്ചു.

## സെക്കന്റ് ടേം

**സെപ്തംബർ**

1. സെപ്തംബർ 13 ഓണോഘോഷ പരിപാടികൾ സമുചിതമായി നടത്തുവാൻ തീരുമാനിച്ചു. (ഒരു ദിവസം)

2. സ്കൂൾ കലോത്സവം വർണാഭമായി നടത്തുവാൻ തീരുമാനിച്ചു. (ഒരു ദിവസം)

**ഒക്ടോബർ**

1. ഒക്ടോബർ 2 ഗാന്ധി ജയന്തി ദിനം: ഒക്ടോബർ 2 ഗാന്ധി ജയന്തി ദിനത്തിൽ ആർട്സ് ക്ലബ്ബിന്റെ നേതൃത്വത്തിൽ കലാപരിപാടികൾ ആസൂത്രണം ചെയ്യുവാൻ തീരുമാനിച്ചു.

2. ആർട്സ് ക്ലബ്ബിന്റെ നേതൃത്വത്തിൽ കുട്ടികളുടെ സിനിമ പ്രദർശനം നടത്തുവാൻ തീരുമാനിച്ചു.

**നവംബർ**

1. ശിശുദിനത്തോട് അനുബന്ധിച്ച് ചിത്ര രചനാമത്സരം നടത്തുവാൻ തീരുമാനിച്ചു. (ഒരു ദിവസം)

**ഡിസംബർ**

1. ക്രിസ്മസ് ദിനത്തോട് അനുബന്ധിച്ച് ക്രിസ്മസ് പരിപാടികൾ നടത്തുവാൻ തീരുമാനിച്ചു.

**തേർഡ് ടേം**

**ജനുവരി**

ജനുവരി 26 റിപ്പബ്ലിക് ദിനം: റിപ്പബ്ലിക് ദിനത്തോട് അനുബന്ധിച്ച് കുട്ടികളുടെ കലാപരിപാടികൾ ആസൂത്രണം ചെയ്തു നടത്തുവാൻ തീരുമാനിച്ചു.

**ഫെബ്രുവരി**

ആർട്സ് ക്ലബ്ബിന്റെ നേതൃത്വത്തിൽ കുട്ടികൾ സ്വയം കംപോസ് ചെയ്ത നൃത്ത രൂപം അവതരിപ്പിക്കുന്നു. (ഏപ്രിൽ 29) ലോക നൃത്ത ദിനത്തിന്റെ പ്രാധാന്യം കുട്ടികളിലേക്ക് എത്തിക്കുന്നു. ഒരു ദിവസം

**മാർച്ച്**

1. ലോക നാടക ദിനത്തോട് (മാർച്ച് 2) അനുബന്ധിച്ച് കുട്ടികൾ തന്നെ സ്വയം രചിച്ച നാടക അവതരണം. (പകുതി ദിവസം)

2. കുട്ടികൾ നിർമ്മിച്ച ഹ്രസ്വ സിനിമയിൽ നിന്നും തിരഞ്ഞെടുത്ത സിനിമയുടെ പ്രദർശനം. (പകുതി ദിവസം)

ചുമതല - മുകേഷ് പി.എസ്., സിനിമോൾ ഇ.എം.

***

പറളി ഹയർ സെക്കൻഡറി സ്കൂൾ

# പറളി ഹയർ സെക്കൻഡറി സ്കൂൾ
# ലൈബ്രറി
# ആക്ഷൻ പ്ലാൻ 2025 – 2026

പറളി ഹയർ സെക്കൻഡറി സ്കൂൾ



# ലൈബ്രറി

നിലവിൽ ആഴ്ചയിൽ രണ്ട് ദിവസങ്ങളിലായാണ് പുസ്തക വിതരണം നടക്കുന്നത്. ബുധനാഴ്ച യു.പി. വിഭാഗം കുട്ടികൾക്കും വെള്ളിയാഴ്ച ഹൈസ്കൂൾ വിഭാഗം കുട്ടികൾക്കും.

ലഭ്യമായ പുസ്തകങ്ങൾ ഉപയോഗിച്ച് പരിമിതമായ രീതിയിലാണ് വിതരണം. വായനക്കാരുടെ എണ്ണം വളരെ കുറവാണ്.

വായിക്കാൻ കൊണ്ടുപോകുന്ന പുസ്തകങ്ങൾ പലരും തിരിച്ചേൽപ്പിക്കുന്നില്ല എന്നത് വലിയ വെല്ലുവിളിയാണ്. എത്ര നിർബ്ബന്ധിച്ചാലും പുസ്തകങ്ങൾ തിരികെ ലഭിക്കുന്നില്ല.

മാത്രവുമല്ല പുസ്തകങ്ങൾ ക്രമത്തിൽ അടുക്കിവെക്കാനോ കുട്ടികളുടെ ആവശ്യത്തിനനുസരിച്ച് നൽകാനോ കഴിയുന്നില്ല എന്നതും പോരായ്മയാണ്.

പുസ്തകങ്ങൾ തിരികെ നൽകാത്തവർക്ക് ബോധവത്കരണം നടത്തി പുസ്തകങ്ങൾ തിരിച്ചെത്തിക്കാനുള്ള ശ്രമം നടത്തിവരുന്നു.

പുസ്തകങ്ങൾ ക്രമപ്രകാരം അടുക്കിവെക്കുന്നതിന് എൻ.സി.സി. തുടങ്ങിയ സന്നദ്ധ സംഘടനകളുടെ സഹായം തേടാനും തീരുമാനിച്ചിട്ടുണ്ട്.

ചുമതല – ശ്രീവത്സൻ കെ..

***



ഹയർ സെക്കൻഡറി സ്കൂൾ

# പറളി ഹയർ സെക്കൻഡറി സ്കൂൾ
## വിജയശ്രീ
**2025 – 2026**

പറളി ഹയർ സെക്കൻഡറി സ്കൂൾ



## വിജയശ്രീ അക്കാദമിക പ്രവർത്തനങ്ങൾ

### Expected Outcome

എസ്.എസ്.എൽ.സി പരീക്ഷയിൽ ഉന്നത വിജയം കരസ്ഥമാക്കാൻ ആവശ്യമായ പ്രവർത്തനങ്ങൾ നടത്തുന്നു.

പഠന നിലവാരം കുറഞ്ഞ കുട്ടികൾക്ക് നിരന്തര പ്രവർത്തനത്തിലൂടെ വിജയം കൈവരിക്കാനുള്ള ആത്മവിശ്വാസം നേടുന്നു.

നിരന്തരമായ കോച്ചിങ്ങിലൂടെയും പ്രോത്സാഹനത്തിലൂടെയും പഠന പിന്നാക്കം നിൽക്കുന്ന കുട്ടികളെ പരീക്ഷ നേരിടാനുള്ള പ്രാപ്തി നേടിക്കൊടുക്കുന്നു.

**പ്രക്രിയ**

2025-26 അക്കാദമിക വർഷത്തിലെ വിജയശ്രീ പ്രവർത്തനങ്ങളുടെ ആരംഭം എന്ന നിലക്ക് SRG കൺവീനർമാരുടെ യോഗം കൂടി. മുൻ വർഷത്തെ റിസൽട്ട് അവലോകനം നടത്തി. വിജയോത്സവം ജൂൺ 19-ന് നടത്താൻ തീരുമാനമായി. ജൂൺ 25 മുതൽ മോർണിങ് ക്ലാസ്സുകൾ (9 മണിമുതൽ 9.45 വരെ) തുടങ്ങുന്നു. ജൂൺ 16 മുതൽ ക്ലാസ്സുകൾ ഒഴിഞ്ഞു കിടക്കാതിരിക്കാൻ Substitution Work ഇട്ടുവരുന്നു. എല്ലാ മാസത്തിലും യൂണിറ്റ് ടെസ്റ്റ് നടത്താൻ തീരുമാനമായി. ജൂൺ 25-ന് രാവിലെയും വൈകുന്നേരവുമായി ഒന്നര മണിക്കൂറിന്റെ പരീക്ഷ നടത്തുന്നു. യൂണിറ്റ് ടെസ്റ്റുകളുടെ മാർക്കിന്റെ അടിസ്ഥാനത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക മോഡ്യൂളുകൾ തയ്യാറാക്കി പരിശീലിപ്പിക്കുന്നു. നവംബർ മുതൽ എ പ്ലസ്സ്, ഡി പ്ലസ്സ് കുട്ടികൾക്ക് ഈവനിങ് കോച്ചിങ് ക്ലാസ്സുകൾ ആരംഭിക്കുന്നു. ഡിസംബറിൽ നടത്തുന്ന അർദ്ധവാർഷിക പരീക്ഷയുടെ മാർക്കുകൾ കൂടി വിലയിരുത്തിയതിനു ശേഷം കുട്ടികളെ ഗ്രേഡ് അടിസ്ഥാനത്തിൽ തരംതിരിച്ചു ഇരുത്തുന്നു. ജനുവരിയിൽ ബുദ്ധിമുട്ടനുഭവപ്പെടുന്ന വിഷയങ്ങൾക്ക് സബ്ജക്ട് എക്സ്പർട്ട് ക്ലാസുകൾ സംഘടിപ്പിക്കുന്നു. ടാർഗറ്റ് കുട്ടികൾക്ക് മോട്ടിവേഷൻ ക്ലാസ്സ് നടത്തുന്നു. ജനുവരി അവസാന വാരം പ്രീ മോഡൽ എക്സാം നടത്തുന്നു. പഠനത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികൽക്ക് അവധി ദിവസങ്ങളിൽ സബ്ജക്ട് ക്ലിനിക്, ടീം ടിച്ചിങ് എന്നിവ നടത്തി ആത്മവിശ്വാസം നൽകുന്നു. ഫെബ്രുവരിയിൽ മോഡൽ എക്സാം നടത്തി ഉത്തരക്കടലാസ് നൽകുന്നു.

ബജറ്റ് : 30,000 രൂപ

കാലയളവ് : ഒരു വർഷം

വേദി : സ്കൂൾ

പങ്കാളിത്തം : 520 കുട്ടികൾ

ചുമതല : ഷെറി ജെ. (കൺവീനർ)

***

# പറളി ഹയർ സെക്കൻഡറി സ്കൂൾ
## യു.എസ്.എസ്. പരിശീലനം
**2025 – 2026**

പറളി ഹയർ സെക്കൻഡറി സ്കൂൾ



## യു.എസ്.എസ് പരിശീലനം

(ഏഴാം ക്ലാസ്സിൽ പഠനത്തിൽ നിലവാരം കൂടിയ
വിദ്യാർത്ഥികൾക്ക് നൽകുന്ന പരിശീലനം)

Expected Outcome

പഠനത്തിൽ നിലവാരം കൂടിയ വിദ്യാർത്ഥികൾക്ക് ചിട്ടയായ നിരന്തര പരിശീലനം നൽകി കൂടുതൽ കുട്ടികൾക്ക് യു.എസ്.എസ്. സ്കോളർഷിപ്പ് കരസ്ഥമാക്കാൻ സാധിക്കുന്നു,

Process

ആറാം പ്രവർത്തി ദിവസത്തിനു ശേഷം ഏഴാം ക്ലാസ്സിലെ എല്ലാ കുട്ടികൾക്കും അവരുടെ രക്ഷിതാക്കൾക്കും യു.എസ്.എസ്. സ്കോളർഷിപ്പ് പരീക്ഷയെക്കുറിച്ചുള്ള അവബോധം നൽകുന്നു. തുടർന്ന് യു.എസ്.എസ്. പരിശീലനം നൽകാനായി അധ്യാപിക കൂട്ടായ്മ ഉണ്ടാക്കുകയും സിലബസ്സ് അധ്യാപികയെ ചുമതലപ്പെടുത്തുകയും ചെയ്യുന്നു. ജൂലായ് മാസത്തെ ടെസ്റ്റിനുശേഷം ഉന്നത നിലവാരത്തിൽ നിൽക്കുന്ന കുട്ടികളെ തിരഞ്ഞെടുക്കുന്നു. തുടർന്ന് ദിവസവും വൈകുന്നേരം 4 മണിമുതൽ 4.45 വരെ ക്ലാസ്സുകൾ ഓരോ ദിവസവും ഓരോ വിഷയത്തിന്റെ ക്ലാസ്സുകൾ ആരംഭിക്കുന്നു. പങ്കെടുക്കുന്ന കുട്ടികൾക്ക് ലഘു ഭക്ഷണം നൽകുന്നു. ഓരോ മാസത്തിലും MCQ എക്സാം തുടരുകയും ചെയ്യുന്നു. 2026 മാർച്ച് മാസത്തിൽ യു.എസ്.എസ്. പരീക്ഷാസമയം വരെ ക്ലാസ്സുകൾ തുടരും. കൂടുതൽ Mock Test OMR-ൽ നടത്തുന്നു.

ചുമതല - രശ്മി പി.വി, ഷിന്റി എ, വീണാവാസ് പി.

***

പറളി ഹയർ സെക്കൻഡറി സ്കൂൾ



## പറളി ഹയർ സെക്കൻഡറി സ്കൂൾ
## എൻ.സി.സി.
## ആക്ഷൻ പ്ലാൻ 2025 – 2026

പറളി ഹയർ സെക്കൻഡറി സ്കൂൾ



**ജൂൺ – 5**

## പരിസ്ഥിതി ദിനം

### Expected Outcome

1. ഒരു മരം നടുന്നത് കാർബൺ വേർതിരിക്കൽ, വായു ശുദ്ധീകരണം, ആവാസവ്യവസ്ഥയുടെ സൃഷ്ടി എന്നിവയിൽ ഒരു പഠനാനുഭവം നൽകുന്നു.

2. വൃക്ഷത്തൈ നടൽ പോലുള്ള പാരിസ്ഥിതിക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നത് ഉത്തരവാദിത്തബോധം, സഹാനുഭൂതി, പ്രകൃതിയോടുള്ള ബന്ധം എന്നിവ വളർത്തുന്നു, വ്യക്തിഗത വളർച്ചയും സ്വഭാവ വികസനവും പ്രോത്സാഹിപ്പിക്കുന്നു.

3. ഒരു മരം നടുന്നത് വിദ്യാർത്ഥികളുടെ ശാരീരിക ആരോഗ്യത്തിനും ക്ഷേമത്തിനും സംഭാവന ചെയ്യുന്ന, കുഴിയെടുക്കൽ, ഉയർത്തൽ, ചുമക്കൽ തുടങ്ങിയ ശാരീരിക പ്രവർത്തനങ്ങൾ ഉൾക്കൊള്ളുന്നു.

4. കാലക്രമേണ ഒരു മരം വളരുകയും തഴച്ചുവളരുകയും ചെയ്യുന്നത് കാണുന്നത് വിദ്യാർത്ഥികളിൽ നേട്ടവും അഭിമാനവും ഉളവാക്കുകയും അവരുടെ ആത്മാഭിമാനവും ആത്മവിശ്വാസവും വർദ്ധിപ്പിക്കുകയും ചെയ്യും.

### Prosess

ജൂൺ അഞ്ചാം തിയ്യതി എൻ.സി.സി. വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ സ്കൂൾ കോമ്പൗണ്ടിൽ വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കും. (ഹയർസെക്കൻഡറി, ഹൈസ്കൂൾ കോമ്പൗണ്ടുകളിലായി ജെഡി എൻ.സി.സി വിദ്യാർത്ഥികൾ സംയുക്തമായിട്ടായിരിക്കും വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുക)

| | |
|---|---|
| ബഡ്ജറ്റ് | – 300 രൂപ |
| കാലയളവ് | – രണ്ട് മണിക്കൂർ |
| വിദ്യാർത്ഥികളുടെ എണ്ണം | – 20 |
| വേദി | – സ്കൂൾ ഗ്രൗണ്ട് |
| തിയ്യതി | – 05.06.2025 |
| ചുമതല | – രാഹുൽ കെ |




പറളി ഹയർ സെക്കൻഡറി സ്കൂൾ

# എൻ.സി.സി സെലക്ഷൻ

## Expected Outcome

1. ഈ കലാലയത്തിലെ വിദ്യാർത്ഥികൾക്ക് എൻ.സി.സിയെ മനസ്സിലാക്കാനും enrollment Process ൽ പങ്കെടുക്കാനും സാധിക്കുന്നു.

2. എൻ.സി.സി., സായുധസേനകൾ, പോലീസ് സേനകൾ എന്നിവയിലേക്കുള്ള സെലക്ഷന് കായികക്ഷമത എത്രത്തോളം ആവശ്യമാണെന്ന് കുട്ടികൾ മനസ്സിലാക്കുന്നു.

3. ഭാവിയിൽ സായുധസേന, അംഗമാവാൻ ആഗ്രഹിക്കുന്ന കുട്ടികൾ കായിക ക്ഷമ താപരിശോധനയുടെ പ്രാധാന്യം മനസ്സിലാക്കി മുൻകൂട്ടി പരിശീലനം ചെയ്യുന്നു.

## Process

28 കേരള എൻ.സി.സി. ബറ്റാലിയനിൽനിന്നുള്ള ആർമി ഓഫീസേഴ്സ് വിവിധ മാനദണ്ഡങ്ങൾ പരിശോധിച്ച് മികച്ച 47 വിദ്യാർത്ഥികളെ എൻ.സി.സി ആർമി വിങ്ങിന് വേണ്ടി സെലക്ട് ചെയ്യും (Height, Weight, Physical Ability Leadership Skill, General Knowledge)

| | |
|---|---|
| ബജറ്റ് | - 300 രൂപ |
| കാലയളവ് | - ഒരു ദിവസം |
| തിയ്യതി | - 17.06.2025 |
| വിദ്യാർത്ഥികളുടെ എണ്ണം | - 200 |
| വേദി | - സ്കൂൾ മൈതാനം |
| ചുമതല | - രാഹുൽ കെ |

പറളി ഹയർ സെക്കൻഡറി സ്കൂൾ



**ജൂൺ – 21 യോഗാദിനം**

## ദേശീയ യോഗ ദിനം

## എൻ.സി.സി. കേഡറ്റുകൾ ആചരിക്കും

Expected Outcome

അന്താരാഷ്ട്ര യോഗാദിനം ആചരിക്കുന്നത് വിദ്യാർത്ഥികൾക്കിടയിൽ ശാരീരികവും മാനസികവുമായ ക്ഷേമം വളർത്തുന്നു. ഇത് അക്കാദമിക് വിജയത്തിന് നിർമായകമായ മനഃസാന്നിദ്ധ്യം, സമ്മർദ്ദം ഒഴിവാക്കൽ, ഏകാഗ്രത എന്നിവ പ്രോത്സാഹിപ്പിക്കുന്നു. കൂടാതെ ഇത് ആരോഗ്യ അവബോധത്തിന്റെ ഒരു സംസ്കാരം വളർത്തിയെടുക്കുകയും വ്യായാമത്തിന്റെയും സ്വയം പരിചരണത്തിന്റെയും ആജീവനാന്ത ശീലങ്ങളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു.

Process

ജൂൺ 21–ാം തിയ്യതി രാവിലെ 7.30–ന് എൻ.സി.സി വിദ്യാർത്ഥികൾ എല്ലാവരും വിദ്യാലയത്തിൽ ഒത്തുകൂടി യോഗയുടെ വിവിധ ആസനകൾ ഒരുമിച്ച് നിർവഹിക്കുന്നു. സ്കൂൾ ഓഡിറ്റോറിയത്തിൽ വെച്ചു നടക്കുന്ന പ്രോഗ്രാമിൽ വിദഗ്ധനായ ഒരു യോഗ പരിശീലകൻ നേതൃത്വം വഹിക്കും.

ബജറ്റ് – 2000 രൂപ
കാലയളവ് – ഒരു ദിവസം
തിയ്യതി – 21.06.2025
പങ്കാളിത്തം – 53
വേദി – സ്കൂൾ ഓഡിറ്റോറിയം
ചുമതല – രാഹുൽ കെ

പറളി ഹയർ സെക്കൻഡറി സ്കൂൾ



ജൂൺ - 26

## ലഹരി ബോധവത്ക്കരണം

### Expected Outcome

1. ബോധവത്ക്കരണം വർദ്ധിക്കൽ. ലഹരിയുടെ വശീകരണവും അപകടസാധ്യതകളും കുട്ടികൾക്ക് ആഴത്തിൽ മനസ്സിലാക്കുവാൻ കഴിയും

2. തെറ്റായ സ്വഭാവങ്ങൾ തിരിച്ചറിയൽ. ലഹരി ഉപയോഗം തുടങ്ങാനുള്ള സാമൂഹിക, മാനസിക കാരണങ്ങൾ തിരിച്ചറിയാനും അവ ഒഴിവാക്കാനും സഹായിക്കും.

3. മൂല്യബോധം വർദ്ധിപ്പിക്കൽ. നല്ല ജീവിതശൈലി, ആരോഗ്യപരമായ തീരുമാനങ്ങൾ എന്നിവക്ക് മുൻഗണന നൽകാൻ പ്രചോദനമാകും.

4. നേതൃത്വ കഴിവുകളുടെ വളർച്ച. മറ്റുള്ളവർക്കും ഈ സന്ദേശം പ്രചരിപ്പിക്കാൻ സഹായിക്കുന്നു.

5. പ്രതിരോധശേഷി വർദ്ധിപ്പിക്കൽ . ലഹരി ഉപയോഗത്തിന് സമ്മർദ്ദം ചെലുത്തുമ്പോൾ അതിനെ എതിർക്കാനുള്ള ആത്മവിശ്വാസം ഉണ്ടാകുന്നു.

### Procsse

എക്സൈസ് ഡിപ്പാർട്ട്മെന്റിന്റെ സഹായത്തോടുകൂടി വിദ്യാർത്ഥികൾക്ക് സെമിനാർ സംഘടിപ്പിക്കും, ലഹരിയുടെ ഉപയോഗം എന്തെല്ലാമാണ്, ലഹരിയിലേക്ക് കടക്കാനുള്ള മാർഗങ്ങൾ അതിൽ നിന്ന് എങ്ങനെ രക്ഷ നേടാം എന്നീ കാര്യങ്ങളെക്കുറിച്ച് എക്സൈസ് ഇൻസ്പെക്ടർ വിദ്യാർത്ഥികളുമായി ആശയവിനിമയത്തിൽ ഏർപ്പെടും.

ബജറ്റ് - 200 രൂപ
കാലയളവ് - മൂന്ന് മണിക്കൂർ
തിയ്യതി - 26.06.2025
പങ്കാളിത്തം - 100
വേദി - സ്കൂൾ ഓഡിറ്റോറിയം
ചുമതല - രാഹുൽ കെ



**ജൂലായ് - 26**

## കാർഗിൽ ദിവസാചരണം

കാർഗിൽ യുദ്ധത്തെക്കുറിച്ച് വിദ്യാർത്ഥികൾക്ക് അറിവ് ലഭിക്കുന്നതിന്റെ ഭാഗമായി കാർഗിൽ ഡേ നടത്തപ്പെടും.

### Expected Outcome

1. കാർഗിൽ യുദ്ധത്തെക്കുറിച്ച് വിദ്യാർത്ഥികൾക്ക് അവബോധം സൃഷ്ടിക്കുക.
2. രാജ്യസേവനത്തിന് സൈനികരുടെ ത്യാഗങ്ങൾ വിദ്യാർത്ഥികൾക്ക് മനസ്സിലാക്കി കൊടുക്കുന്നു.
3. കാർഗിൽ യുദ്ധത്തിൽ രാജ്യത്തിനായി ജീവൻ അർപ്പിച്ച വീര സൈനികരെ അറിയാൻ.

### Procsse

കാർഗിൽ യുദ്ധ സ്മാരകത്തിൽ കേഡറ്റുകളുടെ പുഷ്പാർച്ചന മുൻ സൈനികരുടെ നേതൃത്വത്തിൽ ജൂലായ് 26-ാം തിയ്യതി കാർഗിൽ ദിവസത്തിനോടനുബന്ധിച്ച് റിട്ടയേർഡ് ആർമി ഉദ്യോഗസ്ഥർ കാർഗിൽ യുദ്ധത്തെക്കുറിച്ച് വിദ്യാർത്ഥികളുമായി ആശയ വിനിമയം നടത്തും.

കാർഗിൽ യുദ്ധത്തിന്റെ വിവിധ ദൃശ്യങ്ങൾ പ്രൊജക്ടറിൽ എൻ.സി.സി. വിദ്യാർത്ഥികൾക്കായി പ്രദർശിപ്പിക്കും.

പറളി ഹയർ സെക്കൻഡറി സ്കൂൾ

ബജറ്റ് - 200 രൂപ
കാലയളവ് - 3 മണിക്കൂർ
തിയ്യതി - 26.07.2025
പങ്കാളിത്തം - 100
വേദി - കാർഗിൽ വാർ മെമ്മോറിയൽ പറളി
ചുമതല - രാഹുൽ കെ



### ജനുവരി - 15
## ആർമി ഡേ

**Expected Outcome**

ഇന്ത്യൻ ആർമി വിദ്യാർത്ഥികൾക്ക് പരിചയപ്പെടുത്തുക. ആർമിയുടെ വിവിധ സാധ്യതകളെക്കുറിച്ച് വിദ്യാർത്ഥികൾക്ക് അവബോധം സൃഷ്ടിക്കുക. യുദ്ധങ്ങൾക്ക് ഇന്ത്യൻ ആർമി നൽകുന്ന പങ്കിനെക്കുറിച്ച് മനസ്സിലാക്കുക.

**Procsse**

ജനുവരി 15 ഇന്ത്യൻ ആർമിയുടെ വിവിധ ഉപകരണങ്ങൾ, ആയുധങ്ങൾ എന്നിവയെക്കുറിച്ച് വിദ്യാർത്ഥികൾക്ക് ആർമി ഉദ്യോഗസ്ഥർ ക്ലാസ് നൽകുന്നതാണ്. ആർമി സാധ്യതകളെക്കുറിച്ചും ആർമിയിൽ എത്തിച്ചേരാനുള്ള മാർഗത്തെക്കുറിച്ചും ക്ലാസ്സിൽ പ്രത്യേക സെക്ഷനുകൾ ഉണ്ടാകും.

| | |
|---|---|
| ബജറ്റ് | - 200 രൂപ |
| കാലയളവ് | - മൂന്ന് മണിക്കൂർ |
| തിയ്യതി | - 15.01.2026 |
| പങ്കാളിത്തം | - 100 |
| വേദി | - സ്കൂൾ മൈതാനം |
| ചുമതല | - രാഹുൽ കെ |

പറളി ഹയർ സെക്കൻഡറി സ്കൂൾ



ഒക്ടോബർ - 2

## സോഷ്യൽ വർക്ക് (സ്വച്ഛ് ഭാരത് അഭിയാൻ)

ഒക്ടോബർ 2-ാം തിയ്യതി സോഷ്യൽ വർക്കിന്റെ ഭാഗമായി ഹോസ്പിറ്റൽ, റെയിൽവെ സ്റ്റേഷൻ ക്ലീനിങ് ചെയ്യുന്നതാണ്.

### Expected Outcome

1. സമൂഹത്തിന്റെ മൊത്തത്തിലുള്ള ക്ഷേമം
2. ശുചിത്വവും ശുചിത്വ നിലവാരവും മെച്ചപ്പെടുത്തുന്നു.
3. ചുറ്റുപാടുകൾ നന്നായി പരിപാലിക്കാൻ വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുന്നു.

### Procsse

ഒക്ടോബർ 2-ാം തിയ്യതി വിവിധ വകുപ്പുകൾ സന്നദ്ധ സംഘടനകൾ എന്നിവയുമായി ചേർന്ന് ആശുപത്രി, റെയിൽവെ പരിസരപ്രദേശങ്ങളും എൻ.സി.സി കേഡറ്റുകൾ വൃത്തിയാക്കുന്നതാണ്. കേഡറ്റുകൾ ഓരോ ഗ്രൂപ്പുകളായി തിരിച്ച് വൃത്തിയാക്കാനുള്ള വിവിധ സ്ഥലങ്ങൾ നൽകുന്നു.

ബജറ്റ് - 500 രൂപ
കാലയളവ് - മൂന്ന് മണിക്കൂർ
തിയ്യതി - 02.10.2025
പങ്കാളിത്തം - 100
വേദി - ഹോസ്പിറ്റൽ, റെയിൽവെ സ്റ്റേഷൻ
ചുമതല - രാഹുൽ കെ

പറളി ഹയർ സെക്കൻഡറി സ്കൂൾ



# പറളി ഹയർ സെക്കൻഡറി സ്കൂൾ

## ജെ.ആർ.സി

**2025 - 2026**

പറളി ഹയർ സെക്കൻഡറി സ്കൂൾ



# JRC
# Action Plan 2025 -26

**ജൂൺ 21 യോഗദിനം**

യോഗാമാസ്റ്റർ നന്ദന്റെ സഹായത്തോടെ ജെ.ആർ.സി കുട്ടികൾക്ക് പരിശീലനം നൽകുന്നു.

## Expected Outcome

- കുട്ടികളിൽ യോഗയുടെ പ്രാധാന്യം മനസ്സിലാക്കിപ്പിക്കുന്നു.
- ദിനചര്യയുടെ ഭാഗമാക്കൽ

## Process

- സ്കൂൾ ഹാളിൽ വെച്ച് യോഗ പരിശീലിപ്പിക്കുന്നു.

കാലയളവ് : 30 മിനുട്ട്

തിയ്യതി : 21.06.2025

വേദി : സ്കൂൾ ഹാൾ

പങ്കാളിത്തം : 60

ചുമതല : ജെ.ആർ.സി കൗൺസിലർ

പറളി ഹയർ സെക്കൻഡറി സ്കൂൾ



**ജൂൺ 26**

## ലഹരി വിരുദ്ധ ദിനം

ജെ.ആർ.സിയിലെ B ലെവൽ കുട്ടികളുടെ റാലി സംഘടിപ്പിക്കുന്നു.

**Expected Outcome**

- കുട്ടികളിൽ ലഹരി ഉപയോഗം തടയൽ.
- ലഹരി സമൂഹത്തിൽ ഉണ്ടാകുന്ന വിപത്തിന്റെ വ്യാപ്തി മനസ്സിലാക്കൽ.

**Process**

- ഓരോ കുട്ടികളും Placard കൾ തയ്യാറാക്കണം.

കാലയളവ് : 30 മിനുട്ട്

തിയ്യതി : 26.06.2025

പങ്കാളിത്തം : 60

ചുമതല : ജെ.ആർ.സി. കൗൺസിലർ

**ആഗസ്റ്റ് 15**

## സ്വാതന്ത്ര്യദിനം

സ്കൂളിലെ സ്വാതന്ത്ര്യദിന പരിപാടിയിൽ ജെ.ആർ.സി കുട്ടികളുടെ പൂർണ്ണ പങ്കാളിത്തം.

**Expected Outcome**

- കുട്ടികളിൽ ദേശസ്നേഹം വളർത്തൽ
- കുട്ടികളിൽ അച്ചടക്ക് ശീലം ഉണ്ടാക്കുക.

**Process**

- കുട്ടികളോട് അച്ചടക്കത്തോടെ സ്വാതന്ത്ര്യ ദിനത്തിൽ പങ്കെടുക്കുന്നതിനുള്ള നിർദ്ദേശം നൽകുക.

കാലയളവ് : ഒരു മണിക്കൂർ

തിയ്യതി : 15.08.2025

പങ്കാളിത്തം : 180

ചുമതല : ജെ.ആർ.സി. കൗൺസിലർ

## B ലെവൽ എക്സാം

### സെപ്റ്റംബർ

- 9-ാം ക്ലാസ്സിലെ ജെ.ആർ.സി. കുട്ടികളുടെ പരീക്ഷ. Henry Dunant Quiz and Speech ഒക്ടോബർ. സ്കൂൾ തലത്തിൽ താൽപര്യമുള്ള ജെ.ആർ.സി കുട്ടികൾക്ക് ക്വിസും സ്പീച്ചും സംഘടിപ്പിക്കുന്നു. ഇതിൽ വിജയിക്കുന്നവർക്ക് സബ്ബ് ജില്ലാ തലത്തിൽ പങ്കെടുക്കാം.

പാലി ഹയർ സെക്കൻഡറി സ്കൂൾ

### ഒക്ടോബർ - 2

## ഗാന്ധി ജയന്തി

ജെ.ആർ.സി കുട്ടികൾക്ക് സേവനവാരത്തിനോട് അനുബന്ധിച്ച് പ്രവർത്തനങ്ങൾ നൽകുന്നു.

**Expected Outcome**

കുട്ടികളിൽ ശുചിത്വ ബോധം വളർത്തുക. രാഷ്ട്ര സ്നേഹം വളർത്തുക.

**Process**

8-ാം ക്ലാസ്സിലെ JRC കുട്ടികളോട് സ്കൂൾ പരിസരം വൃത്തിയാക്കുന്നതിനുള്ള നിർദ്ദേശം നൽകുന്നു.

കാലയളവ് : ഒരു മണിക്കൂർ

തിയ്യതി : ഒക്ടോബർ 2

പങ്കാളിത്തം : 60

ചുമതല : JRC കൗൺസിലർ

### സെമിനാർ - നവംബർ

9-ാം ക്ലാസ്സിലെ JRC കുട്ടികൾക്ക് ഏകദിന സെമിനാർ നടത്തുന്നു. Police, Health Departmet എന്നിവയുടെ സഹകരണത്തോടെ മൊബൈൽ അഡിറ്റ്, Adolescent Health Awareness ക്ലാസ്സ് സംഘടിപ്പിക്കുന്നു.

**Expected Outcome**

കുട്ടികളിൽ Mobile Addiction കുറയ്ക്കുക. Adolescent ൽ കുട്ടികൾ നേരിടുന്ന പ്രശ്നങ്ങൾക്ക് പിന്തുണ നൽകുക.

പറളി ഹയർ സെക്കൻഡറി സ്കൂൾ

## റിപ്പബ്ലിക് ദിനം

### ജനുവരി 26

സ്കൂളിലെ റിപ്പബ്ലിക് ദിന പരിപാടിയിൽ JRCയിലെ മുഴുവൻ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കൽ.

**Expected Octcome**

- ദേശസ്നേഹം വളർത്തുക.
- ദേശീയ ഐക്യം ഊട്ടി ഉറപ്പിക്കുക.
- ജനാധിപത്യ മൂല്യങ്ങൾ പ്രോത്സാഹിപ്പിക്കുക.

**Process**

മുഴുവൻ കുട്ടികളെയും JRC യൂണിഫോമിൽ വരാൻ പറയുന്നു. അവരെ പൂർണ്ണ അച്ചടക്കത്തോടെ പങ്കെടുക്കാൻ പ്രാപ്തരാക്കുന്നു.

കാലയളവ് : ഒരു മണിക്കൂർ
തിയ്യതി : 26.01.2026
വേദി : സ്കൂൾ അസംബ്ലി ഹാൾ
പങ്കാളിത്തം : 180
ചുമതല : ജെ.ആർ.സി കൗൺസിലർ

## A ലെവൽ എക്സാം

### ഫെബ്രുവരി

8–൧൦ ക്ലാസ്സിലെ ജെ.ആർ.സി. കുട്ടികൾക്ക് A ലെവൽ പരീക്ഷ.

***

പറളി ഹയർ സെക്കൻഡറി സ്കൂൾ

# പറളി ഹയർ സെക്കൻഡറി സ്കൂൾ
## ലിറ്റിൽ കൈറ്റ്സ്
### ആക്ഷൻ പ്ലാൻ 2025 – 2026

പറളി ഹയർ സെക്കൻഡറി സ്കൂൾ



## Academic Calendar

**Objective**

1. To learn about the layout and style of designing a calendar
2. To devolop an interest in scribus software

**Process**

Collecting day celebrations from different subjects and preparing an academic calendar using scribus software by ninth LK students

Budget : Rs 500

Date : June

Incharge : L.K. Masters

## Photography Workshop On World Photography Day

**Objective**

1. To make them explore the world through lens
2. To instill interest in photography and its techniques

**Process**

An Expert Class on Photography will be given to LK Members of VIII Standard

Budget : Rs 1000

Date : August 19

Incharge : LK Masters

## Robotic Fest

**Objective**

1. To make them updated with the current trends
2. To integrate AI in everyday life

**Process**

An Exhibition of various devices made by LK students of 8,9,10 prepared using sensors and arduino board will be exebited.

Budget : Rs 1000

Date : January

Incharge : LK Masters

പാളി ഹയർ സെക്കൻഡറി സ്കൂൾ

## Field Survey
## E-Waste Management

**Objective**

1. To collect the amount of E-Waste around us and to find a solution to recycle it.

**Process**

LK members should make a questionaire regarding E - Waste and collect necessary details from Parli Panchayat level

| | |
|---|---|
| Budget | Rs 1000 |
| Date | From August onwards |
| Incharge | LK Masters, HM, PTA |

## Club Activities

**Objective**

1. To involve in various activies conducted by LK
2. To learn class management and develop empathy to others
3. To mould themselves to new and changing trends

**Activities**

1. Preliminary Test for 8th stadard
2. Preliminary Camp
3. Routine classes according to LK Calendar
4. Documentation of all activities in and out of school
5. Preparation and practice for IT Mela
6. Conducting awareness classes for Non LK members
7. Digital paiting competion
8. Conducting AI/Coding Workshop

***

പറളി ഹയർ സെക്കൻഡറി സ്കൂൾ

# പറളി ഹയർ സെക്കൻഡറി സ്കൂൾ
## പ്രവർത്തി പരിചയം
## ആക്ഷൻ പ്ലാൻ 2025 – 2026

പറളി ഹയർ സെക്കൻഡറി സ്കൂൾ



# WORK INTEGRATED EDUCATION

**തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസ പദ്ധതിയുടെ ലക്ഷ്യങ്ങൾ**

പഠനത്തോടൊപ്പം കുട്ടികളിൽ തൊഴിൽ അഭിരുചി വളർത്തി തൊഴിലിനോടും തൊഴിലെടുക്കുന്നവരോടും ആദരവ് ഉണ്ടാക്കുകയും ചെയ്യുന്നു.

## JUNE

W I E Club രൂപീകരണം Date: 19.06.2025

**ലക്ഷ്യം**

കുട്ടികളിൽ ക്രിയാത്മകമായ പ്രവർത്തനങ്ങളുടെയും തങ്ങളിൽ നിക്ഷിപ്തമായ കഴിവുകളും കണ്ടെത്തി വളർത്തൽ.

**പ്രക്രിയ**

8.9 ക്ലാസുകളിൽ നിന്നും താത്പര്യമുള്ള കുട്ടികളെ കണ്ടെത്തുന്നു.

ചുമതല: സിനി.

പറളി ഹയർ സെക്കൻഡറി സ്കൂൾ

**സെപ്റ്റംബർ**

ശില്പശാല സംഘടിപ്പിക്കൽ (തിയതി: 20.09.2025)

**ലക്ഷ്യം**

ശാസ്ത്രമേളകളിൽ ഉൾക്കൊള്ളിച്ചിട്ടുള്ള ഏതെങ്കിലും തൊഴിൽ മേഖലകളുടെ നിർമ്മാണവും പ്രദർശനവും.

**പ്രതീക്ഷിത നേട്ടം**

വിദ്യാർത്ഥികൾ പഠനത്തോടൊപ്പം ഒരു തൊഴിൽ കൂടി സ്വായത്തമാകുന്നു.

**പ്രക്രിയ**

ഹൈസ്കൂളിലെ താല്പര്യമുള്ള കുട്ടികളെ കണ്ടെത്തി സംഘടിപ്പിക്കുന്നു. കുട്ടികൾ ഉണ്ടാക്കിയ ഉൽപ്പന്നങ്ങൾ ആവശ്യമുള്ളവർക്ക് വാങ്ങി അതിനു ചെലവായ തുക സേവ് ചെയ്യാൻ കുട്ടികളെ പ്രാപ്തരാക്കുന്നു.

ചുമതല: ക്ലാസ് ടീച്ചർ, W I E ടീച്ചർ

## സ്കൂൾതല വർക്ക് എക്സ്പീരിയൻസ് മേള

**സെപ്റ്റംബർ**

**ലക്ഷ്യം**

W I E FAIR ലെ വിവിധ മത്സര ഇനങ്ങൾ ഓൺ ദ സ്പോട്ട് മത്സരയിനങ്ങളായി സംഘടിപ്പിക്കുന്നു.

**പ്രതീക്ഷിത നേട്ടം**

മത്സര സ്വഭാവം കൃത്യസമയം പാലിക്കൽ ഉപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിക്കൽ, അവ തിരിച്ചറിയൽ എന്നിവയിലൂടെ കുട്ടികളുടെ ആത്മവിശ്വാസം വർദ്ധിക്കുന്നു.

ചുമതല : സിനി, മുകേഷ്.

സമയം : മൂന്നു മണിക്കൂർ

തീയതി : 26.09.25

വേദി : അനുവദിച്ചിരിക്കുന്ന ക്ലാസ് റൂം

### അഭിമുഖം

**ഡിസംബർ** (തീയതി :03.12.25

**ലക്ഷ്യം**

ഏതെങ്കിലും തൊഴിൽ മേഖലയുമായി ബന്ധപ്പെട്ട പ്രശസ്തരായ വ്യക്തികളെ ക്ഷണിച്ച് ചോദ്യങ്ങൾ ചോദിച്ച് ആ മേഖലയെക്കുറിച്ച് കുട്ടികൾക്ക് ആഴത്തിൽ മനസ്സിലാക്കാനുള്ള പരിപാടി.

**പ്രതീക്ഷിത നേട്ടം**

കുട്ടികൾക്ക് സംശയമുള്ള എല്ലാ കാര്യങ്ങളും കൂടുതൽ അനുഭവസമ്പന്നരായ വ്യക്തികളിൽ നിന്നും മനസ്സിലാക്കാൻ സാധിക്കുന്നു.

**പ്രക്രിയ**

ഒമ്പതാം ക്ലാസിലെ എല്ലാ കുട്ടികളെയും പങ്കെടുപ്പിക്കുന്നു.

ചിലവ് : 1000+

ചുമതല : സിനി, മറ്റ് അധ്യാപകർ

## സ്കൂൾ വിനോദ – പഠന യാത്രകൾ

പറളി ഹയർ സെക്കൻഡറി സ്കൂൾ



## വിദ്യാർത്ഥികൾക്കായുള്ള ഏകദിന വിനോദയാത്ര – യു. പി.

| | |
|---|---|
| സ്ഥലം | എറണാകുളം |
| തിയ്യതി | നവംബർ - ഡിസംബർ |
| സന്ദർശിക്കാനുദ്ദേശിക്കുന്ന സ്ഥലങ്ങൾ | മട്ടാഞ്ചേരി, ഫോർട്ട് കൊച്ചി, ഹിൽ പാലസ് |
| പ്രതീക്ഷിക്കുന്ന കുട്ടികളുടെ പങ്കാളിത്തം | 100 |
| അനുഗമിക്കുന്ന അധ്യാപകരുടെ എണ്ണം | എട്ട് അധ്യാപകർ, രണ്ട് പി.ടി.എ |
| പ്രതീക്ഷിക്കുന്ന ചിലവ് | 1,00,000.00 |
| ചുമതലയുള്ള അദ്ധ്യാപകർ | UP ക്ലാസ് അധ്യാപകർ & PTA |

## Expected Outcome

1. കുട്ടികളിൽ പുതുമയും ഉല്ലാസവും ഉണ്ടാക്കുന്നു.
2. കുട്ടികളിൽ തിരിച്ചറിവ് ഉണ്ടാക്കുന്നു.
3. വ്യത്യസ്ത സ്ഥലങ്ങളുടെ സാമൂഹികവും സാംസ്കാരികവും കാലാവസ്ഥാപരവുമായ വൈവിധ്യങ്ങൾ മനസ്സിലാക്കാൻ കുട്ടികൾക്ക് സാധിക്കുന്നു.
4. കുട്ടികൾ തമ്മിലുള്ള പരസ്പരബന്ധവും സൗഹൃദവും ഊട്ടിയുറപ്പിക്കുന്നു.
5. അധ്യാപകർക്ക് കുട്ടികളെ ആഴത്തിൽ മനസ്സിലാക്കാൻ സാധിക്കുന്നു.



## വിദ്യാർത്ഥികൾക്കായുള്ള ദീർഘദൂര വിനോദയാത്ര

| | |
|---|---|
| സ്ഥലം | ഊട്ടി |
| തിയ്യതി | ഒക്ടോബർ – നവംബർ |
| സന്ദർശിക്കാനുദ്ദേശിക്കുന്ന സ്ഥലങ്ങൾ | ബൊട്ടാണിക്കൽ ഗാർഡൻ,<br>കുതിരസവാരി, ടീ മ്യൂസിയം<br>മ്യൂസിയം, റോസ് ഗാർഡൻ |
| പ്രതീക്ഷിക്കുന്ന കുട്ടികളുടെ പങ്കാളിത്തം | 100 |
| അനുഗമിക്കുന്ന അധ്യാപകരുടെ എണ്ണം | എട്ട് അധ്യാപകർ, രണ്ട് പി.ടി.എ |
| പ്രതീക്ഷിക്കുന്ന ചിലവ് | 1,30,000.00 |
| ചുമതലയുള്ള അദ്ധ്യാപകർ | ക്ലാസ് ടീച്ചേഴ്സ്, പി.ടി.എ |

പറളി ഹയർ സെക്കൻഡറി സ്കൂൾ

### Expected Outcome

1. കുട്ടികളിൽ പുതുമയും ഉല്ലാസവും ഉണ്ടാക്കുന്നു.

2. ഇന്ത്യയുടെ പ്രധാന ചരിത്രസ്മാരകങ്ങൾ നേരിട്ട് കാണുന്നു.

3. വ്യത്യസ്ത സ്ഥലങ്ങളുടെ സാമൂഹികവും സാംസ്കാരികവും കാലാവസ്ഥാപര വുമായ വൈവിധ്യങ്ങൾ മനസ്സിലാക്കാൻ കുട്ടികൾക്ക് സാധിക്കുന്നു.

4. കുട്ടികൾ തമ്മിലുള്ള പരസ്പര ബന്ധവും സൗഹൃദവും ഊട്ടിയുറപ്പിക്കുന്നു.

5. അധ്യാപകർക്ക് കുട്ടികളെ ആഴത്തിൽ മനസ്സിലാക്കാൻ സാധിക്കുന്നു.

6. കുട്ടികൾക്ക് ഇന്ത്യാ ചരിത്രത്തെക്കുറിച്ചുള്ള നേർകാഴ്ചയും അവബോധവും നേടിയെടുക്കാൻ കഴിയുന്നു.

## വിദ്യാർത്ഥികൾക്കായുള്ള ത്രിദിന വിനോദയാത്ര

| | |
|---|---|
| സ്ഥലം | കർണ്ണാടക |
| തിയ്യതി | നവംബർ |
| സന്ദർശിക്കാനുദ്ദേശിക്കുന്ന സ്ഥലങ്ങൾ | മൈസൂർ പാലസ്, ശ്രീരംഗ പട്ടണം, ബോൺസായി മ്യൂസിയം, ചാമുണ്ഡി ഹിൽസ്. |
| പ്രതീക്ഷിക്കുന്ന കുട്ടികളുടെ പങ്കാളിത്തം | 100 |
| അനുഗമിക്കുന്ന അധ്യാപകരുടെ എണ്ണം | എട്ട് അധ്യാപകർ, രണ്ട് പി.ടി.എ |
| പ്രതീക്ഷിക്കുന്ന ചിലവ് | 2,50,000.00 |
| ചുമതലയുള്ള അദ്ധ്യാപകർ | പത്താം ക്ലാസ് അധ്യാപകർ & പി.ടി.എ |

പറളി ഹയർ സെക്കൻഡറി സ്കൂൾ

## Expected Outcome

1. കുട്ടികളിൽ പുതുമയും ഉല്ലാസവും ഉണ്ടാക്കുന്നു.

2. കുട്ടികളിൽ തിരിച്ചറിവ് ഉണ്ടാക്കുന്നു.

3. വ്യത്യസ്ത സ്ഥലങ്ങളുടെ സാമൂഹികവും സാംസ്കാരികവും കാലാവസ്ഥാപരവുമായ വൈവിദ്ധ്യങ്ങൾ മനസ്സിലാക്കാൻ കുട്ടികൾക്ക് സാധിക്കുന്നു.

4. കുട്ടികൾ തമ്മിലുള്ള പരസ്പരബന്ധവും സൗഹൃദവും ഊട്ടിയുറപ്പിക്കുന്നു.

5. അധ്യാപകർക്ക് കുട്ടികളെ ആഴത്തിൽ മനസ്സിലാക്കാൻ സാധിക്കുന്നു.

6. കുട്ടികൾക്ക് ഇന്ത്യാ ചരിത്രത്തെക്കുറിച്ചുള്ള നേർക്കാഴ്ചയും അവബോധവും നേടിയെടുക്കാൻ കഴിയുന്നു.

## വിദ്യാർത്ഥികൾക്കായുള്ള ഏകദിന വിനോദയാത്ര

| | |
|---|---|
| സ്ഥലം | തിരുവനന്തപുരം |
| തിയ്യതി | ഒക്ടോബർ |
| സന്ദർശിക്കാനുദ്ദേശിക്കുന്ന സ്ഥലങ്ങൾ | മ്യൂസിയം, കോവളം ബീച്ച്,<br>പൊന്മുടി ഹിൽ, മൃഗശാല etc |
| പ്രതീക്ഷിക്കുന്ന കുട്ടികളുടെ പങ്കാളിത്തം | 100 |
| അനുഗമിക്കുന്ന അധ്യാപകരുടെ എണ്ണം | എട്ട് അധ്യാപകർ, രണ്ട് പി.ടി.എ |
| പ്രതീക്ഷിക്കുന്ന ചിലവ് | 1,50,000.00 |
| ചുമതലയുള്ള അദ്ധ്യാപകർ | ക്ലാസ് അധ്യാപകർ & പി.ടി.എ |

## Expected Outcome

1. കുട്ടികളിൽ പുതുമയും ഉല്ലാസവും ഉണ്ടാക്കുന്നു.

2. കുട്ടികളിൽ തിരിച്ചറിവ് ഉണ്ടാക്കുന്നു.

3. വ്യത്യസ്ത സ്ഥലങ്ങളുടെ സാമൂഹികവും സാംസ്കാരികവും കാലാവസ്ഥാപരവുമായ വൈവിധ്യങ്ങൾ മനസ്സിലാക്കാൻ കുട്ടികൾക്ക് സാധിക്കുന്നു.

4. കുട്ടികൾ തമ്മിലുള്ള പരസ്പരബന്ധവും സൗഹൃദവും ഊട്ടിയുറപ്പിക്കുന്നു.

5. അധ്യാപകർക്ക് കുട്ടികളെ ആഴത്തിൽ മനസ്സിലാക്കാൻ സാധിക്കുന്നു.

6. കുട്ടികൾക്ക് ഇന്ത്യാ ചരിത്രത്തെക്കുറിച്ചുള്ള നേർക്കാഴ്ചയും അവബോധവും നേടിയെടുക്കാൻ കഴിയുന്നു.

7. കുളിരണിഞ്ഞ മലമ്പാതകളിലൂടെയും കാടുകളിലൂടെയും കാട്ടുമൃഗങ്ങൾക്കിടയിലൂടെയുള്ളമുള്ള യാത്ര കുട്ടികൾക്ക് പുതിയ ഒരനുഭവം നൽകുന്നു.

പറളി ഹയർ സെക്കൻഡറി സ്കൂൾ

## സ്റ്റാഫംഗങ്ങൾക്ക് മാത്രമായുള്ള വിനോദയാത്ര

| | |
|---|---|
| സ്ഥലം | കാശ്മീർ |
| തിയ്യതി | ഡിസംബർ |
| സന്ദർശിക്കാനുദ്ദേശിക്കുന്ന സ്ഥലങ്ങൾ | ടു ലിപ് ഗാർഡൻ, ശ്രീകേദാർനാഥ്, ഹാജൻ വാലി, ദാൽ തടാകം etc |
| അനുഗമിക്കുന്ന അധ്യാപകരുടെ എണ്ണം | 40 |
| പ്രതീക്ഷിക്കുന്ന ചിലവ് | 2,00,000.00 |
| ചുമതലയുള്ള അദ്ധ്യാപകർ | ടീച്ചർ കോ-ഓർഡിനേറ്റർ |

## Expected Outcome

1. തിരക്കുപിടിച്ച ഔദ്യോഗിക ജീവിതത്തിന്റെ സമ്മർദ്ദങ്ങളെ അതിജീവിക്കാൻ കഴിയുന്നു.
2. സ്റ്റാഫംഗങ്ങൾക്ക് പരസ്പരം കൂടുതൽ അടുത്തറിയാൻ സാധിക്കുന്നു.
3. സ്റ്റാഫംഗങ്ങളുടെ കലാപരമായ വിവിധ കഴിവുകൾ പ്രകടിപ്പിക്കാൻ കഴിയുന്നു.



| അക്കാദമിക് മാസ്റ്റർ പ്ലാൻ കമ്മിറ്റി | |
|---|---|
| ജ്യോതി ടി.വി. | ഹെഡ്മിസ്ട്രസ് |
| സുധ പി. | എസ്.ആർ.ജി. കൺവീനർ |
| ബിനിൽ കെ വിൽസൺ | കൺവീനർ |
| സച്ചിദാനന്ദൻ. പി.എ | സോഷ്യൽ സയൻസ് എച്ച് എസ്, വിഭാഗം. |
| പ്രബിത. ആർ.ജി | മലയാളം എച്ച്.എസ്. വിഭാഗം. |
| അരുണ. എ.ആർ | സംസ്കൃതം യു.പി. എച്ച്.എസ് വിഭാഗം |
| കമറുൽ ലൈല. എം | അറബിക് യു.പി., എച്ച്.എസ് വിഭാഗം |
| ബിനിത. കെ.പി | ഇംഗ്ലീഷ് എച്ച്.എസ് വിഭാഗം |
| സന്ധ്യ. ടി. | ഹിന്ദി, എച്ച്.എസ് വിഭാഗം |
| രതി. ആർ | സയൻസ്, എച്ച്.എസ്. വിഭാഗം |
| ശ്രീജയ എം. | ഗണിതം എച്ച്.എസ്. വിഭാഗം |
| വീണാ വാസ് പി.വി | മലയാളം, യു.പി. വിഭാഗം |
| ആതിര. പി.എ | ഇംഗ്ലീഷ്, യു.പി. വിഭാഗം |
| സൗമ്യ. എൻ | ഹിന്ദി, യു.പി. വിഭാഗം |
| അനിത. പി.എ | സയൻസ്, യു.പി. വിഭാഗം |
| ഷിന്റി. എ | സോഷ്യൽ സയൻസ്, യു.പി. വിഭാഗം |
| ദീപിക. ആർ | ഗണിതം, യു.പി. വിഭാഗം |
| പി.ജി. മനോജ് | കായികം |
| പി.എസ്. മുകേഷ് | കല |
| സിനിമോൾ ഇ.എം. | പ്രവർത്തി പരിചയം |
| രാഹുൽ കെ. | എൻ.സി.സി. |
| സുനിത യു. | ജെ.ആർ.സി. |
| സൗമ്യ മുരളി | ലിറ്റിൽ കൈറ്റ്സ് |
| ഷെറി ജെ | വിജയശ്രീ കൺവീനർ |

പറളി ഹയർ സെക്കൻഡറി സ്കൂൾ

